തിരുവനന്തപുരം ലത്തീൻ അതിരൂപത പ്രസിദ്ധീകരണം

# ജീവനും വെളിച്ചവും

മേയ് 2026



അവൻ പറഞ്ഞു:

എന്നെ അനുഗമിക്കുക...

# JUBILEE MEMORIAL HOSPITAL

NABH CERTIFIED

## Your Health is Our Priority

We offer a wide range of health and medical services



## 24 X 7

**BLOOD CENTRE**
**EMERGENCY DEPARTMENT**
**CRITICAL CARE UNIT**

FOR BOOKING

**0471 233 4561**
**0471 400 5300**

www.jubileehospital.org jubileehospital@hotmail.com

# ജീവനും വെളിച്ചവും

തിരുവനന്തപുരം ലത്തീൻ അതിരൂപത പ്രസിദ്ധീകരണം

2026 മേയ് | പുസ്തകം 69 | ലക്കം 5

**രക്ഷാധികാരി:**
മോസ്റ്റ്. റവ. ഡോ. തോമസ് ജെ. നെറ്റോ

**സഹരക്ഷാധികാരി:**
റൈറ്റ്. റവ. ഡോ. ക്രിസ്തുദാസ് ആർ.
മോൺ. യൂജിൻ എച്ച്. പെരേര

**ഉപദേശക സമിതി:**
ഫാ. ലോറൻസ് കുലാസ്
ഫാ. ഷാജു വില്യം
ഫാ. സനീഷ് എസ്. എം.
ഫാ. സജു റോൾഡോൻ
ഫാ. ആഷ്ലിൻ ജോസ്
ഫാ. ബീഡ് മനോജ്
ഫാ. ഡാർവിൻ ഫെർണാണ്ടസ്
ഫാ. റിച്ചാർഡ് സഖറിയാസ്
ഫാ. ലൂസിയാൻസ് തോമസ്
ഫാ. സിൽവസ്റ്റർ കുരിശ്
ഫാ.നിജു അജിത്ത്
ഫാ. ഫ്രെഡി സോളമൻ

**പത്രാധിപർ:**
ഫാ. വിജിൽ ജോർജ്ജ്

**സഹ പത്രാധിപർ:**
ബർഗ്മാൻ തോമസ്

**പത്രാധിപ സമിതി:**
മോൺ. ജയിംസ് കുലാസ്
ഇഗ്നേഷ്യസ് തോമസ്
സുനിൽ സി. ഇ.
ഡോ. ഐറിസ് കൊയ്ലിയോ
ജോൺസൺ റോച്ച്

**മാനേജർ (പരസ്യ വിഭാഗം):**
ഫാ. മനീഷ് പീറ്റർ

**കവർ & ലേ-ഔട്ട്:**
സതീഷ് ജി.

**വിലാസം**
ആർച്ച്ബിഷപ്സ് ഹൗസ്
വെള്ളയമ്പലം,
തിരുവനന്തപുരം- 695 003
0471- 2724001
jeevanumvelichavum@gmail.com
www.latinarchdiocesetrivandrum.org
www.archtvmnews.com

വില 30 രൂപ | വാർഷിക വരിസംഖ്യ- 360/-
അക്കൗണ്ട് വിവരം:
Editor, Jeevanum Velichavum
A/c No. 57027220934, IFSC- SBIN0070308
State Bank of India, Sasthamangalam

## മുഖവിചാരം

കത്തോലിക്കാസഭ ഉയിർപ്പുകാലത്തെ നാലാം ഞായർ നല്ലിടയൻ ഞായറായി ആഘോഷിക്കുന്നു. സഭയിൽ ഇടയ ദൗത്യം നിർവഹിച്ചുകൊണ്ടിരിക്കുന്ന വൈദികരെ നന്ദിയോടെ ഓർക്കാനും ദൈവവിളിക്കായി പ്രാർത്ഥിക്കാനുമുള്ള ദിനം. ദൈവവിളി, പ്രത്യേകിച്ചു പൗരോഹിത്യ സന്യസ്ത ജീവിതത്തിലേക്കുള്ള വിളി ദൈവത്തിന്റെ സൗജന്യ ദാനമാണ്. ആ വിളി സ്വീകരിക്കുന്നവർ തങ്ങളുടെ ഹൃദയങ്ങളുടെ ആഴങ്ങളിൽ ദൈവകൃപയുടെ അനുഭവങ്ങളിലേക്ക് എത്തിച്ചേരുന്നു.

ദൈവവിളിയേയും പ്രാർഥനയേയും സംബന്ധിച്ച പ്രശസ്തമായ ചെറുകഥയാണ് ലിയോ ടോൾസ്റ്റോയിയുടെ; മൂന്ന് സന്യാസിമാർ (The Three Hermits). ഒരു ആർച്ച് ബിഷപ് തീർഥാടകരോടൊപ്പം കപ്പലിൽ ആർച്ച്ഞ്ചലിൽനിന്ന് സോളോവെറ്റ്സ്ക് ആശ്രമത്തിലേക്ക് ആരാധനാലയങ്ങൾ സന്ദർശിക്കാൻ പോകുന്നിടത്താണ് കഥയാരംഭിക്കുന്നത്. വഴിമധ്യേ തീർഥാടകർ ബിഷപ്പിനോട് പ്രാകൃതരായ മൂന്നു സന്യാസിമാർ താമസിക്കുന്ന വിജനമായ ഒരു ദ്വീപിനെക്കുറിച്ച് പറയുന്നു. ബിഷപ് ആ ദ്വീപിലെത്തുകയും സന്യാസിമാരെ കാണുകയും ചെയ്യുന്നു. മൂന്നു സന്യാസിമാരും ലളിതവും എളിമയുള്ളതുമായ ജീവിതം നയിക്കുന്നുവെന്നും ദൈവത്തിലുള്ള ആഴമേറിയതും യഥാർഥവുമായ വിശ്വാസം അവർക്കുണ്ടെന്നും മനസ്സിലാക്കുന്നു. തങ്ങൾക്ക് പ്രാർഥന അറിയില്ലെന്നും, പകരം "ഞങ്ങൾ മൂന്ന് പേർ, നിങ്ങൾ മൂന്ന് പേർ, ഞങ്ങളോട് കരുണ കാണിക്കണമേ!" എന്ന് പ്രാർഥിക്കാറുണ്ടെന്നും അവർ ബിഷപ്പിനോട് പറയുന്നു. അവരുടെ പ്രാർഥനയിലെ അജ്ഞത കണ്ട് ബിഷപ് അവരെ ശാസിക്കുകയും, ശരിയായ 'കർത്താവിന്റെ പ്രാർഥന' (Lord's Prayer) പഠിപ്പിക്കുകയും ചെയ്യുന്നു. സന്യാസിമാർ അത് പഠിച്ചശേഷം ബിഷപ് മടങ്ങുന്നു. മടക്കയാത്രയിൽ, ബിഷപ് കടലിൽ ഒരു അദ്ഭുതം കാണുന്നു. മൂന്ന് സന്യാസിമാരും വെള്ളത്തിനു മുകളിലൂടെ നടന്ന് കപ്പലിനടുത്തേക്ക് വരുന്നു. ബിഷപ് പഠിപ്പിച്ച പ്രാർഥന മറന്നുപോയെന്നും, ദൈവത്തോട് പ്രാർഥിക്കാനുള്ള വാക്കുകൾ വീണ്ടും പഠിപ്പിക്കണമെന്നും താഴ്മയോടെ അപേക്ഷിക്കുന്നു. സന്യാസിമാരുടെ നിഷ്കളങ്കമായ വിശ്വാസവും പ്രാർഥനയും ദൈവത്തിന് സ്വീകാര്യമാണെന്ന് ബിഷപ് തിരിച്ചറിയുന്നു. അവരുടെ ഹൃദയശുദ്ധിയാണ് പ്രാർഥനയുടെ ശക്തിയെന്നും ദൈവവിശ്വാസത്തിന്റെയും പ്രാർഥനയുടെയും യഥാർഥ അർത്ഥം ഗ്രന്ഥങ്ങളിലല്ല, മറിച്ച് ഹൃദയശുദ്ധിയിലാണെന്നും അറിവിന്റെ ലോകം നാം നിശ്ചയിക്കപ്പെട്ട അതിരുകളാൽ നിയന്ത്രിതമല്ല എന്നും മനസ്സിലാക്കിയ ബിഷപ് അവരോട് പഴയതുപോലെ പ്രാർഥിക്കാൻ നിർദേശിക്കുന്നിടത്ത് കഥയവസാനിക്കുന്നു.

ക്രിസ്തുവിന്റെയൊപ്പം നടക്കാനും അവനെ കേൾക്കാനും അവന്റെ സുവിശേഷം പ്രസംഗിക്കാനും ബന്ധിതർക്ക് മോചനം നൽകാനുമാണ് ദൈവം നമ്മെ വിളിക്കുന്നത്. കൂട്ടുകാരെ, തിരക്കുകളുണ്ടെന്നറിയാം എന്നാലും ദൈവവിളികൾക്കായുള്ള പ്രാർഥനകളോടെ ക്രിസ്തുവിന്റെ ചാരെ ഇത്തിരിനേരം നമുക്കൊന്നു ഇരിക്കാം. ദൈവവിളിക്കായ് കാതോർക്കാം...




## ഹൃദയംതൊടുന്ന ഉത്ഥാന സന്ദേശം

ജെസ്സി പീറ്റർ, പൂത്തുറ

അഭിവന്ദ്യ തോമസ് ജെ. നെറ്റോ പിതാവിന്റെ ഉയിർപ്പ് സന്ദേശം ഹൃദയത്തെ തൊടുന്നതായിരുന്നു. ക്രിസ്തു കൂടെ ഇല്ലാത്ത അവസ്ഥകൾ ക്രിസ്ത്യാനിയെ സംബന്ധിച്ചിടത്തോളം അചിന്തനീയമാണ്. ക്രൈസ്തവ ജീവിതത്തിന്റെ ഉത്കൃഷ്ടത നിറഞ്ഞിരിക്കുന്നത് ക്രിസ്തുനാഥന്റെ കൂടെയായിരിക്കുന്ന അവസ്ഥയിലാണ്. എമ്മാവൂസിലേക്കുള്ള യാത്രയിലായിരിക്കണം എന്നും ഓരോ ക്രിസ്ത്യാനിയും. അപ്പോൾമാത്രമേ ഹൃദയങ്ങൾ ആത്മീയമായി ജ്വലിക്കുകയുള്ളൂ. ഓശാന പാടിയവർതന്നെ അവനെ ക്രൂശിക്ക, അവനെ ക്രൂശിക്ക എന്ന് ആക്രോശിക്കും.

പാദം കഴുകി ചുംബിച്ചവനെത്തന്നെ ഒറ്റച്ചുംബനംകൊണ്ട് ഒറ്റിക്കൊടുക്കും. കൂടെയായിരുന്നവർ കൂട്ടംവിട്ടോടും. തള്ളിപ്പറയും. പ്രത്യാശനിറഞ്ഞ ഈസ്റ്ററിന്റെ ചൈതന്യംനിറഞ്ഞ ഉത്ഥാന സന്ദേശത്തിന് നന്ദി.

## പ്രാർഥനാനിർഭരമായ ഒരു ജീവിതം

വിജയമ്മ, ജൂബിലി ആശുപത്രി, പാളയം

സൂസപാക്യം പിതാവിനെക്കുറിച്ച് വർഗീസ് ജോസഫച്ചനും ദേവപ്രസാദും എ കെ ബാലനും എഴുതിയത് കണ്ണുകളെ ഈറനണിയിച്ചു. വിശ്രമജീവിതം നയിക്കുമ്പോഴും രോഗപീഡകൾ ശല്യംചെയ്യുമ്പോഴും അദ്ദേഹം കർമ്മോത്സുകനാണ്. അതിരൂപതയുടെ പൊതുപരിപാടികളിൽ പിതാവിന്റെ സാന്നിധ്യം കുളിർമഴപോലെയാണ്. ആ സ്നേഹസാമീപ്യം ഒരനുഗ്രഹധാരയാണ്. കാരമൂട് സെമിനാരിയിൽ ആയിരുന്നാലും പ്രീസ്റ്റ്ഹോമിലായാലും പ്രാർഥനയുടെ ആൾരൂപമാണ് അദ്ദേഹം. കരങ്ങൾക്കുള്ളിൽ ആയിരിക്കുന്ന ജപമാലയിൽ മുറുകെപ്പിടിച്ച് ജപമാല രഹസ്യങ്ങളിലൂടെയുള്ള തീർഥയാത്രയിലാണ് ആ പ്രാർഥനാമനസ്സ്. പരിശുദ്ധ അമ്മ തന്റെ നീല മേലങ്കിക്കുള്ളിൽ അതിരൂപതയുടെ സ്നേഹപിതാവിനെ പൊതിഞ്ഞു സംരക്ഷിച്ചിരിക്കുന്നു. സൂസപാക്യം പിതാവിനെപ്പോലെ അതീവ ഭക്തിനിർഭരതാളത്തിൽ കുർബാന ചൊല്ലുന്നവർ വിരളം. മൂന്നു പതിറ്റാണ്ടിലേറെ രൂപതയെ നയിച്ച സൂസപാ ക്യം പിതാവിന് ആയുരാരോഗ്യ സൗഖ്യവും പ്രാർഥനാശംസകളും നേരുന്നു.

## ഐറിസും മഗ്ദലനയും

ആൻ ഫ്രാൻസിസ്, പൂവാർ

ഐറിസിന്റെ 'മഗ്ദലനയുടെ പെസഹാക്കാലം' എന്ന കവിത ഇഷ്ടമായി. കാലികപ്രസക്തമായ കവിത. ഇന്നും മഗ്ദലനമാരെ കല്ലെറിഞ്ഞു കൊല്ലാൻ മത്സരിക്കുന്നു. ഒരുവേള അവരുടെ പിന്നാലെ പോകുന്നവർതന്നെ തരം കിട്ടുമ്പോൾ കല്ലെറിയാൻ കൊതിക്കും. മറ്റുള്ളവരെ വിധിക്കാനും വധിക്കാനും വെമ്പൽ കൊള്ളുന്നവർക്കുള്ള ശക്തമായ താക്കീതാണ് ക്രിസ്തുവിന്റെ വിധിന്യായം. 'പാപം ചെയ്യാത്തവർ കല്ലെറിയട്ടെ' എന്ന ദൈവപുത്രന്റെ വാക്കുകളിൽ എല്ലാം അടങ്ങിയിരിക്കുന്നു. ഇനിമേൽ പാപം ചെയ്യരുതെന്ന ഓർമപ്പെടുത്തലിലും എല്ലാം അന്തർലീനമാണ്. ഹൃദയത്തിന്റെ അഗാധതലങ്ങളെ സ്പർശിച്ച കവിതയ്ക്ക് നന്ദി, ഐറിസിനും.

## സമാധാനം നിങ്ങളോടുകൂടെ

താർത്തിയൂസ്, പരുത്തിയൂർ

ലോറൻസച്ചന്റെ ഉയിർപ്പ് തിരുനാളിനെയും തിരഞ്ഞെടുപ്പിനെയും സമകാല യുദ്ധസംഭവങ്ങളെയും കൂട്ടിയിണക്കിയ 'ഉത്ഥിതന്റെ സമ്മാനം: സമാധാനം നിങ്ങളോടുകൂടെ' എന്ന ലേഖനം അർഥവത്തായിരുന്നു. ഭയപ്പെടേണ്ടാ നിങ്ങൾക്ക് സമാധാനം എന്നും ക്രിസ്തുനാഥൻ ആവർത്തിച്ചു പറയുന്നു. യഥാർഥത്തിൽ, ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരു വിധത്തിൽ എല്ലാവരെയും ഭയം വ്യത്യസ്ത രൂപത്തിൽ പിടികൂടിയിരിക്കുന്നു. ആർക്കും ഒരിടത്തും സമാധാനമില്ല എന്നത് തികച്ചും സത്യം. ബൈബിൾ രഹസ്യങ്ങൾ ലളിതമായി വ്യാഖ്യാനിച്ചു തരുന്ന ലോറൻസച്ചന്റെ മികവ് ഈ ലേഖനത്തിന്റെയും സൗന്ദര്യം വർധിപ്പിച്ചിരിക്കുന്നു. അഭിനന്ദനങ്ങൾ..

## വിശ്വാസോത്സവം

മേരി ദാസൻ, മര്യനാട്

അവധിക്കാല വിശ്വാസോത്സവത്തെക്കുറിച്ച് പ്രീതി ഫ്രാങ്ക്ളിൻ എഴുതിയ ലേഖനം നല്ല നിലവാരം പുലർത്തി. കുട്ടികളെയും യുവജനങ്ങളെയും വിശ്വാസത്തിൽ വളർത്താൻ, ആത്മീയ നന്മകൾ നിറയ്ക്കാൻ വിശ്വാസോത്സവം അനിവാര്യമാണ്. വിശ്വാസമുള്ള തലമുറയാണ് ഭാവിയുടെ കരുത്തും സഭയുടെ കൈത്താങ്ങും.

സുനിലച്ചന്റെ ഭീഷ്മർ എന്ന സിനിമയുടെ വായനയും നന്നായിരുന്നു. ആ സിനിമയിലെ പ്രണയത്തിന്റെ രസതന്ത്രം മനസ്സിലാക്കുന്നതിന് അച്ചന്റെ എഴുത്ത് സഹായിച്ചു. ടാക്കീസ് വായിക്കാൻ ഒരാവേശമാണ്.



# താളുകളിൽ


## ഫീച്ചർ

06 വിളിക്കപ്പെട്ട ജീവിതം: എല്ലാംവിട്ട് യേശുവിനെ പിന്തുടരുന്നവരുടെ കഥ
സിസിറ്റർ വിജിനി വിക്ടർ

## ലേഖനം

10 പുണ്യജപങ്ങളിൽ കതിരിടുന്ന കർമഭൂമികൾ
ഡോ. മിലാനി മേരി പോൾ

14 ക്രിസ്തുവിനെ സാക്ഷ്യംവഹിക്കൽ: ഡിജിറ്റൽ കാലഘട്ടത്തിൽ
സിസ്റ്റർ ലിസി മരുതനാക്കുഴി

18 തച്ചന്റെ നെഞ്ചിലെ തീക്കനൽ
ഫാ. ഇമ്മാനുവേൽ

25 സാന്ത്വനം ആരോഗ്യ സമൃദ്ധി പുരോഗമന പാതയിൽ
റവ. ഡോ. ലെനിൻ രാജ് റ്റി.

27 മണലിലെ രാജാവ് : ഇനി ഇന്ത്യയെ നയിക്കും
ആൻലെറ്റ് നെവി. ജെ

## കവിത

13 ഭിക്ഷ
ഫാ. തോമസ് പാട്ടത്തിൽചിറ CMF

29 രക്തക്കുരിശ്
കെ.എഫ്. രാജേഷ്

## കഥ

20 സെൽഫി
ഫാ. ജിജി കലവനാൽ

## ചരിത്രപഥം

30 തിരുവനന്തപുരം അതിരൂപത നവതി ആഘോഷിക്കാനൊരുങ്ങുമ്പോൾ – 4
ഇഗ്നേഷ്യസ് തോമസ്

## കാനോൻ നിയമം

17 മൃതശരീരം ദഹിപ്പിക്കാനുള്ള സാഹചര്യവും മാനദണ്ഡവും
ഫാ. ജോസ് ജി

## ടാക്കീസ്

32 കാലത്തിലേക്കുള്ള കയറിനിൽപ്പുകൾ (വാഴ–2 എന്ന സിനിമയുടെ വായന)
സുനിൽ സി. ഇ.

## നേർക്കാഴ്ച

42 എഫ്.സി.ആർ.എ നിയമ ഭേദഗതി ബിൽ ആശങ്കകൾ
ജെ. സി.


34 വചന ജ്വാല


38 നീർച്ചാൽ

36 വാർത്തകൾ














•ഫീച്ചർ •സിസിറ്റർ വിജിനി വിക്ടർ
Oblate Sisters of Sacred Heart of Jesus



# വിളിക്കപ്പെട്ട ജീവിതം: എല്ലാംവിട്ട് യേശുവിനെ പിന്തുടരുന്നവരുടെ കഥ

ഒരു ശബ്ദം... ഒരു മാറ്റം... ഒരു പുതിയ ജീവിതം... ഇന്നത്തെ യുവജനങ്ങളുടെ സ്വപ്നങ്ങൾ സുവ്യക്തമാണ്: നല്ല വിദ്യാഭ്യാസം, ഉയർന്ന ശമ്പളം, സ്ഥിരതയുള്ള ജോലി... ഇൻഫോസിസ്, റ്റി.സി.എസ് പോലുള്ള വലിയ കമ്പനികളിൽ ജോലി നേടുകയെന്നത് പലരും ഒരു ജീവിത വിജയമായി കരുതുന്നു. എന്നാൽ, ഈ വിജയത്തിന്റെ നടുവിലും ചില ഹൃദയങ്ങളിൽ ഒരു ശബ്ദം മുഴങ്ങുന്നു: 'എന്നെ പിന്തുടരൂ...' ആ ശബ്ദം ഒരു സാധാരണ ചിന്തയല്ല; അതൊരു ദൈവവിളിയാണ്, ജീവിതത്തിന്റെ ദിശതന്നെ മാറ്റുന്ന ഒരു ആഹ്വാനം.

## When success was not enough

വൊക്കേഷൻ ഒരു തൊഴിൽമാർഗം അല്ല, ഒരു കരിയർ ചോയിസ് അല്ല. ദൈവം വ്യക്തിപരമായി നമ്മെ വിളിക്കുന്ന ഒരു ആഹ്വാനമാണ്. God's Call+My 'Yes' = Vocation

## A Call that needs a Response

ബൈബിളിൽ ഉടനീളം ധാരാളം പേരെ വിളിക്കുന്നതായി നാം കാണുന്നു. വിളിക്കപ്പെട്ട ആളുടെ പ്രത്യുത്തരം കൂടി ഉണ്ടാകുമ്പോൾ ആണ് ദൈവവിളിക്ക് അർഥം ഉണ്ടാകുന്നത് കൂട്ടത്തിൽ പ്രത്യേകമായി നോട്ടമിട്ടതുകൊണ്ടാണ് എന്റെ ദൈവവിളി തിരഞ്ഞെടുപ്പ് ആകുന്നത്. വിളഞ്ഞു പാകമായി നിൽക്കുന്ന വയലേലകളെ നോക്കി ഒരിക്കൽ ഗുരു മനസ്സ് സങ്കടപ്പെട്ടു. പക്ഷേ വേലക്കാർ വിരളം. ഗുരുവിന്റെ വേദനകൾ കാലം നെഞ്ചിലേറ്റി വിതയ്ക്കാനും വിളവേകാനും ആത്മാവ് ആയിരങ്ങളെ ഉണർത്തി. ഇനി ഒരു ആത്മശോധനയുടെ കാലമാണ് വചനം വായിക്കാനും പ്രഘോഷിക്കാനും മാത്രമുള്ളതല്ല ജീവിക്കാനും ഉള്ളതാണെന്ന് എവിടെ വച്ചാണ് നാം മറന്നതെന്ന് സ്വയം തിരക്കണം.

തീ പടർന്ന കൺവെൻഷൻ പന്തലുകൾക്ക് വെളിയിൽ ജീവിതം പഴയ ലോഹലായനി പോലെ തണുത്തുറഞ്ഞു പോയത് എന്തേ എന്ന് സങ്കടപ്പെടണം. വചനത്തിനു മുൻപിൽ അസ്വസ്ഥയായ ഒരു യഹൂദ പെൺകുട്ടിയുടെ ജീവിതം പകർന്ന വെളിച്ചത്തെ ജപമാല മണികളിൽ മാത്രം കുരുക്കിയിട്ടു. എന്നിരിക്കലും പരിശുദ്ധാത്മാവിന്റെ പ്രചോദനത്താൽ ഉത്ഥിതനായവനെ ഉത്സാഹത്തോടെ പ്രഘോഷിക്കാൻ പലരും വീടുവിട്ടിറങ്ങി അവരുടെ ജീവിത സാക്ഷ്യങ്ങളിലൂടെ നമുക്ക് യാത്ര ചെയ്യാം.


“ദൈവം വരയ്ക്കുന്ന വരയിലൂടെ ഞാൻ നടക്കാൻ ശ്രമിക്കുമ്പോഴാണ് എന്റെ ആത്മീയതയും സമർപ്പണവും പൂർണത പ്രാപിക്കുന്നത്.“

# വൊക്കേഷൻ - വിളിക്കപ്പെട്ടവരുടെ സ്വന്തം വാക്കുകളിൽ

## സിസ്റ്റർ ലിസ്മി പറയിൽ



ഇന്ത്യയിലെ ആദ്യത്തെ 'ക്യാമറ കന്യാസ്ത്രീ' എന്നറിയപ്പെടുന്ന സിസ്റ്റർ ലിസ്മി പറയിൽ, 1,500-ലധികം ഷോർട്ട് ഫിലിമുകളും ഡോക്യുമെന്ററികളും നിർമിച്ച പ്രശസ്തയായ സിനിമാട്ടോഗ്രാഫറാണ്. സിനിമാട്ടോഗ്രാഫിയിലെ മികവിന് ഇന്ത്യാ ബുക്ക് ഓഫ് റെക്കോർഡ്സിൽ ഇടംപിടിച്ച ആദ്യ കത്തോലിക്കാ കന്യാസ്ത്രീ.

## സിസ്റ്റർ സോണിയ കെ. ചാക്കോ (Daughters of Charity)



സിസ്റ്റർ സോണിയയുടേത് സാധാരണ ജീവിതമല്ല; ദൈവം കാണിച്ച വഴികളിലൂടെ, ആവശ്യമായിടങ്ങളിലേക്ക് നീങ്ങുന്ന ഒരു മിഷൻ ജീവിതമാണ്. സേവനത്തിലൂടെ മാത്രമല്ല, അനീതി, മനുഷ്യാവകാശലംഘനങ്ങൾ എന്നിവയ്ക്കെതിരെ ധൈര്യമായി ശബ്ദം ഉയർത്തുന്ന വ്യക്തികൂടിയാണ്.

"ഞങ്ങൾക്ക് ആവശ്യമുള്ളിടത്ത് സേവിക്കാൻ ഞങ്ങൾ വിളിക്കപ്പെട്ടവരാണ്. എന്റെ വൊക്കേഷൻ ഒരു സ്ഥാനം അല്ല; ഒരു സേവനയാത്രയും നീതിയുടെ വിളിയുമാണ്."

## സിസ്റ്റർ ക്രിസ്റ്റി ബാബു (MSMI)



ഇൻഫോസിസ് പോലുള്ള ഉയർന്ന കരിയർ അവസരങ്ങൾ ഉപേക്ഷിച്ച് യേശുവിനെ പിന്തുടരാൻ 'Yes' പറഞ്ഞ ഒരു ജീവിതസാക്ഷ്യം.

"ഞാൻ പലതും ഉപേക്ഷിച്ചു, പക്ഷേ ഞാൻ നേടിയത് ജീവിതത്തിലെ ഏറ്റവും വലിയ സന്തോഷം."

## സിസ്റ്റർ ജിംസി HH (പ്രത്യാശയുടെ ദാസിമാർ)



ചെന്നൈ നഗരത്തിലെ സിവിൽഎഞ്ചിനീയർ ജോലിയെന്ന സ്വപ്നങ്ങളേക്കാൾ, തന്നെ തഴുകിയ ആ ശാന്തമായ മൃദുസ്വരം തിരിച്ചറിഞ്ഞ ധന്യജീവിതം.

"ഞാൻ ഒന്നും ഉപേക്ഷിച്ചിട്ടില്ല, മറിച്ച് കാലങ്ങളായി എന്റെ 'അതെ' എന്ന വാക്കിനായി കാത്തിരുന്ന എന്റെ മണവാളനായ കർത്താവിനായി എല്ലാം മാറ്റിവെച്ചു എന്ന് പറയുന്നതാകും കൂടുതൽ ശരി. അതെ! ഞാൻ,എന്റെ ഈശോയുടെ ശ്വാസത്തിന്റെ ശ്വാസം... ശ്വസിക്കുന്ന ഓരോ തന്മാത്രയിലും അവനായിമാത്രം ജീവിക്കാൻ കൊതിക്കുന്നവളാകാൻ ആഗ്രഹിക്കുന്നു.'

## സിസ്റ്റർ റീഷ്മ സെമൺ HH (പ്രത്യാശയുടെ ദാസിമാർ)



ദൈവത്തിന്റെ വിരലുകൾ മീട്ടുന്ന ഒരു വീണപോലെ, തന്റെ ഇഷ്ടങ്ങളെല്ലാം ആ മണവാളന്റെ സ്വരത്തിനായി മാറ്റിവച്ച ജീവിതം. ഡിഗ്രി പഠനത്തിനുശേഷം ലോകം വച്ചുനീട്ടിയ അവസരങ്ങളേക്കാൾ, ക്രിസ്തുവിന്റെ സ്നേഹപാശത്താൽ ആകർഷിക്കപ്പെട്ട സമർപ്പിത.

"സ്വർഗത്തിൽ അങ്ങല്ലാതെ ആരാണ് എനിക്കുള്ളത്? ഭൂമിയിലും അങ്ങയെ അല്ലാതെ ഞാനാരെയും ആഗ്രഹിക്കുന്നില്ല." (സങ്കീ 73:25)

"ലോകം നൽകുന്ന വലിയ അവസരങ്ങളേക്കാൾ, എന്നെ വിളിച്ചവന്റെ വാക്കുകൾക്ക് "അതെ" എന്ന് പറയാൻ കഴിഞ്ഞതാണ് എന്റെ ജീവിതത്തിലെ ഏറ്റവും വലിയ ധന്യത. എന്റെ വഴിയിൽ തടസ്സങ്ങളുണ്ടാകാം, പക്ഷേ ഞാൻ ഭയപ്പെടുന്നില്ല. കാരണം, എന്റെ ജീവിതത്തിന്റെ കപ്പിത്താൻ അവനാണ്. വിളിച്ചവൻ വിളിച്ചിട്ടുണ്ടെങ്കിൽ അവൻ തന്നെ കരുതിക്കൊള്ളും.

## ഫാ. സജിത് സോളമൻ ആൽബർട്ട്



എഞ്ചിനീയറിംഗ് വിദ്യാർഥിയായിരുന്നു. കുടുംബം, ഒരു പെൺകുട്ടിയുമായി വിവാഹത്തിനായി പരിഗണിച്ചിരുന്ന സമയത്ത്, ധ്യാനത്തിൽ യേശുവിന്റെ സ്നേഹസ്പർശം അനുഭവിച്ചു. ആ അനുഭവം ദൈവത്തിന്റെ വിളിയിലേയ്ക്ക് നയിച്ചു. പിന്നീട്, ഒരു കുഞ്ഞിന് ജ്ഞാനസ്നാനം നല്കുമ്പോൾ, ആ കുഞ്ഞ് കുടുംബം പരിഗണിച്ചിരുന്ന പെൺകുട്ടിയുടെ കുഞ്ഞാണെന്ന് തിരിച്ചറിഞ്ഞത് ജീവിതത്തിലെ ശക്തമായ ദൈവചിഹ്നമായി മാറി. ശാലോം ടിവിയിലെ 'Yes Lord' പ്രോഗ്രാമിലൂടെ പങ്കുവയ്ക്കുന്ന സന്ദേശം:

"'ദൈവം ഒരൊറ്റ നിമിഷത്തിൽ മനുഷ്യന്റെ പദ്ധതികൾ മാറ്റി തന്റെ പദ്ധതിയിലേയ്ക്ക് നയിക്കാം."

## ഫാ. ബോബി ജോസ് കട്ടിക്കാട്



ഫാ. ബോബി ജോസ് കട്ടിക്കാടിന്റെ ദൈവവിളി ജീവിതം, ദൈവം സാധാരണ മനുഷ്യഹൃദയങ്ങളെ എങ്ങനെ അസാധാരണ ദൗത്യത്തിനായി തിരഞ്ഞെടുത്തുകൊള്ളുന്നു എന്നതിന്റെ മനോഹരമായ സാക്ഷ്യമാണ്. ബാല്യകാലം മുതലേ വിശ്വാസം, പ്രാർഥന, ദൈവസേവനത്തിൽ സമർപ്പിതരായ വൈദികരുടെ ജീവിതസാക്ഷ്യം എന്നിവ അദ്ദേഹത്തെ ആഴത്തിൽ സ്വാധീനിച്ചു. ജീവിതത്തിന്റെ സ്വപ്നങ്ങളുടെയും വെല്ലുവിളികളുടെയും ഇടയിൽ, ക്രിസ്തു തന്റെ ഹൃദയത്തിൽ നൽകുന്ന പ്രത്യേകമായ വിളി അദ്ദേഹം ക്രമേണ തിരിച്ചറിഞ്ഞു. ധൈര്യത്തോടും വിശ്വാസത്തോടും കൂടെ ആ വിളിക്ക് മറുപടി നൽകി, ഫാ. ബോബി വൈദിക-സന്യാസജീവിതത്തിന്റെ പാത തിരഞ്ഞെടുത്തു. അദ്ദേഹത്തിന്റെ ജീവിതയാത്ര നമ്മെ പഠിപ്പിക്കുന്നത്, ദൈവവിളി ഒരു തൊഴിൽമാത്രമല്ല; പ്രാർഥനയിലും ത്യാഗത്തിലും ദൈവഹിതത്തോടുള്ള ആവേശത്തിലും വളരുന്ന ഒരു ദൈവിക ദൗത്യമാണെന്നതാണ്. ഇന്ന് തന്റെ പ്രചോദനാത്മക വചനങ്ങളാലും ശുശ്രൂഷയാലും അനേകരെ ക്രിസ്തുവിലേക്കു നയിക്കുന്ന അദ്ദേഹം, ദൈവത്തോട് “അതെ” എന്നു പറയുന്ന ഒരു ജീവിതം അനേകർക്ക് അനുഗ്രഹമാകുന്നുവെന്ന് തെളിയിച്ചുകൊണ്ടിരിക്കുന്നു.

## ഫാ. അരുൺ മാത്യു തൈപറമ്പിൽ (കൊച്ചി രൂപത), കെആർഎൽസിബിസി ബാലകമ്മീഷൻ ഡയറക്ടർ



ദൈവവിളിയോട് ഹൃദയം തുറന്ന് “കുട്ടികളിലൂടെ ക്രിസ്തുവിനെ സേവിക്കാം” എന്ന ആത്മസമർപ്പണത്തോടെ പുരോഹിതവഴി തിരഞ്ഞെടുത്ത ശുശ്രൂഷകൻ. ബാല്യത്തിലെ വിശ്വാസവിത്തുകളും സഭാസേവനത്തിലെ ആകാംക്ഷയും അദ്ദേഹത്തെ ദൈവവിളിയിലേക്ക് നയിച്ചു. ഇന്ന് കുട്ടികളുടെ വിശ്വാസവളർച്ചക്കും സംരക്ഷണത്തിനുമായി പ്രവർത്തിച്ച്, തന്റെ ജീവിതം ദൈവത്തിനും സമൂഹത്തിനും സമർപ്പിച്ചിരിക്കുന്ന അദ്ദേഹം, യുവജനങ്ങൾക്ക് മ്യൂസിക് ബാൻൻഡിലൂടെ ദൈവവിളിയുടെ മനോഹാരിത പകർന്നുനൽകുന്ന പ്രചോദനമായ സാന്നിധ്യമാണ്.

## ഫാ. ബിബിൻ ജോർജ്ജ് (Singer & Social Media Evangelist)



സോഷ്യൽ മീഡിയയിലൂടെ ഗാനങ്ങളും സന്ദേശങ്ങളും യുവജനങ്ങളിലേക്ക് എത്തിക്കുന്ന വൈദികൻ.

**"എന്റെ പാട്ടുകൾ, വിനോദമല്ല; പ്രാർഥനയാണ്."**

## ഫാ. സച്ചിൻ കപ്പൂച്ചിൻ (OFM Cap)



സോഷ്യൽ മീഡിയയെ ദൈവവചനത്തിന്റെ വേദിയായി മാറ്റിയ കപ്പൂച്ചിൻ വൈദികൻ. ശാലോം ടി.വി. ഉൾപ്പെടെ വിവിധ ക്രിസ്തീയ ടെലിവിഷൻ പ്രോഗ്രാമുകളിൽ പ്രത്യക്ഷപ്പെട്ട് യുവജനങ്ങളിലേക്ക് ആത്മീയ സന്ദേശങ്ങൾ എത്തിക്കുന്നു. സംഗീതവും സന്ദേശവും ശുശ്രൂഷയുടെ ഭാഗമായി കരുതുന്നു.

**'Music as Ministry - Evangelization through Joy.'**

## Br. ലിജിൻ കപ്പൂച്ചിൻ (OFM Cap)



'ഈശോയുടെ കപ്പൂച്ചിൻ' എന്ന പേരിൽ അറിയപ്പെടുന്ന സെമിനാരിസ്റ്റ്. ഒരു ഡാൻസർ കൂടിയാണ്; തന്റെ ഡാൻസിലൂടെ യുവജനങ്ങളെ ആകർഷിക്കുകയും ആത്മീയമായി പ്രചോദിപ്പിക്കുകയും ചെയ്യുന്നു. വിവിധ ടിവി പ്രോഗ്രാമുകളിൽ പ്രത്യക്ഷപ്പെട്ട് തന്റെ സാക്ഷ്യം പങ്കുവയ്ക്കുന്നു.

**"ദൈവവിളി എന്നത് ഈശോയുടെ കുരിശ് വഹിക്കുവാൻ യോഗ്യതയുള്ള പാപികൾക്കുമാത്രം നൽകപ്പെടുന്ന ഒന്നാണ്."**

## ഫാ. രജീഷ് രാജൻ



എഞ്ചിനീയറായിരുന്നു. ജപമാലയുടെ ശക്തി അനുഭവിച്ച് ദൈവവിളിയിലേയ്ക്ക് തിരിഞ്ഞു.

**'Rosary is not just a prayer, it is a power'**
**എന്ന അനുഭവം യേശുവിനെ പിന്തുടരാൻ സഹായിച്ചു.**

ലേഖനം • ഡോ. മിലാനി മേരി പോൾ



# പുണ്യജപങ്ങളിൽ കതിരിടുന്ന കർമഭൂമികൾ

**അധ്വാനപൂർണവും ക്ലേശഭൂയിഷ്ഠവുമായ ഒരു ജീവിതം നയിച്ച വിശുദ്ധ യൗസേപ്പ് പിതാവ്, ഏറ്റവും സാധാരണ ജീവിതം ജീവിച്ചുപോകുന്ന മനുഷ്യർക്ക് ദൈവത്തിന്റെ അദൃശ്യമായ സാന്നിധ്യം തങ്ങളുടെ തൊഴിലിടങ്ങളിൽ ഉറപ്പുനൽകുന്നു.**



ഋതുക്കൾപോലെ ഇടങ്ങൾ പലതാണ്. ഓരോന്നിനും ഓരോ നിറം... ഭാവം... അതിൽ തൊഴിലിടങ്ങൾക്കായി ആയുസ്സിന്റെ വസന്തകാലമത്രയും നീക്കിവെയ്ക്കുന്നവരാണ് അധികവും. പലപ്പോഴും ഒരു പങ്കാളിക്ക് കിട്ടുന്നതിലും കൂടുതൽ...! ഓരോ ദിവസവും എത്രമാത്രം ആത്മശോധനയിലൂടെയാണ് ആയിടം നമ്മെ കടത്തി വിടുന്നത്...!!

വിമൻസ് ഡേയോടനുബന്ധിച്ച് ഒരു ക്ഷണം ലഭിച്ചത് ഒരു പറ്റം സ്പെഷ്യൽ കിഡ്സ്സിന്റെ അമ്മമാരുടെ കൂട്ടായ്മയിലേക്കാണ്. ഓട്ടിസംപോലുള്ള അവസ്ഥകളോട് മല്ലടിക്കുന്ന തങ്ങളുടെ കുഞ്ഞുങ്ങൾക്ക് ശ്വാസമാകുന്ന കുറേ അമ്മമാർ. അവരിൽ ചിലരൊക്കെ ഉദ്യോഗസ്ഥർകൂടിയാണ്. കൂടെയിരുന്ന പാടിയ പാട്ടും ആട്ടവും കുറച്ച് ധ്യാനവുമൊക്കെ അവരെ തണുപ്പിക്കുന്നുണ്ട്. സെഷനുശേഷം അവരൊക്കെ എന്തുമാത്രം ഉണർവുള്ളവരായി മാറി എന്ന് നേരിട്ട് കണ്ടറിഞ്ഞതാണ്. തീക്ഷ്ണമായ സമർപ്പണം അനിവാര്യം. അതോടൊപ്പം കുറച്ച് സന്തോഷങ്ങൾ കൂടി തൊഴിലിടങ്ങൾ അർഹിക്കുന്നുണ്ട്.

വളരെയധികം വിജയം കൈവരിച്ച ഒരു വസ്ത്രവ്യാപാരസംരംഭക തന്റെ സ്റ്റാഫുമൊത്തുള്ള സന്തോഷനൃത്തങ്ങളുടെ റീൽസ് ഇട്ടിരിക്കുന്നത് ഈയിടെ കണ്ടു. വൈറൽ ആണ്. മനസ്സ് തുറന്നുള്ള ചിരികൾ... കണ്ടപ്പോൾ ഓർമ വന്നത് കളിപ്പാട്ടം സിനിമയിലെ ഒരു ഗാനമാണ്; "വിശ്രമ വേളകൾ ആനന്ദമാക്കരുതോ...." കൺപീലികൾ പിടപ്പിച്ച് ഉർവശി അന്നേ അത് പാടിയതാണ്...! എങ്കിലും കാഠിന്യം പലപ്പോഴും നിലനിൽക്കുന്നു. അടഞ്ഞുപോയ പലതിന്റെയും ഊർജം കർമഭൂമിയിൽത്തന്നെ വീണ്ടെടുക്കുക എന്നതാണ്. കൊടും ശൈത്യത്തിൽമാത്രം വിരിയുന്ന മഞ്ഞുപുഷ്പങ്ങൾ പോലെ ഉള്ളിലറിയാതെ തഴുതിട്ട് കിടക്കുന്ന സർഗാത്മകത തൊഴിലിടങ്ങളിലെ കഠിനകാലങ്ങളിൽ മാത്രം പുഷ്പിക്കുന്നു എന്ന് സമ്മതിക്കുന്നവരുമുണ്ട്.

ചാൾസ് ഡിക്കൻസിന്റെ ബാല്യം വായിച്ചതോർക്കുന്നു. ക്ലേശകരമായിരുന്ന കുടുംബത്തിന്റെ ചുമടെടുത്ത കൗമാരം. പിതാവ് തടവിലായതോടെ വീട് നഷ്ടമായി. സ്കൂൾ വിട്ടു. 10 മണിക്കൂറോളം ദിവസവും ബ്ലാക്കിംഗ് വെയർഹൗസിൽ ജോലി ചെയ്യാൻ നിർബന്ധിതനായി. ഇടിഞ്ഞു പൊളിഞ്ഞു വീഴാറായൊരു ജീർണിച്ച കെട്ടിടം എന്ന് അയാളതിനെ കുറിച്ചിടുന്നു. പൊട്ടിപ്പൊളിഞ്ഞ ഭിത്തികളും കോവണിപ്പടികളുടെ ബലക്കുറവും കണ്ടില്ലെന്ന് നടിച്ചു. പരിസരത്തുള്ള അഴുക്കു ചാലുകളും, ചുറ്റിനും ചാരനിറത്തിൽ തൊട്ടുരുമ്മി ഓടുന്ന മൂഷികൻമാരുമൊക്കെ ഓർമയിലെ കറുത്ത പ്രതലങ്ങൾ... ദുർഗന്ധം വമിക്കുന്ന ഏടുകൾ.. വിശക്കുമ്പോഴുള്ള അവയുടെ ഞരങ്ങലുകളും ശബ്ദങ്ങളും മാത്രം മുഴങ്ങുന്ന അന്തരീക്ഷത്തിൽ അയാൾ ബൂട്ട് പോളിഷിങ്ങും അതിന്റെ ലേബലിങ്ങും തുടർന്നുകൊണ്ടേയിരുന്നു... വളരെ ചെറുതും അധികം ശ്രദ്ധിക്കപ്പെടാത്തതുമായ ആൺകുട്ടിയെന്ന് സ്വയം കരുതിയിരുന്ന ഒരാളുടെ ആദ്യകാല മുറിവുകൾ അയാളെത്തന്നെ പാടേ മാറ്റുകയാണ്. വെയർഹൗസ് മറ്റൊരിടത്തേക്ക് മാറ്റിയപ്പോൾ ആൺകുട്ടികളുടെ പണിമുറിയിൽ അതാ തെരുവിലേക്ക് തുറക്കുന്നൊരു ജാലകം.

ചെയ്യുന്നതൊക്കെയും വീക്ഷിച്ചുകൊണ്ട് ഒരുപറ്റം മനുഷ്യർ എന്നും കാണികളായുണ്ടായി. ഈയൊരു 'പൊതുപ്രദർശനം' അയാളുടെ ദുരിതത്തിന് ഒരു പുതിയ പരിഷ്കരണം ചേർത്തെന്നാണ് ഡിക്കൻസിന്റെ ജീവചരിത്രകാരൻ സൈമൺ കാലോവിന്റെ കണ്ടെത്തൽ. പിന്നീടുള്ള അയാളുടെ പ്രശസ്തമായ എഴുത്തുകളിലെ കഥാപാത്രങ്ങൾക്കൊക്കെ ആ ഇരുണ്ട കാലത്തിന്റെ ഗന്ധമുണ്ട്. കനലണിഞ്ഞ വഴികളിലെ തളിർപ്പുകൾ. എല്ലാം ലോകമറിയുന്നത് ഒരുപാട് നാളുകൾക്കുശേഷ



വും. ഹൃദയത്തിൽ താഴിട്ടുപൂട്ടിയ ഇടങ്ങളിലെ വേദനകൾ ഊർന്നിറങ്ങിയതത്രയും മനുഷ്യത്വത്തിന്റെ അക്ഷരങ്ങളായിട്ടാണ്. പിൽക്കാലത്തെഴുതിയ ഓരോ ഫിക്ഷനും ഉപന്യാസങ്ങളും തൊഴിൽ സാഹചര്യങ്ങളുടെ സാമൂഹിക സാമ്പത്തിക പരിഷ്കാരങ്ങൾക്ക് വേണ്ടിയായിരുന്നു. കഠിനകാലം അയാളിൽ നിശ്ശബ്ദമായൊരു മുദ്ര പതിപ്പിച്ചു എന്നതിന്റെ തെളിവാണ് അയാളുടെ ഓരോ എഴുത്തും.

തച്ചന്റെ മകൻ എന്ന് വിളിക്കപ്പെട്ട ഒരാളെനോക്കി എത്രയോ തൊഴിൽ നിവേദനങ്ങളാണ് പ്രാർഥനകളായി ഈ ഭൂമിയിലെന്നും മാറ്റൊലിക്കൊള്ളുന്നത്. വില്യം ഹോൾമാൻ ഹണ്ട് എന്ന ചിത്രകാരൻ "ഷാഡോ ഓഫ് ഡെത്ത്" എന്ന ചിത്രത്തിൽ കഠിനാധ്വാനിയും കരകൗശലക്കാരനും തൊഴിലാളിയുമായൊരു യേശുവിനെ വരച്ചുകാട്ടുന്നുണ്ട്. തന്റെ ഈർച്ചവാൾകൊണ്ട് മരത്തടി മുറിച്ചശേഷം കൈയുയർത്തിനിൽക്കുന്ന യേശു. കർമഭൂമിയിൽ വ്യാപൃതനായ തൊഴിലാളി. പുറകിലെ ഭിത്തിയിൽ ഘടിപ്പിച്ച നീളത്തിലുള്ള മരത്തൂണിൽ പണിയായുധങ്ങൾ തൂങ്ങി കിടക്കുന്നുണ്ട്. അതിൽ ആകാശങ്ങളിലേക്ക് നോക്കി കൈവിരിച്ചുപിടിച്ച യേശുവിന്റെ നിഴൽ. ഒരാന്തലോടെ ഈ നിഴലിലേക്ക് നോക്കുന്ന മേരിയെ കാണാം.

അവൾ പലതും കളയാതെ സൂക്ഷിച്ചുവെച്ച പെട്ടി തുറക്കുന്നതിനിടെ കണ്ണിൽ പതിയുന്ന കരിനിഴൽ. "മരണത്തിന്റെ നിഴൽ" എന്നാണതിനെ വിശേഷിപ്പിച്ചത്. വരാനിരിക്കുന്ന കുരിശുമരണത്തിന്റെ സൂചന. ശാരീരിക ആരോഗ്യവും പേശീബലവും മുഖ്യമാണെന്ന് സൂചിപ്പിക്കുന്ന തരത്തിലാണിതിൽ യേശുവിനെ വരച്ചിട്ടുള്ളത്. തൊഴിലിടങ്ങൾക്ക് നമ്മുടെ ആരോഗ്യം എത്ര പ്രധാനപ്പെട്ടതാണ് എന്ന സൂചന അതിൽ മുഴങ്ങുന്നുണ്ട്. എല്ലാം സൂക്ഷ്മതയോടെ കൈകാര്യം ചെയ്യുന്ന ഒരമ്മയുടെ മിതവ്യയത്തിന്റെ ചിത്രമായും ഇത് കരുതപ്പെടുന്നു. തൊഴിലാളിവർഗം സാമ്പത്തികകാര്യങ്ങളിൽ ചുമതലാബോധമുള്ളവർ ആയിരിക്കണമെന്ന സന്ദേശത്തിന് ഊന്നൽ നൽകുന്ന ചിത്രം.

ഒരു ഇടത്തര ജീവിതത്തിന്റെ നിറഭേദങ്ങളിൽ മുഴുകിനിൽക്കുന്ന തൊഴിലിടങ്ങളുടെ സാധാരണതയിലേക്ക് വെളിച്ചം വീശിക്കൊണ്ട് ജോർജ് ടെ ലാ ടൂർ 1642 ഇൽ വരച്ചതാണ് "St. Joseph, The Carpenter " എന്ന പ്രശസ്തമായ എണ്ണച്ഛായാചിത്രം. ചിത്രം നമ്മെ ക്ഷണിക്കുന്നത്, മെഴുകുതിരിവെട്ടത്തിൽ തെളിഞ്ഞുവരുന്ന ഒരു മുറിയുടെ കാഴ്ച്ചയിലേക്കാണ് . പ്രകാശപൂരിത മുഖവുമായി തിരിപിടിച്ച് നിൽക്കുന്നത് യേശു എന്ന ബാലനാണ്. ശാന്തമുഖം. എന്നാൽ വളരെ ശ്രദ്ധയോടെയും കൗതുകത്തോടെയും മുന്നിൽനിൽക്കുന്ന തന്റെ പിതാവിന്റെ മുഖത്തേക്ക് ഏറ്റവും ആശ്ചര്യപൂർവം നോക്കി നിൽക്കുന്നു. യൗസേപ്പ് പിതാവ്, വാർധക്യത്തിന്റെ ഗാംഭീര്യംപേറുന്ന വദനം. തലകുമ്പിട്ടു കുനിഞ്ഞുനിന്ന്, തന്റെ കർമങ്ങളിൽ ഏകാ



ഗ്രമാകുന്നുണ്ടയാൾ. ശരീരഭാഷയിൽ സമ്മർദ്ദമുണ്ട്. കൈകൾ മുറിച്ചെടുക്കാനുള്ള തടിക്ക് മീതെ മുറുകുന്നു. വെളിച്ചം വന്നുവീഴുന്നന്നത് ആ കർമനിരതയിലേക്കാണ്. ഉണ്ണിയേശു ഉറ്റുനോക്കുന്നതും അതിലേക്കുതന്നെ. തടിയിലേക്ക് തുളച്ചിറങ്ങുന്ന തമര്. 'ലാ ടൂർ' നമ്മളെക്കൂടി ആ സമ്മർദ്ദത്തിലേക്ക് ക്ഷണിക്കുന്നുണ്ട്. ഒരു കൊച്ചുമുറിയിലേക്ക്, മഞ്ഞുഴ നിറങ്ങളിൽ,

അധ്വാനത്തിന്റെയും ഏകാഗ്രതയുടെയും പ്രതിഫലനം അയാൾ കൊണ്ടുവരികയാണ്. എന്നാൽ, വെളിച്ചം പരക്കുന്നത് യേശുവിന്റെ കൈകളിൽ നിന്നാണ്. പ്രയത്നങ്ങളിൽ പ്രകാശംചൊരിയുന്ന ദൈവം. ദൈനംദിന ജീവിതഭാരങ്ങളുടെ മധ്യേ ദൈവമുണ്ട് എന്ന് പറയുന്ന ചിത്രം. മരപ്പണിയിൽ പിതാവിനെ സഹായിക്കുന്ന മകൻ. മരക്കട്ടയുമായി അത്രയുംമുന്നേ തുടങ്ങിയിരുന്ന ആ ബന്ധം. കുരിശിലെത്തും വരെ അത് തുടരുന്നു . എല്ലാ പരസ്യശുശ്രൂഷകൾക്കും മുന്നേ, മുറിവുകൾക്കും മുന്നേ, കഠിനാധ്വാനിയായിരുന്ന ഒരു പിതാവിനെ അനുഗമിച്ചിരുന്ന യേശു. അധ്വാനിച്ചിരുന്ന യേശു. അനുസരണയോടെ കണ്ട് പഠിക്കുന്ന മകൻ. തൊഴിലിടങ്ങളിലേക്ക് ചൊരിയേണ്ട അർപ്പണ ബോധവും ആഴപ്പെട്ട സ്നേഹവും. അതാണ് 'ലാ ടൂർ' നിശ്ശബ്ദമായി ഇതിൽ വരച്ചിട്ടത്. ഏറ്റവും സാധാരണ ജീവിതം ജീവിച്ചുപോകുന്ന മനുഷ്യർക്ക് ദൈവത്തിന്റെ അദൃശ്യമായ സാന്നിധ്യം തങ്ങളുടെ തൊഴിലിടങ്ങളിൽ ഉറപ്പുനൽകുന്ന ചിത്രം. വിശുദ്ധ യൗസേപ്പ് പിതാവിന്റെ കർമനിരതയിലേക്ക് പ്രകാശം പരത്തിക്കൊണ്ടുള്ള ഈശ്വരവീക്ഷണം. ഓരോ കർമങ്ങളിലേർപ്പെടുമ്പോഴും ഓർത്തുപ്രാർഥിക്കേണ്ട ഒന്ന്. ഏറ്റം ഭംഗിയുള്ള ഒരു മെയ്മാസ ജപം.

ധ്യാനചിന്തകൾ നീളുന്നത് അധ്വാനപൂർണവും ക്ലേശഭൂയിഷ്ഠവുമായ ഒരു ജീവിതം നയിച്ച വിശുദ്ധ യൗസേപ്പ് പിതാവിലേക്കാണ്. കർത്താവിന്റെ രക്ഷാകര പദ്ധതിയുടെ മുഖ്യധാര. മനുഷ്യന്റെ പരിത്രാണ പടവുകളിൽ തൊഴിലിനു ശ്രദ്ധേയമായ സ്ഥാനമുണ്ടെന്നു കാണിച്ചു തന്നൊരാളുടെ തിരുനാൾ അധ്വാനിക്കുന്നവർക്കുള്ള സമർപ്പണമാണ്. അർഹമായ ആദരവ്. ദൈവത്തിലുള്ള അചഞ്ചലമായ പ്രത്യാശയിൽ നയിക്കപ്പെടുമ്പോൾ കർമഭൂമി ആത്മീയാംശങ്ങളാൽ നിറഞ്ഞ് ഒരു പുണ്യഭൂമിയായി മാറുമെന്ന് എത്ര അഴകോടെയാണ് ആ പിതാവും മകനും ഇന്നും ലോകത്തോട് മന്ത്രിച്ചുകൊണ്ടേയിരിക്കുന്നത്..!

•



•കവിത •ഫാ. തോമസ് പാട്ടത്തിൽചിറ CMF



# ഭിക്ഷ



ഭക്ഷണമേശയിൽ കൂട്ടരുമൊത്തു
സുഭിക്ഷമായ് തിന്നുകുടിക്കാനിരിക്കവേ
ഉപ്പുകൂടിപ്പോയ ഹേതുവാലൊക്കെയും
ചപ്പുകുട്ടയിലേക്കിട്ടിട്ടു ഹീനമായ്
കുറ്റമടുക്കളക്കാരിലേല്പിച്ചൊരു-
വറ്റുപോലും കഴിക്കാതെ ഞാനേഴുന്നേല്ക്കവേ
ഊട്ടുമുറിയിലെ ചുമരിലായാണിയിൽ
ഒട്ടിയവയറുമായ് തൂങ്ങുന്ന ക്രൂശിതാ,
ഒത്തിരിപ്പൈദാഹമാർന്നു വിവശനായ-
ത്തിച്ചുവട്ടിലും കിണറിൻകരയിലു-
മെത്തിയ നിന്നനുഗാമി ഞാനെങ്കിലും
ലജ്ജതോന്നാത്തയെൻ പിച്ചച്ചട്ടിയിതിൽ
മജ്ജമാംസങ്ങളാൽതീർത്തൊരീ ജീവനിൽ
രക്ഷകാ, നീ വിളമ്പീടണേയൻപൊട്ടു
ഭിക്ഷയായൊരുതവി ലജ്ജയിന്നെങ്കിലും.

മൊത്തത്തിലഴകും വിലയുമേറീടുന്ന
പുത്തനുടുപ്പുകളോരോന്നെടുത്തു ഞാൻ
വാച്ചിനും പൂച്ചിനും മുത്തുമാല്യത്തിനും
മാച്ചാകുന്നില്ലെന്ന കാരണത്താലവ
ചുട്ടിച്ചുരുട്ടിയെറിഞ്ഞു കഠോരമായ്
പെട്ടികൾ കൊട്ടിയടച്ചങ്ങു നില്ക്കവേ
അണിയറക്കുള്ളിലെ ചുവരിലായാണിയിൽ
തുണിയല്പധാരിയായ്ത്തൂങ്ങുന്ന ക്രൂശിതാ,
കച്ചിത്തൊട്ടിതൊട്ടു കല്ലറവരെ വെറും
കച്ചക്കഷണത്തിൽ തൃപ്തികണ്ടെത്തിയ
പച്ചനരൻ നിന്നനുയായിയെങ്കിലും
ലജ്ജതോന്നാത്തയെൻ പിച്ചമാറാപ്പിതിൽ
മജ്ജമാംസങ്ങളാൽതീർത്തൊരീ ജീവനിൽ
രക്ഷകാ, നീ നെയ്തുനല്കാൻ കനിയണേ
ഭിക്ഷയായൊരുമുഴം ലജ്ജയിന്നെങ്കിലും.

ലക്ഷങ്ങളിട്ടങ്ങു കെട്ടിപ്പടുത്തൊരു-
നക്ഷത്രമാളികമുറിയിൽ മനോജ്ഞമാം
പട്ടുമെത്തമേൽക്കിടക്കുമ്പോഴുമിനി-
കെട്ടാനിരിക്കുന്ന സൗധത്തെയോർത്തു ഞാൻ
വല്ലാതെയാകുലപ്പെട്ടല്പവും നിദ്ര-
യില്ലാതെ മെല്ലെത്തിരിഞ്ഞുമറിയവേ
വർണച്ചുമരിലെയാണിയിൽ മണ്ണിനും
വിണ്ണിനും മധ്യേയായ് തൂങ്ങുന്ന ക്രൂശിതാ,
കുരുവിയും കുറുനരിയും കൂടുകൂട്ടുമീ-
ധരയിലൊരു കൂരപോലും നിനക്കായ്
കരുതാഞ്ഞ നിന്നനുഗാമിഞാനെങ്കിലും
ലജ്ജതോന്നാത്തയെൻ പിച്ചപ്പാത്രമിതിൽ
മജ്ജമാംസങ്ങളാൽതീർത്തൊരീ ജീവനിൽ
രക്ഷകാ, നീയളന്നേകുമാറാകണേ
ഭിക്ഷയായോരടി ലജ്ജയിന്നെങ്കിലും.

•


• ലേഖനം • സിസ്റ്റർ ലിസി മരുതനാക്കുഴി
Daughters of St. Paul



നിങ്ങൾ ലോകമെങ്ങും പോയി,
എല്ലാ സൃഷ്ടികളോടും
സുവിശേഷം പ്രസംഗിക്കുവിൻ.
മർക്കോസ് 16:15

അയയ്ക്കപ്പെടുന്നില്ലെങ്കിൽ
എങ്ങനെ പ്രസംഗിക്കും?
സുവിശേഷം
പ്രസംഗിക്കുന്നവരുടെ പാദങ്ങൾ
എത്ര സുന്ദരം!
റോമാ 10:15

# ക്രിസ്തുവിനെ സാക്ഷ്യംവഹിക്കൽ: ഡിജിറ്റൽ കാലഘട്ടത്തിൽ



സുവിശേഷവത്കരണം ക്രിസ്തുവിനെ ഒരിക്കലും കേട്ടിട്ടില്ലാത്തവർക്കു മാത്രമല്ല. വഴിതെറ്റിയവർക്കും പിന്നീട് ജ്ഞാനസ്നാനം സ്വീകരിച്ചവർക്കും വേണ്ടിയാണ്. വിത്തുവിതയ്ക്കുന്നവനെ പ്പോലെ, തൊഴിൽ സ്ഥലങ്ങളിലും വീടുകളിലും ഡിജിറ്റൽലോകത്തും വിശ്വാസത്തിന്റെ വിത്തുകൾ വിതയ്ക്കാൻ നാം പുറപ്പെടണം.

ഡിജിറ്റൽ കാലഘട്ടത്തിൽ 'ക്രിസ്തുവിനെ സാക്ഷ്യംവഹിക്കൽ' എന്ന വിഷയത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ, പല സംഭവങ്ങളും മനസ്സിലേക്ക് വരുന്നു. ചിലത് പത്രങ്ങളിൽ വായിച്ചതാണ്. എന്നാൽ കൂടുതലും YouTube ലൂടെ കണ്ടതാണ്. ഒരു പ്രത്യേക കഥ ഏറെ ശ്രദ്ധേയമായി തോന്നി. ലോക്ക്ഡൗൺ സമയത്ത്, പള്ളികൾ അടഞ്ഞ്, മതബോധന പഠനക്ലാസുകൾ നിർത്തിവെച്ചപ്പോൾ, ഒരു മതബോധന അധ്യാപിക സൃഷ്ടിപരമായൊരു ആശയം കണ്ടെത്തി. യുവാക്കൾക്ക് മതബോധന പഠനം തുടർന്നുകൊണ്ടിരിക്കാനായി, അവർ YouTube വഴി മൂല്യങ്ങളെക്കുറിച്ച് അഞ്ചുമിനിറ്റ് പ്രഭാഷണം അവതരിപ്പിക്കാൻ തുടങ്ങി. അവരുടെ പ്രഭാഷണങ്ങൾ പ്രചോദനാത്മകവും, ഉൾക്കൊള്ളാനാവുന്നതുമായിരുന്നു. ഏതെങ്കിലും ഒരു മതത്തിൽ മാത്രം പരിമിതമായിരുന്നില്ല ആ പ്രഭാഷണം. അവ വളരെ നല്ല രീതിയിൽ സ്വീകരിക്കപ്പെട്ടു. ഉടൻതന്നെ അവർക്ക് മറ്റ് രാജ്യങ്ങളിൽനിന്ന് കുട്ടികളെ പ്രഥമ ദിവ്യകാരുണ്യ സ്വീകരണത്തിനും സ്ഥൈര്യലേപനത്തിനും തയ്യാറാക്കാനുള്ള വിളികൾ ലഭിച്ചു. അതാണ് മാധ്യമങ്ങളുടെ ശക്തി.

## സുവിശേഷത്തിന്റെ മഹത്തായ സാക്ഷികൾ

സുവിശേഷത്തിന്റെ മഹത്തായ സാക്ഷികൾ നമുക്കുണ്ട്. വിശുദ്ധ പൗലോസാണ് അവരിൽ പ്രധാനിയായവൻ. അദ്ദേഹത്തിന്റെ വാക്കുകൾ ഇന്നും മുഴങ്ങുന്നു; "ഞാൻ ക്രിസ്തുവിനെ പ്രസംഗിക്കാതിരുന്നാൽ എനിക്കു ദുരിതം!" (1കോറി 9:16). വിശുദ്ധ പൗലോസിന്റെ കയ്യിൽ എപ്പോഴും ഒരു വാൾ ഉള്ളതായി നാം കാണുന്നു; അത് "ആത്മാവിന്റെ വാൾ, അതായത് ദൈവവചനം" (എഫെ. 6:17) എന്നതിന്റെ പ്രതീകമാണ്. പ്രസംഗം ഒരു തിരഞ്ഞെടുപ്പല്ല, ഉയിർത്തെഴുന്നേറ്റ ക്രിസ്തു അവനുനൽകിയ ഉത്തരവാദിത്തമാണെന്ന് അദ്ദേഹം കണ്ടു. "വചനം പ്രസംഗിക്കുവിൻ; സമയം അനുകൂലമോ പ്രതികൂലമോ ആയാലും സ്ഥിരതയോടെ ഇരിപ്പിൻ" (2 തിമോ 4:2) എന്ന് അദ്ദേഹം മറ്റുള്ളവരെയും പ്രേരിപ്പിച്ചു. ദൈവരാജ്യം പണിയുന്നതിനായി ക്രിസ്തുവിനെ പ്രസംഗിക്കുന്നത് അനിവാര്യമാണെന്ന് പൗലോസ് തിരിച്ചറിഞ്ഞു. ഇന്നും ആ ദൗത്യം തുടരുന്നു; ബലിപീഠത്തിൽനിന്ന് ഏറെക്കുറെ അപ്പുറം എത്തുന്ന പുതിയ മാധ്യമങ്ങളിലൂടെ.

## മാധ്യമങ്ങളുടെ ഫലപ്രാപ്തി

സോഷ്യൽ മീഡിയ നമ്മെ സാക്ഷ്യങ്ങൾ, കഥകൾ, ധ്യാനങ്ങൾ പങ്കിടാൻ സഹായിക്കുന്നു. അവ ദൈവവചനം വിശദീകരിക്കുന്നു. കായികം, സംഗീതം, നിയമം എന്നിവയിൽനിന്നുള്ള ഉപമകൾ ഉപയോഗിച്ച് സന്ദേശം വ്യക്തമാക്കിയതുപോലെ (1കോറി 9:24; 14:7; റോമാ 7:1), ഇന്നും നമുക്ക് സംസ്കാരത്തിന് അനുയോജ്യമായ രീതിയിൽ ആശയവിനിമയം നടത്താം. വിശുദ്ധ അഗസ്റ്റിൻ, പൗലോസിനെ ഓർത്തുകൊണ്ട്, എഴുതി; "ഞങ്ങൾ സംസാരിക്കുന്നു, എന്നാൽ പഠിപ്പിക്കുന്നത് ദൈവമാണ്." പ്രസംഗം പ്രാർഥനയിൽ ആധാരപ്പെടുകയും ആത്മാവിന്റെ മാർഗനിർദേശത്തിൽ നടക്കുകയും വേണമെന്ന് അഗസ്റ്റിൻ ഊന്നിപ്പറഞ്ഞു.

പൗലോസിന്റെ മാതൃക നമ്മെ സത്യത്തെ വിട്ടുവീഴ്ച ചെയ്യാതെ എങ്ങനെ പൊരുത്തപ്പെടാമെന്ന് കാണിക്കുന്നു. വൈരുദ്ധ്യപരമായ സാഹചര്യങ്ങളിലും അവൻ പരിശ്രമശീലനും പ്രബോധകനും വിവേകശാലിയും ആയിരുന്നു. അദ്ദേഹത്തിന്റെ എഴുത്തുകൾ—ഇന്നും തത്ത്വചിന്തയെ പ്രചോദിപ്പിക്കുന്ന ലേഖനങ്ങൾ—അദ്ദേഹത്തിന്റെ പ്രസംഗങ്ങളെക്കാൾ ദീർഘകാല സ്വാധീനം ചെലുത്തിയിരിക്കാം. നമ്മുടെ കാലം റേഡിയോ, ടെലിവിഷൻ, പോഡ്കാസ്റ്റുകൾ, മൊബൈൽ സന്ദേശങ്ങൾ, യൂട്യൂബ് എന്നിവയിലേക്ക് വ്യാപിച്ചു. ഈ വേദികൾ ക്രിസ്തുവിനെ പൗലോസിന്റെ ആവേശത്തോടെ പ്രസംഗിക്കാനുള്ള അപൂർവ അവസരങ്ങൾ നൽകുന്നു.

## സാക്ഷ്യങ്ങളുടെ ശക്തി

ഡിജിറ്റൽ ആശയവിനിമയത്തിലൂടെ അടച്ച സമൂഹങ്ങളിലും സുവിശേഷം പ്രവേശിക്കുന്നതായി നിരവധി സാക്ഷ്യങ്ങൾ കാണുന്നു. പോപ്പ് പോൾ ആറാമൻ Communio et Progressioയിൽ മാധ്യമങ്ങളെ "ദൈവത്തിന്റെ വരങ്ങൾ" എന്ന് വിശേഷിപ്പിച്ചു; അവ മനുഷ്യരെ ഒന്നിപ്പിക്കുകയും രക്ഷയുടെ ദൈവിക പദ്ധതിയെ പൂർത്തിയാക്കുകയും ചെയ്യുന്നു. സുവിശേഷവത്കരണം ക്രിസ്തുവിനെ ഒരിക്കലും കേട്ടിട്ടില്ലാത്തവർക്കു മാത്രമല്ല, വഴിതെറ്റിയവർക്കും പിന്നീട് ജ്ഞാനസ്നാനം സ്വീകരിച്ചവർക്കും വേണ്ടിയാണ്. വിത്തുവിതയ്ക്കുന്നവനെപ്പോലെ, തൊഴിൽസ്ഥലങ്ങളിലും വീടുകളിലും ഡിജിറ്റൽലോകത്തും വിശ്വാസത്തിന്റെ വിത്തുകൾ വിതയ്ക്കാൻ നാം

പുറപ്പെടണം.

## സാക്ഷ്യം പ്രവൃത്തിയിൽ

കുറച്ചുവർഷങ്ങൾക്കുമുമ്പ് ഷില്ലോങ്ങിൽ വച്ചുനടന്ന ഒരു സംഭവത്തെ ഞാൻ ഓർക്കുന്നു. ഒരു ചെറിയ സംഘം മൂന്നു മണിക്കൂർ യാത്രചെയ്ത് യേശുവിന്റെ ജീവിതത്തെക്കുറിച്ചുള്ള ഒരു സിനിമ പ്രദർശിപ്പിക്കാൻ പോയി. ആദ്യം, കുറച്ചുപേർ മാത്രമേ തീക്കരികിൽകൂടി നോക്കിയിരുന്നുള്ളൂ. എന്നാൽ അർധരാത്രിയോടെ, മല മുഴുവൻ ആളുകളാൽ നിറഞ്ഞിരുന്നു. ജനങ്ങളെത്തുന്നിടത്തേക്കാണ് മിഷനറിമാർ പോകുന്നത്. അപ്പോസ്തലരുടെ പ്രവൃത്തികളിൽ, പൗലോസ് അഥീനയിലെ സംസ്കാരകേന്ദ്രമായ ആരിയോപ്പഗസിൽ സുവിശേഷം പ്രസംഗിക്കാൻ പോയിരുന്നു. ഇന്ന്, നമ്മുടെ ആരിയോപ്പഗസ് ആശയവിനിമയത്തിന്റെ ലോകമാണ്; സംസ്കാരത്തെയും പെരുമാറ്റത്തെയും രൂപപ്പെടുത്തുന്ന ഡിജിറ്റൽ വേദികൾ. അവയാണ് സുവിശേഷം പ്രസംഗിക്കേണ്ട പുതിയ ആഗോളഗ്രാമം.

## ഡിജിറ്റൽ കാലഘട്ടത്തിലെ സുവിശേഷവത്കരണം

സുവിശേഷവത്കരണം ദൈവത്തെക്കുറിച്ച് സംസാരിക്കുന്നതിൽ മാത്രം ഒതുങ്ങുന്നില്ല; അത് സാക്ഷികളായി ജീവിക്കുന്നതാണ്. ഇൻസ്റ്റന്റ് മെസ്സേജിംഗ്, വീഡിയോ പങ്കിടൽ, പ്രതികരണം എന്നിവയടങ്ങിയ സോഷ്യൽ മീഡിയ നമ്മുടെ ദൈനംദിന ജീവിതത്തിന്റെ ഭാഗമായിരിക്കുന്നു. ഉത്തരവാദിത്തത്തോടെ ഉപയോഗിക്കുമ്പോൾ, അത് ദൈവത്തെ മഹത്വപ്പെടുത്തുകയും ജീവിതങ്ങളെ മാറ്റുകയും ചെയ്യുന്നു. എന്നാൽ, അതിൽ അപകടങ്ങളും ഉണ്ട്. പ്രൊഫൈലുകളും അപ്ഡേറ്റുകളും: നാം പോസ്റ്റ് ചെയ്യുന്നവ നമ്മെ പ്രതിഫലിപ്പിക്കുന്നു. നമ്മുടെ പ്രൊഫൈലുകൾ വിവാദ താരങ്ങളെയും ക്രിസ്തുവിരുദ്ധ ആശയങ്ങളെയും പിന്തുണയ്ക്കരുത്. മറിച്ച്, അവ ദൈവത്തോടും മറ്റുള്ളവരോടുമുള്ള സത്യസന്ധമായ സ്നേഹം പ്രകടിപ്പിക്കണം. ഫ്രെഡറിക് നീത്ചെ ഒരിക്കൽ പറഞ്ഞു; "അവന്റെ അനുയായികൾ കൂടുതൽ വീണ്ടെടുത്തവരെപ്പോലെ



തോന്നിയിരുന്നെങ്കിൽ, ഞാൻ വീണ്ടെടുപ്പുകാരനെ വിശ്വസിച്ചേനേ." നമ്മുടെ ഓൺലൈൻ സാന്നിധ്യം ക്രിസ്തുവിനെ ദൃശ്യമാക്കണം. ഇംപ്രഷൻ മാനേജ്മെന്റ്: സോഷ്യൽ മീഡിയ നമ്മെ മുഖാവരണങ്ങൾ സൃഷ്ടിക്കാൻ പ്രേരിപ്പിക്കുന്നു. യാഥാർഥ്യത്തെ പ്രതിഫലിപ്പിക്കാത്ത നേട്ടങ്ങളും ചിത്രങ്ങളും പ്രദർശിപ്പിക്കുന്നു. ലോകം രൂപത്തെ വിലമതിക്കുമ്പോൾ, ക്രിസ്ത്യാനികൾക്ക് വിളി സത്യസന്ധതയ്ക്കാണ്. നമ്മുടെ സാക്ഷ്യം യാഥാർഥ്യമായിരിക്കണം, അഭിനയമല്ല.

ഡിജിറ്റൽ കാലഘട്ടത്തിൽ ക്രിസ്തുവിനെ സാക്ഷ്യം വഹിക്കുക എന്നത് ഒരു വിവരാവകാശവും ഉത്തരവാദിത്തവുമാണ്. വിവിധ പ്രേക്ഷകരെ എത്തിക്കാനായി പൗലോസ് തന്റെ സന്ദേശം പൊരുത്തപ്പെടുത്തിയതുപോലെ, നമ്മളും ആധുനിക ഉപകരണങ്ങൾ ഉപയോഗിച്ച് ക്രിസ്തുവിനെ പ്രസംഗിക്കണം. യൂട്യൂബ് പ്രസംഗങ്ങളിലൂടെയോ, ദൂരഗ്രാമങ്ങളിലെ സിനിമകളിലൂടെയോ, ചിന്താപരമായ സോഷ്യൽ മീഡിയ പോസ്റ്റുകളിലൂടെയോ ഉള്ള ദൗത്യം ഒരേപോലെയാണ്: ക്രിസ്തുവിനെ അറിയിക്കുക. എന്തെന്നാൽ, സുവിശേഷവത്കരണം ഐച്ഛികമല്ല, അത് നമ്മുടെ കടമയാണ്. ഈ ഡിജിറ്റൽ കാലഘട്ടത്തിൽ, മാധ്യമങ്ങളെ ദൈവത്തിന്റെ വരമായി സ്വീകരിച്ച്, വിശ്വാസത്തിന്റെ വിത്തുകൾ വിതയ്ക്കാനും ആഗോളഗ്രാമത്തിന് പ്രകാശം നൽകാനും നാം അവയെ ജ്ഞാനത്തോടെ ഉപയോഗിക്കണം. •






•കാനോൻ നിയമം



# മൃതശരീരം ദഹിപ്പിക്കാനുള്ള സാഹചര്യവും മാനദണ്ഡവും

ഫാ. ജോസ് ജി., അതിരൂപത ചാൻസിലർ

ആധുനിക കാലത്ത് പുതിയ സെമിത്തേരി, നിലവിലെ സെമിത്തേരിയുടെ വിപുലീകരണം മുതലായവ വളരെ ദുഷ്കരമായി ത്തീർന്നിരിക്കുന്നു. സർക്കാർ ഒരുക്കുന്ന പുതിയ ശ്മശാനങ്ങൾ, പൊതുവെ, ദഹിപ്പിക്കാനുള്ള സൗകര്യമാണ് ഒരുക്കുന്നത്. മരണാനന്തരം തങ്ങളുടെ മൃതശരീരം ദഹിപ്പിച്ചാൽ മതിയെന്ന് ആഗ്രഹിക്കുന്ന ക്രൈസ്തവരുടെ എണ്ണവും ഏറി വരികയാണ്. സഭയുടെ മാറാത്തതും എന്നാൽ പാവനവുമായ വിശ്വാസ പാരമ്പര്യത്തിൽപ്പെടുന്നതാണ് ശരീരത്തിന്റെ ഉയിർപ്പും നിത്യമായ ജീവിതവും. എസക്കിയേൽ 37:1-14-ൽ അസ്ഥികളുടെ താഴ്‌വരയെക്കുറിച്ചുള്ള പ്രവചനത്തിൽ "കല്ലറകൾ തുറന്ന് നിങ്ങളെ കർത്താവ് ഉയർത്തും" (37:12-13) എന്ന് വിവരിക്കുന്നുണ്ട്. ക്രൂശിതനായി മരിച്ച് അടക്കപ്പെട്ട യേശുവിന്റെ ഉത്ഥാനത്തെക്കുറിച്ചും ശരീരത്തിന്റെ ഉയിർപ്പിനെക്കുറിച്ചും (1 കോറി. 15:35-58;1 തെസ. 4:13-18) അനശ്വരതയിലുള്ള പ്രത്യാശയെക്കുറിച്ചുമുള്ള (2 കോറി. 5:1-10) വി. പൗലോസ് അപ്പസ്തോലന്റെ പങ്കുവയ്ക്കലും പാവനമായ പരമ്പരാഗത മൃതസംസ്കാരത്തിന്റെ അടിസ്ഥാനങ്ങളാണ്.

ദൈവം സർവശക്തനാണ്; ദൈവത്തിന് ഒന്നും അസാധ്യമല്ല എന്ന തിരുവെഴുത്ത് പരമ്പരാഗതമായ മൃതസംസ്കാര അനുഷ്ഠാനത്തിൽനിന്നും ദഹിപ്പിക്കൽ നിരോധിച്ചിട്ടില്ല എന്ന വ്യതിയാനം വരുത്താനുള്ള കാരണങ്ങളിൽ പ്രധാനമാണ്. "ദഹിപ്പിക്കൽ നിരോധനം" എന്നതിൽനിന്നും "ദഹിപ്പിക്കൽ നിരോധിച്ചിട്ടില്ല" എന്ന തലത്തിലേയ്ക്കുള്ള മാറ്റം, കഴിഞ്ഞ ലക്കത്തിൽ സൂചിപ്പിച്ചപോലെ, 08.05.1963-ലാണ് പ്രാബല്യത്തിലാകുന്നത്.

ദഹിപ്പിക്കൽ നിരോധിച്ചിട്ടില്ല എന്ന് ലത്തീൻ സഭയ്ക്കു വേണ്ടിയുള്ള കാനോൻ നിയമം (CIC) 1176 വ്യക്തമാക്കുന്നു. നിയന്ത്രിതമായ ഈ ആനുകൂല്യം ഉപയോഗിച്ച് ദഹിപ്പിക്കൽ തിരഞ്ഞെടുക്കുന്നവർ പാലിക്കേണ്ട മാനദണ്ഡം വ്യക്തമാക്കുന്നതാണ്, 21.09.2001-ൽ കോൺഗ്രിഗേഷൻ ഫോർ ഡിവൈൻ വർഷിപ്പ് ആന്റ് ഡിസിപ്ലിൻ ഓഫ് സാക്രമെന്റ് (Congregation for Divine worship and Discipline of Sacraments) പുറപ്പെടുവിച്ച 'Directory on Popular piety and the liturgy, principles and guidelines', 15.08.2016-ൽ വിശ്വാസ തിരുസംഘം (Congrigation for the Doctrine of Faith) നല്കിയ "Instruction Ad resurgendum cum Christo regarding the burial of the deceased and the conservation of the ashes in the case of cremation", ദഹിപ്പിക്കപ്പെടുന്നവരുടെ ചാരം സൂക്ഷിക്കുന്നതുമായി ഉന്നയിക്കപ്പെട്ട ചോദ്യങ്ങൾക്ക് 09.12.2023-ൽ വിശ്വാസത്തിനുവേണ്ടിയുള്ള ഡിക്കാസ്റ്ററി നല്കിയ വിശദീകരണത്തിലൂടെ സഭ ആവശ്യപ്പെടുന്ന മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു:

1. മൃതശരീരം ദഹിപ്പിക്കപ്പെടേണ്ടതിന്, ജീവിച്ചിരിക്കുമ്പോൾത്തന്നെ ക്രിസ്തീയ പഠനത്തിനു വിരുദ്ധമായ കാരണങ്ങൾ ഇല്ലാത്തപക്ഷം രേഖാമൂലം അപേക്ഷനല്കി രൂപതാധ്യക്ഷനിൽനിന്നും അനുമതി വാങ്ങണം. അപേക്ഷയിലെ ഉള്ളടക്കം (കെ.ആർ.എൽ.സി.ബി.സി.യുടെ നിർദേശങ്ങൾ കൂടി ഉൾക്കൊള്ളുന്ന ഉള്ളടക്കം):

» ക്രിസ്തീയ പഠനത്തിന് വിരുദ്ധമായ കാരണങ്ങളില്ലെന്ന് രേഖപ്പെടുത്തണം.

» ശരീരത്തിന്റെ ഉയിർപ്പിലും നിത്യമായ ജീവിതത്തിലുമുള്ള വിശ്വാസം രേഖപ്പെടുത്തണം

» അപേക്ഷകന്റെ പേര്, മേൽവിലാസം, ഒപ്പ് എന്നിവ ഉണ്ടായിരിക്കണം

» അപേക്ഷകന്റെ/യുടെ കുടുംബാംഗങ്ങളിൽപ്പെട്ടവരും മരണാനന്തരം തീരുമാനം എടുക്കാൻ കഴിയുന്നവരുമായ രണ്ട് സാക്ഷികളുടെ പേര്, മേൽവിലാസം, ഒപ്പ്, ബന്ധം എന്നിവ ഉണ്ടായിരിക്കണം.

» അപേക്ഷകന്റെ/യുടെ ഇടവക വികാരിയുടെ ശുപാർശ ഉണ്ടായിരിക്കണം.

2. മരണമടയുമ്പോൾ സഭാപരമായ മൃതസംസ്കാര കർമം നടത്തണം.

3. സഭാപരമായി മൃതശരീരം സംസ്കരിക്കാൻ അനുവാദമുള്ള സെമിത്തേരിയിൽ / സ്ഥലത്ത് ദഹിപ്പിക്കലിനു ശേഷം ചാരം/ക്ഷാരം (ashes) നിക്ഷേപിക്കുക. ഈ ചാരം വീടുകളിൽ സൂക്ഷിക്കാനോ ജലത്തിൽ ഒഴുക്കാനോ സഭാപരമായി മൃതശരീരം സംസ്കരിക്കാൻ അനുവാദമില്ലാത്തിടത്ത് സൂക്ഷിക്കാനോ പാടുള്ളതല്ല.

•







ലേഖനം • ഫാ. ഇമ്മാനുവേൽ

# തച്ചന്റെ നെഞ്ചിലെ തീക്കനൽ

**അപ്പന്റെ വിയർപ്പിന്റെ ഫലം പറ്റിയാണ് മക്കൾ വളരുന്നത്. എപ്പോഴും വീടിനുവേണ്ടി ചലിച്ചുകൊണ്ടിരിക്കുന്നയാളാണ് അപ്പൻ. അപ്പന്റെ അഴകും ആരോഗ്യവും അപഹരിച്ചാണ് ഓരോ മക്കളും വളരുന്നത്. അങ്ങനെയെങ്കിൽ മക്കൾ വളരുന്തോറും അപ്പൻ ചെറുതായിക്കൊണ്ടിരിക്കുകയല്ലേ.**

മോശ ഹോറേബിൽ കത്തുന്ന മുൾപ്പടർപ്പ് കണ്ടെങ്കിൽ ആ മുൾപ്പടർപ്പ് യൗസേപ്പിന്റെ നെഞ്ചിനകത്ത് എരിയുകയായിരുന്നു. ദൈവത്തിന്റെ ഹിതം നിറവേറണം.... രാജ്യത്തെയും നിയമത്തെയും അനുസരിക്കണം... പരിശുദ്ധാത്മാവിന്റെ കൃപയാലുള്ള മറിയത്തിന്റെ ഗർഭാവസ്ഥ... ഇതെല്ലാം കത്തിത്തീരാതെ പുകഞ്ഞുകൊണ്ടേയിരുന്നു, വളർത്തച്ഛന്റെ നെഞ്ചിൻകൂട്ടിൽ. വഴിയറിയില്ലെങ്കിലും

വഴികാട്ടിയെ കണ്ടെത്തിയ ഇയാൾ പേരുകൊണ്ടും സുകൃതസമ്പന്നൻ. JOSEPH J - Justice (നീതി), O - Obedience (അനുസരണം), S - Silence (നിശ്ശബ്ദത), E - Experience (അനുഭവം), P - Prudence (വിവേകം), Humility (എളിമ)... ഇയാളുടെ ഇടവിടാതെയുള്ള അനുസരണവും മനസ്സിന്റെ നിശ്ശബ്ദതയും നോവുന്ന അനുഭവങ്ങളും മുറിപ്പെടുത്താത്ത വിവേകവും മണ്ണോളം താഴ്ന്ന എളിമയും കണ്ടിട്ടാവണം സുവിശേഷകൻ ഈ തച്ചനെ നീതിമാനെന്ന് വിളിച്ചത്. നിയമങ്ങൾ മുറിപ്പെടുത്തിയേക്കാവുന്ന അവസ്ഥയിൽനിന്നും മറിയത്തെ സ്വീകരിക്കാൻമാത്രമുള്ള പാകപ്പെട്ടുപോയ മനുഷ്യനാണ് സെന്റ് ജോസഫ്.

പരിശുദ്ധ അമ്മയ്ക്കുണ്ടായ വ്യാകുലങ്ങൾപോലെ ഈ തച്ചന്റെ നെഞ്ചിലും ഏഴ് തീപ്പൊരികൾ പലപ്പോഴായി മിന്നി.

ആദ്യത്തെ തീപ്പൊരി- മറിയത്തിന്റെ ഗർഭധാരണം (മത്താ. 1:18-19). സംശയങ്ങളുടെ പേരിൽ വേർപിരിഞ്ഞു കഴിയുന്ന ഒരു സമൂഹത്തിന്റെ മുന്നിൽ ഈ തച്ചൻ മാതൃകയാണ്. വിശ്വാസം വർധിപ്പിച്ചാൽ സംശയങ്ങൾ അകലുമെന്ന് ഇയാൾക്ക് അറിയാമായിരുന്നല്ലോ!

രണ്ടാമത്തെ കനൽ- സത്രത്തിൽപോലും സ്ഥലം നിഷേധിക്കപ്പെട്ടത് (ലൂക്കാ. 2:6-7). പടച്ചോന്റെ മണ്ണിന് ആധാരമുണ്ടാക്കി എന്നിട്ട് അതിന്റെ അതിര് കെട്ടി തിരിച്ചും മറിച്ചും കച്ചവടം ചെയ്യുന്നവർ ഓർക്കണം ഓരോ കുഞ്ഞും പിറന്നുവീഴുന്നത് ദൈവത്തിന്റെ കരങ്ങളിലേക്കാണെന്ന്...

മൂന്നാമത്തെ തീ- പരിച്ഛേദനദിനത്തിലെ ഉണ്ണിയുടെ കരച്ചിൽനാദം (ലൂക്കാ 2:21). ഒരു വറ്റ് ചോറിന്... ഒരു തുണ്ട് ചേലക്ക്... തല ചായ്ക്കാനൊരിടത്തിനുവേണ്ടി പൊന്നോമനകളുടെ കരച്ചിലുകൾ മുഴങ്ങുന്നുണ്ട് തെരുവോരങ്ങളിൽ. പൈതങ്ങളെ ചൂഷണം ചെയ്യുന്നവരറിയണം അവർക്കുവേണ്ടി ഒരച്ഛൻ കരയുന്നുണ്ടെന്ന്...

നാലാമത്തെ വേദന- ഉണ്ണിയേയും അമ്മയേയും കുറിക്കുന്ന ശിമയോൻ പ്രവചനം (ലൂക്കാ 2:35). അകാരണമായി വിധിക്കപ്പെടുന്നവർക്കുവേണ്ടിയും വധിക്കപ്പെടുന്നവർക്കുവേണ്ടിയും ഇയാൾ കരയും. നിങ്ങൾ ഉറങ്ങുമ്പോൾപോലും ഇനി ഇയാൾ ഉണർന്നിരിക്കും. ഇയാൾ കൂട്ടിനുള്ളവരുടെ ജീവിതം പാഴാവില്ലത്രെ....

അഞ്ചാമത്തെ വിതുമ്പൽ- തന്റെ പൊന്നോമനയെ കൊല്ലാൻ ഹെറോദേസ് നിനച്ചത് (മത്താ. 2:3-14). ഓരോ കുഞ്ഞിന്റെ നിഷ്കളങ്കമുഖത്തിലും ദൈവസാന്നിധ്യമുണ്ട്. സമാധാനം, പ്രതീക്ഷ എന്നിവ പഠിപ്പിക്കാൻ ദൈവം അനുദിനം ഭൂമിയിലേക്ക് അയയ്ക്കുന്ന അംബാസിഡർമാരാണ് ഇവർ. അതുകൊണ്ട് ഇവരെ സംരക്ഷിക്കേണ്ടതുണ്ട്..

ആറാമത്തെ നോവ്- ഹെറോദേസിനെ ഭയന്ന് ഈജിപ്തിലേക്കും തിരിച്ച് നസ്രത്തിലേക്കുമുള്ള യാത്ര (മത്താ. 2:22-23). സ്വർഗത്തിന്റെ രഹസ്യങ്ങളറിഞ്ഞ ഒരാൾക്ക് വീണുകിട്ടേണ്ട വെളിപാടാണിത്. ഒരു നന്മയ്ക്കുവേണ്ടി ഒരുപാട് കാതങ്ങൾ നടക്കേണ്ടിവരും... കാലുപൊട്ടി ചോരയൊലിക്കും. എന്നാലുമെന്താ മുറിവുണക്കുന്ന ഭിഷഗ്വരൻ കൂടെയുണ്ടല്ലോ!

ഏഴാമത്തെ നീറ്റൽ - ദൈവാലയത്തിൽ വച്ച് പന്ത്രണ്ട് വയസ്സുള്ള തന്റെ കുഞ്ഞിനെ കാണാതായപ്പോൾ വളർത്തച്ഛന് താങ്ങാനായില്ല (ലൂക്കാ 2:42-46). തന്റെ പൊന്നോമനയുടെ പീഡാനുഭവങ്ങൾ മുൻകൂട്ടി കാണാൻ ഈ വളർത്തച്ഛനും കൃപയുണ്ടായിരുന്നല്ലോ. പരിശുദ്ധ അമ്മയെപ്പോലെതന്നെ. ഈ ലോകത്തിൽ ജീവിക്കുമ്പോഴും ക്രിസ്തുബോധത്തോടെ ജീവിക്കാനുള്ള ക്ഷണമുണ്ടതിൽ...

പലപ്പോഴും എന്റെയും നിന്റെയും കണ്ണുകളിൽനിന്നും ഇറ്റിറ്റുവീഴുന്ന കണ്ണുനീരിന് ഒരു നേരത്തെ വാശി മാത്രമല്ലേ ഉണ്ടാകാറുള്ളൂ... എന്നാൽ, ഏതൊരപ്പന്റെയും കണ്ണിൽനിന്നും ഇറ്റുവീഴുന്ന കണ്ണുനീർ ഒരായുസ്സിന്റെ സങ്കടമുണ്ടെന്നറിയണം. ഇനിയെങ്കിലും മക്കൾക്കുവേണ്ടി കരയുന്ന അപ്പൻമാരുള്ള ഭൂമിയിൽ അപ്പന്മാർക്കുവേണ്ടി കരയുന്ന മക്കളുണ്ടാവണം. യൗസേപ്പെന്ന തച്ചന്റെ നെഞ്ചിലെ തീക്കനൽ പരിശുദ്ധ അമ്മയ്ക്കുവേണ്ടി മാത്രമായിരുന്നില്ല. ലോകത്തിലെ എല്ലാ അമ്മമാർക്കും വേണ്ടിയായിരുന്നു. അയാൾ കരഞ്ഞത് ഈശോയ്ക്കുവേണ്ടി മാത്രമായിരുന്നില്ല; ഈ ഭൂമിയുടെ നെഞ്ചിൽ പിറന്നുവീഴുന്ന ഓരോ കുഞ്ഞിനും വേണ്ടിയായിരുന്നു.

ഒരച്ഛൻ മക്കൾക്കു നൽകേണ്ട ഏറ്റവും വലിയ ഗിഫ്റ്റ് അവരോടൊപ്പം ചെലവഴിക്കുകയാണ്. ജോലികഴിഞ്ഞ് രാത്രി വൈകിയാണ് അയാൾ വീട്ടിലെത്താറ്. പതിവുപോലെ ക്ഷീണിച്ചെത്തിയ അപ്പനോട് അഞ്ചുവയസ്സുള്ള മകൻ ആകാംക്ഷയോടെ ചോദിക്കുകയാണ് ഒരു മണിക്കൂറിൽ അപ്പന് എത്ര രൂപ കിട്ടും? പത്തുരൂപ എനിക്ക് തരുമോ? അയാൾ ദേഷ്യപ്പെട്ടു, നിനക്ക് ആവശ്യത്തിന് കളിപ്പാട്ടങ്ങളില്ലേ... ജോലികഴിഞ്ഞ് ക്ഷീണിച്ച് വരുമ്പോഴാണ് നിന്റെ ഓരോ കിന്നാരം... കുളിച്ച് അത്താഴം കഴിഞ്ഞപ്പോഴാണ് അയാൾക്ക് അവനെ വിളിച്ചുണർത്തി ക്ഷമ ചോദിക്കണമെന്ന് തോന്നിയത്. അപ്പൻ പത്തു രൂപയുമെടുത്ത് അവന്റെ കിടക്കയുടെ അടുത്തെത്തി. അപ്പോഴും അവൻ ഉറങ്ങിയിട്ടില്ലായിരുന്നു. പത്തിന്റെ നോട്ട് കണ്ടതോടെ അവന്റെ മുഖം വിടർന്നു. തലയിണക്കിടയിലേക്ക് കയ്യിട്ട് രണ്ടു പത്തുരൂപാ നോട്ടുകൾ വലിച്ചെടുത്തു. അപ്പൻകൊടുത്ത പത്തുരൂപയോട് ചേർത്ത് പുഞ്ചിരിയോടെ മുപ്പതു രൂപ അപ്പനുനേരെ നീട്ടിയിട്ടു പറഞ്ഞു; "അപ്പാ, ഇത് മുപ്പത് രൂപയുണ്ട്. അപ്പയുടെ ഒരു മണിക്കൂറത്തെ ശമ്പളം. എന്നിട്ട് ഒരു മണിക്കൂർ എന്റെ കൂടെ ചെലവഴിക്കാമോ?" ആ അപ്പന്റെ കണ്ണുകൾ നിറഞ്ഞുവത്രേ, അവന്റെയും...

പിതൃത്വം ഒരു ഉത്തരവാദിത്തമാണ്. മക്കൾക്ക് നന്മയുടെ ആകാശം കാണിച്ചുകൊടുക്കാനുള്ള ഉത്തരവാദിത്തം. ചെളി വെള്ളത്തിൽനിന്ന് മാറി നടക്കാൻ തന്റേടമുണ്ടെന്ന് സ്വജീവിതംകൊണ്ട് തെളിയിക്കാനുള്ള സാധ്യതയുടെ പേരാണ് പിതൃത്വം. അപ്പന്റെ വിയർപ്പിന്റെ ഫലം പറ്റിയാണ് മക്കൾ വളരുന്നത്. എപ്പോഴും വീടിനുവേണ്ടി ചലിച്ചുകൊണ്ടിരിക്കുന്നയാളാണ് അപ്പൻ. അപ്പന്റെ അഴകും ആരോഗ്യവും അപഹരിച്ചാണ് ഓരോ മക്കളും വളരുന്നത്. അങ്ങനെയെങ്കിൽ മക്കൾ വളരുന്തോറും അപ്പൻ ചെറുതായിക്കൊണ്ടിരിക്കുകയല്ലേ. അതേ, അപ്പൻ ഇരുട്ടുനിറഞ്ഞ വഴിയിലൂടെ കടന്നുപോകുന്ന ഒരാൾക്ക് വെളിച്ചം നൽകുന്നയാൾതന്നെ. ഒരപ്പന്റെമുമ്പിൽ എപ്പോഴും ചോയിസ്സുകളുണ്ട്. അയാൾ നല്ലവനാണെങ്കിൽ തിരഞ്ഞെടുക്കുന്നത് എപ്പോഴും ശ്രേഷ്ഠഭാഗംതന്നെ. കുടുംബത്തിൽ അവസാനം ഒറ്റപ്പെട്ടുപോകുന്നയാളും അപ്പൻ തന്നെ.

നെഞ്ചിൽ കത്തിയ തീക്കനൽ പിന്നെയെപ്പോഴോ വെട്ടമായപ്പോൾ യൗസേപ്പ് തിരുസഭയുടെ കാവലാളായി. ഉള്ളിൽ കനൽ പേറുമ്പോൾ ഇനി പ്രകാശമുള്ളവരാണത്രേ... ഈ പ്രകാശ കിരണങ്ങളാകണം എല്ലാ കുടുംബങ്ങളിലും നിറഞ്ഞുനിൽക്കേണ്ടത്. കനലുകളെ പ്രകാശമാക്കാനുള്ള വിളിയായിരുന്നു തച്ചന്റേത്. നെഞ്ചിൽ തീ പേറുന്ന ആർക്കും അയാളെ കൂട്ടുപിടിക്കാമിനി. കാരണം, ഇപ്പോൾ അയാൾക്ക് വഴിയറിയാം, വഴികാട്ടിയേയും... ഇനി അയാൾതന്നെ വഴി പറഞ്ഞുതരും. സ്വർഗത്തിലേക്കുള്ള വഴി...

•

•കഥ •ഫാ. ജിജി കലവനാൽ





# സെൽഫി

ഉച്ചയൂണും കഴിഞ്ഞൊന്നു മയങ്ങാം എന്ന് വിചാരിച്ചപ്പോഴാണ് ലളിതയുടെ ഫോൺ വന്നത്.

"മേരിക്കുട്ടി ഊണ് കഴിച്ചോ?"

"എന്തേ തരാൻ വല്ല പ്ലാനും ഉണ്ടോ?"

"അതിന് ഞാൻ ഉണ്ടാക്കുന്നത് നിനക്ക് ദഹിക്കാറില്ലല്ലോ?"

"തന്നാലല്ലേ ദഹിക്കു." മേരിക്കുട്ടി വിട്ടുകൊടുത്തില്ല, "അല്ല എന്താ വിളിച്ചത്?."

"നീ എന്തോ ഒരു മെസ്സേജ് ഇട്ടിട്ട് ഡിലീറ്റ് ചെയ്തല്ലോ എന്തായിരുന്നു?" ലളിത വിഷയം അവതരിപ്പിച്ചു.

"എന്റെ മെസ്സേജ് നോക്കാൻ നിനക്ക് സമയമില്ലല്ലോ അതുകൊണ്ട് ഞാൻ അതങ്ങ് ഡിലീറ്റ് ചെയ്തു." ലളിതയുടെ ചോദ്യം പ്രതീക്ഷിച്ചിരുന്ന മേരിക്കുട്ടി അലസമായി മറുപടി പറഞ്ഞു.

"ഞാൻ അല്പം തിരക്കിലായിരുന്നു, അതുകൊണ്ട് രാവിലെ വാട്സ്ആപ്പ് നോക്കാനേ പറ്റിയില്ല."

"ലളിതേ നുണ പറയുന്നതിനൊരതിരുണ്ട്. മാതൃവേദിയുടെ ഗ്രൂപ്പിൽ നീ 10:27 ന മെസ്സേജ് അയച്ചല്ലോ? അപ്പോൾ whatsApp നോക്കിയില്ലെന്ന് നിനക്കെങ്ങനെ പറയാൻ സാധിക്കും? ഞാൻ നിനക്ക് 10:18 നാണ് മെസ്സേജ് അയച്ചത്. നിനക്കെന്റെ മെസ്സേജ് മാത്രം നോക്കാൻ സമയമില്ല. കഴിഞ്ഞ പ്രാവശ്യം നീ അയച്ച മെസ്സേജിന് മറുപടി അയയ്ക്കാൻ ഞാൻ താമസിച്ചു എന്നുപറഞ്ഞ് നീ എന്ത് പുകിലാ ഉണ്ടാക്കിയത് ? ചിലരുടെ മെസ്സേജ് കാണാനും മറുപടി ഇടാനും നിനക്ക് സമയമുണ്ട്." ലളിതയുടെ ചോദ്യത്തിന് നേരത്തെ മനസ്സിൽ മറുപടി തയ്യാറാക്കി വെച്ചിരുന്ന മേരിക്കുട്ടി എടുത്തി

ട്ടലക്കി. ശ്വാസം എടുക്കാൻപോലും ഒരു ഗ്യാപ്പിടാതെയുള്ള മറുപടി ആയിരുന്ന തിനാൽ ലളിതയ്ക്ക് ഇടയ്ക്ക് കയറി ഒന്നും പറയാനും പറ്റിയില്ല.

ഇതാദ്യമായല്ല വാട്സ്ആപ്പ് മെസ്സേജിനെപ്പറ്റി മേരിക്കുട്ടിയും ലളിതയും തമ്മിൽ കയർക്കുന്നത്. താൻ അയച്ച മെസ്സേജ് കണ്ടെങ്കിലും മറുപടി അയക്കാൻ താമസിച്ച എന്നുപറഞ്ഞ് രണ്ടാഴ്ച മുമ്പ് ലളിത മേരിക്കുട്ടിയോട് ഇടഞ്ഞിരുന്നു.

മേരിക്കുട്ടി ആർക്കെങ്കിലും മെസ്സേജ് അയച്ചാൽ അവരത് കണ്ടോ എന്ന് ഇടയ്ക്കിടയ്ക്ക് നോക്കിക്കൊണ്ടേയിരിക്കും. അഥവാ അവരത് കാണാൻ താമസിച്ചാൽ "ഇതെന്തേ മെസ്സേജ് കാണാത്തെ?" എന്ന് ആവലാതിപ്പെടും.

മേരിക്കുട്ടി വോയിസ് മെസ്സേജാണ് കൂടുതലും അയയ്ക്കുക. മെസ്സേജ് അയച്ചശേഷം അത് ഒന്നുരണ്ടു പ്രാവശ്യം കേൾക്കുന്നതു പതിവാണ്. മേരിക്കുട്ടിയുടെ ഈ പരിപാടി കാണുമ്പോൾ ടോണി ചൂടാകും.

"എന്തിനാ മമ്മീ, മമ്മിതന്നെ ഇട്ട മെസ്സേജ് ഇങ്ങനെ വീണ്ടും വീണ്ടും കേൾക്കുന്നത്?"

"തെറ്റൊണ്ടോന്നു നോക്കണ്ടേ?"

"അതിനെന്റെ മമ്മീ, അയയ്ക്കുന്നതിനുമുമ്പ് നോക്കണം. അല്ലാതെ മെസ്സേജ് അയച്ചശേഷമല്ല."

"അതെങ്ങനാടാ..." എന്ന് മേരിക്കുട്ടി ചോദിക്കുകയും, ടോണി വോയിസ് മെസ്സേജ് അയയ്ക്കാൻ പഠിപ്പിക്കുകയും ചെയ്താലും, മേരിക്കുട്ടി തന്റെ പഴയരീതിതന്നെ തുടർന്നുകൊണ്ടേയിരിക്കും. അതു കാണുമ്പോഴുള്ള ടോണിയുടെ നോട്ടം ഒഴിവാക്കാൻ മേരിക്കുട്ടി ടോണിയുടെ മുമ്പിൽവച്ച് മെസ്സേജ് അയക്കാറില്ല.

ആരെങ്കിലും തന്റെ മെസ്സേജിന് മറുപടി അയയ്ക്കാൻ താമസിച്ചാൽ "ഇവർക്കെന്താ ഒരു മറുപടി പറഞ്ഞാൽ!" എന്ന് മേരിക്കുട്ടി പിറുപിറുക്കും.

"മേരിക്കുട്ടി നീ ആരോടാണ് ഈ പിറുപിറുക്കുന്നതു" എന്ന് ജോണി ചോദിച്ചാൽ മേരിക്കുട്ടിയുടെ ദഹിപ്പിക്കുന്ന ഒരു നോട്ടമുണ്ട്. പിന്നെ ജോണി ഒന്നും പറയാറില്ല. ജോണിയെപ്പോലെ ജോണിയുടെ ഫോണും അത്ര സ്മാർട്ടല്ല എന്ന് മേരിക്കുട്ടി പരാതി പറയും. "ഒരുനല്ല ഫോൺ വാങ്ങെന്റെ ജോണീ. ജോണി അതും പിടിച്ചുനടക്കുന്നത് എനിക്ക് കുറച്ചിലാ." ജോണിയുടെ ഫോണിന്റെ പരിതാപമായ അവസ്ഥകണ്ട് മേരിക്കുട്ടി ദേഷ്യപ്പെടും.

"എനിക്ക് വാട്സ്ആപ്പ് നോക്കാനേ താല്പര്യമില്ല." ലൂസി വീമ്പിളക്കും. പക്ഷേ മാതൃവേദിയുടെ ഗ്രൂപ്പിൽ എല്ലാ ചപ്പുചവറുകളും കൊണ്ടിടുന്നത് ലൂസിയാണ് .

"എന്റെ പൊന്നു ലൂസി, ഇമ്മാതിരി കാര്യങ്ങൾ മാതൃവേദിയുടെ ഗ്രൂപ്പിൽ ഇടല്ലേ?" എന്ന് എത്രപറഞ്ഞാലും ലൂസി കേൾക്കാറില്ല. കെട്ടിയോൻ രാഷ്ട്രീയക്കാരൻ ആയതുകൊണ്ട് രാഷ്ട്രീയവും പ്രകോപനപരവുമായ കാര്യങ്ങളാണ് ലൂസി കൂടുതലും പോസ്റ്റ് ചെയ്യുക. ഇടയ്ക്ക് വർഗീയതയും. അത് എത്രപേർ കണ്ടു, കണ്ടില്ല, ലൈക്ക് അടിച്ചു, കമന്റ് ചെയ്തു ഇതൊന്നും ലൂസിയെ ബാധിക്കുന്ന കാര്യമല്ല. ലൂസി ചപ്പുചവറുകൾ ഇട്ടുകൊണ്ടേയിരുന്നു.

"മാതൃവേദിയുടെ പ്രധാനപ്പെട്ട പല വിവരങ്ങളും ലൂസിയുടെ പോസ്റ്റിന്റെ വെള്ളപ്പൊക്കത്തിൽ മുങ്ങിത്താണ് പോകുന്നു!" എന്ന് ആനിമേറ്റർ സിസ്റ്റർ എത്ര പറഞ്ഞിട്ടും ലൂസി വൈരാഗ്യ ബുദ്ധിയോടെ വെറുപ്പിക്കൽ തുടർന്നുകൊണ്ടേയിരുന്നു.

"ഈ സിസ്റ്ററിനും ഒരു വിവരമില്ല. പ്രധാനപ്പെട്ട വിവരങ്ങൾ ഗ്രൂപ്പിൽ പോസ്റ്റ് ചെയ്യുന്നതിനോടൊപ്പം ഒന്ന് വിളിച്ച് പറയണ്ടേ?" മേരിക്കുട്ടി ഇടയ്ക്കിടെ സിസ്റ്ററിനോട് ചൂടാകും

"ചില കാര്യങ്ങൾ അറിഞ്ഞില്ലല്ലോ!" എന്ന് പറയുമ്പോൾ "അതിന് ഞാൻ ഗ്രൂപ്പിൽ പോസ്റ്റ് ഇട്ടായിരുന്നല്ലോ!" എന്ന സിസ്റ്ററിന്റെ മറുപടി കേൾക്കുമ്പോൾ മേരിക്കുട്ടിക്ക് ചൊറിഞ്ഞുകേറും. അപ്പോൾ മേരിക്കുട്ടി പിറുപിറുക്കും. വാർത്തകളെ വിഴുങ്ങുന്ന ലൂസിയുടെ കൊങ്ങയ്ക്ക് പിടിക്കാനും തോന്നും.

മാതൃവേദി whatsApp ഗ്രൂപ്പിലെ അമ്മമാരുടെ സ്വഭാവം വളരെ മാതൃകാപരമാണ്. ചിലർ ഒരു മെസ്സേജിനും മറുപടി അയക്കില്ല. "കണ്ടില്ല!" എന്നായിരിക്കും മറുപടി. കാണാത്തതുകൊണ്ടല്ല മറുപടി അയയ്ക്കാത്തത് എന്ന് വ്യക്തമാണ്. ചിലർ ചിലരുടെ മെസ്സേജും പോസ്റ്റുകളും മനപ്പൂർവം അവഗണിക്കും. എന്നാൽ വേറെ ചിലരുടെ മെസ്സേജ് എത്ര അപ്രസക്തമാണെങ്കിലും ലൈക്കും, ഇമോജിയും, കമെന്റും വാരിക്കോരി ഇടും. കുശുമ്പും കുന്നായ്മയും മുനവച്ചുള്ള മെസ്സേജ് ഇടുന്നതിലും ആരും പിറകിലല്ല. എന്നാൽ പരസ്പരം കാണുമ്പോഴോ? സ്നേഹത്തിനൊരുകുറവും ഇല്ല.

അടുത്ത പള്ളിപ്പെരുന്നാളിന് ആരൊക്കെ കുട പിടിക്കണം എന്നതിനെപ്പറ്റിയുള്ള മെസ്സേജ് ആണ് മേരിക്കുട്ടി ഡിലീറ്റ് ചെയ്തത്. ആകപ്പാടെ 10 കുടയാണ് മാതൃവേദിക്കാർക്കുള്ളത്. യൂത്തിനു 16 കുട കൊടുത്തത് മാതൃവേദിക്കാരെ ചൊടിപ്പിച്ചു. അത് കൊച്ചച്ചന്റെ പണിയാണെന്നായിരുന്നു അമ്മമാരുടെ ഇടയിലുള്ള സംസാരം.

"സിസ്റ്ററിന് ചുണ ഇല്ലഞ്ഞിട്ടല്ലേ? അല്ലെങ്കിൽ ഈ പള്ളിയും പരിസരവും അടിച്ചു വാരുന്ന ഞങ്ങളെ അവരിങ്ങനെ അവഗണിക്കുമായിരുന്നോ?"

ഇനിയിപ്പോൾ പ്രശ്നം കുടയെടുക്കുന്ന പത്തുപേർ ആരായിരിക്കും എന്നതാണ്. മുടക്കംകൂടാതെ പള്ളി അടിച്ചുവാരുന്നവർക്ക് മുൻഗണന കൊടുക്കണമെന്നാണ് മേരിക്കുട്ടി വാദിക്കുന്നത്. അങ്ങനെയെങ്കിൽ ലളിത ഔട്ട്. അതുകൊണ്ടാണ് ലളിത മനപ്പൂർവം തന്റെ മെസ്സേജ് വായിക്കാത്തതെന്ന് മേരിക്കുട്ടിക്ക് മനസ്സിലായി.

മുത്തുക്കുട പിടിക്കാൻ ഇടിയാണ്. പ്രദക്ഷിണം പ്രദർശനത്തിനുള്ള ഒരു അവസരം കൂടിയാണ്. അണിഞ്ഞൊരുങ്ങി കുട പിടിക്കുന്നത് രസമുള്ള കാര്യമല്ലേ? മാതാവിനോടുള്ള ഭക്തി കാണിക്കാനാണെന്ന് പറഞ്ഞാലും അതിന് മാനുഷികമായ ചില തലങ്ങൾ കൂടി ഉണ്ട് എന്നതാണ് സത്യം, ആരും അത് പുറത്ത് പറയില്ലെങ്കിൽ കൂടിയും.

ഇപ്രാവശ്യം ടീന ഹൈദരാബാദിൽനിന്ന് വന്നപ്പോൾ മേരിക്കുട്ടിക്ക് ഒരു നല്ല സാരിയും അതിനുചേർന്ന ഫാഷൻ ജ്വല്ലറികളും വാങ്ങിക്കൊണ്ടുവന്നിരുന്നു.

"ഓ! എന്നെക്കൊണ്ടെങ്ങും ആകുവേല എല്ലാവർഷവും പുത്തൻ എടുക്കാൻ." എന്ന് പെരുന്നാളിന് പുത്തനെടുക്കുന്നുണ്ടോ എന്ന ചോദ്യത്തിന് മേരിക്കുട്ടി മാതൃവേദിയിൽ മറുപടി പറയും. "എവിടുന്നാണ് ഇതിനൊക്കെ പൈസ?" അതും എല്ലാവരും ഒരേ പോലുള്ള സാരി ഉടുക്കണം എന്നതിനോട് മേരിക്കുട്ടിക്ക് യോജിക്കാനേ പറ്റില്ല.

ടീന കൊണ്ടുവന്ന സാരിയെപ്പറ്റി മേരിക്കുട്ടി കൂട്ടുകാരികളോട് പറഞ്ഞില്ല. "ഞെട്ടട്ടെ!" എന്ന് മേരിക്കുട്ടി മനസ്സിൽ കരുതി. മേരിക്കുട്ടി അത് ഇടയ്ക്കിടയ്ക്ക് പെട്ടിയിൽ നിന്ന് എടുത്തു നോക്കും. അതു കാണുമ്പോൾ ജോണി ചോദിക്കും, "എന്താ മേരിക്കുട്ടി ഇത്ര നോക്കാൻ?"

>>>>>> പേജ് 24

വിദ്യാഭ്യാസശുശ്രൂഷ
തിരുവനന്തപുരം അതിരൂപത

# സ്റ്റുഡൻസ് ഫോറം യോഗസഹായി

**മേയ് 2026**

> **പ്രാർഥനാ ഗാനം**
> **പ്രാർഥന** (എല്ലാവരും ഏറ്റുചൊല്ലുന്നു)

സ്നേഹ സ്വരൂപനായ ദൈവമേ, ഞങ്ങളായ കൊച്ചുകുട്ടികളുടെ ഹൃദയം സ്നേഹത്തിൽ നിറച്ചതിനു നന്ദി. ഞങ്ങൾ തമ്മിൽ സ്നേഹത്തോടെ പെരുമാറാനും പരസ്പരം താങ്ങും തണലും ആകുവാനും ഞങ്ങളെ പഠിപ്പിക്കണമേ. ഞങ്ങളുടെ സുഹൃത്തുക്കളെ, മാതാപിതാക്കളെ, അധ്യാപകരെ ആദരിക്കാനും, സ്നേഹിക്കാനും, പങ്കിടാനും, ക്ഷമിക്കാനും മനസ്സുനൽകണമേ. എല്ലാവരെയും ഒരുപോലെ സ്നേഹിക്കാൻ ഞങ്ങളെ സഹായിക്കണമേ. ദൈവമേ, നിന്നോടുള്ള ഞങ്ങളുടെ സ്നേഹം ദിവസേന വർധിപ്പിക്കണമേ. നല്ല കുട്ടികളായി ജീവിക്കാനും, നല്ല ചിന്തകളാലും പരസ്പര സ്നേഹത്താലും ഞങ്ങളെ നയിക്കണമേ. ആമേൻ!

1സ്വർഗ, 1നന്മനിറഞ്ഞ മറിയമേ, 1ത്രിത്വസ്തുതി

> **സ്വാഗതം** (പ്രസിഡൻറ്)
> **റിപ്പോർട്ട്** (സെക്രട്ടറി)
> **ഹാജർ** (സെക്രട്ടറി)
> **അധ്യക്ഷപ്രസംഗം** (പ്രസിഡന്റ്)

പ്രിയപ്പെട്ട കൂട്ടുകാരേ ഈ മാസത്തെ ചിന്താവിഷയം: 'സ്നേഹം'

സ്നേഹം മനുഷ്യന്റെ ജീവിതത്തിലെ ഏറ്റവും മഹത്തായ വികാരമാണ്. ഒരാൾ മറ്റൊരാളെ ആത്മാർഥമായി കരുതുകയും മനസ്സിലാക്കുകയും ചെയ്യുന്നതാണ് സ്നേഹം. സ്നേഹം ഇല്ലാത്ത മനുഷ്യജീവിതം ശൂന്യവും നിറമില്ലാത്തതുമായിരിക്കും.

കുടുംബത്തിൽ അമ്മ, അച്ഛൻ, സഹോദരങ്ങൾ എന്നിവരോടുള്ള സ്നേഹം നമ്മെ സുരക്ഷിതരാക്കുന്നു. സുഹൃത്തുക്കളോടുള്ള സ്നേഹം നമ്മെ സന്തോഷിപ്പിക്കുകയും ജീവിതത്തിലെ ദു:ഖങ്ങൾ മറികടക്കാൻ സഹായിക്കുകയും ചെയ്യുന്നു. സമൂഹത്തിൽ എല്ലാവരോടും കരുണയും ബഹുമാനവും കാണിക്കുന്നതും സ്നേഹത്തിന്റെ ഒരു രൂപമാണ്.

സ്നേഹം മനുഷ്യരെ തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു ശക്തിയാണ്. വഴക്കുകളും വൈരങ്ങളും ഇല്ലാതാക്കാനും സമാധാനം നിലനിർത്താനും സ്നേഹത്തിന് കഴിയും. സ്നേഹമുള്ള ഒരാൾ മറ്റുള്ളവരുടെ വേദന മനസ്സിലാക്കുകയും സഹായിക്കാൻ തയ്യാറാകുകയും ചെയ്യും. സ്നേഹം ജീവിതത്തിന്റെ ആത്മാവാണ്. സ്നേഹം പകരുമ്പോൾ ലോകം കൂടുതൽ നല്ലതും മനോഹരവുമായ സ്ഥലമാകും.

## സ്നേഹവുമായി ബന്ധപ്പെട്ട ഗെയിംസ്

**'സ്നേഹവാക്കുകൾ'**

ഒരു കുട്ടി ഒരു നല്ല വാക്ക് പറയും (ഉദാ: 'സഹായം, കരുണ'). അടുത്ത കുട്ടി അതുമായി ബന്ധപ്പെട്ട മറ്റൊരു സ്നേഹവാക്ക് പറയണം.

**'ആരെയെങ്കിലും സന്തോഷിപ്പിക്കാം'**

കുട്ടികൾ ഓരോരുത്തരും ഒരാൾക്ക് ഒരു നല്ല കാര്യം ചെയ്യുന്നതായി പറയണം. ഉദാ: 'ഞാൻ അമ്മയെ സഹായിക്കും', 'ഞാൻ സുഹൃത്തിന് പുസ്തകം കൊടുക്കും'.

**'സ്നേഹ നാടകം'**

ചെറിയ സംഘങ്ങളായി വിഭജിച്ച് സ്നേഹം കാണിക്കുന്ന ഒരു ചെറിയ അഭിനയരംഗം അവതരിപ്പിക്കുക.

**വായന പരിശീലനം** (ന്യൂസ് പേപ്പർ എഡിറ്റോറിയൽ പേജ് (മലയാളം / ഇംഗ്ലീഷ്)

**പ്രസംഗ പരിശീലനം** (അഞ്ചുപേർ 2 മിനിറ്റു വീതം)

വിഷയം:

- സ്നേഹത്തിന്റെ മഹത്വം
- സ്നേഹം-മനുഷ്യ ജീവിതത്തിന്റെ അടിസ്ഥാനം
- സ്നേഹവും സഹാനുഭൂതിയും

**ക്വിസ് മത്സരം**

- സ്നേഹം എന്താണ്?
- ആരോടൊക്കെയാണ് നമ്മൾ സ്നേഹം കാണിക്കേണ്ടത്?
- സ്നേഹം ഉണ്ടെങ്കിൽ എന്തുണ്ടാകും?
- ഒരു സ്നേഹമുള്ള വ്യക്തി എങ്ങനെ ആയിരിക്കും?

> **മറ്റ് മത്സരങ്ങൾ** (ഉപന്യാസം, കവിത, കഥ)

- സ്നേഹം ലോകത്തെ മാറ്റുന്ന ശക്തി
- സ്നേഹവും സൗഹൃദവും
- സ്നേഹം ഇല്ലാത്ത ലോകം എങ്ങനെയായിരിക്കും.

> **ജന്മദിനാശംസകൾ/അഭിനന്ദനങ്ങൾ**

> **തൊഴിൽ പഠന മത്സര മേഖലയെ പരിചയപ്പെടുത്തൽ** (വൈസ് പ്രസിഡൻറ്)

> **സ്കോളർഷിപ്പ്/ പ്രവേശന പരീക്ഷകളെ പരിചയപ്പെടുത്തൽ** (ട്രഷറർ)

> **വിദ്യാഭ്യാസ സമിതിയിൽനിന്നുള്ള അറിയിപ്പുകൾ** (ഇടവക/ ഫെറോന/രൂപത)

> **ചർച്ച:**

**'കുറുക്കുവഴി (വിശുദ്ധ കൊച്ചുത്രേസ്യയുടെ ആധ്യാത്മികത)'**

**അയൽക്കാരനെ സ്നേഹിക്കുക**

തന്റെ സ്നേഹിതർക്കുവേണ്ടി ജീവൻ ബലികഴിക്കുന്നതിനെക്കാൾ കൂടുതൽ ശ്രേഷ്ഠമായ സ്നേഹം ഒരുവനില്ല. ഈ ദൈവവചനത്തെക്കുറിച്ചു ധ്യാനിച്ചപ്പോൾ ഞാൻ ഗ്രഹിച്ചു. സന്യാസിനിസഭയിൽ എനിക്കുള്ള സഹോദരിമാരോടുള്ള എന്റെ സ്നേഹം എത്ര അപൂർണമാണ്. നമ്മുടെ കർത്താവ് അവരെ സ്നേഹിക്കുന്നതുപോലെ ഞാൻ അവരെ സ്നേഹിച്ചിട്ടില്ലല്ലോ. എല്ലാ അയൽക്കാരുടേയും കുറ്റങ്ങൾ സഹിക്കുന്നതിലും അവരുടെ തെറ്റുകളിൽ ആശ്ചര്യപ്പെടാതെ (പരിഗണി

ക്കാതെ) അവരുടെ നിസ്സാരമായ സദ്ഗുണങ്ങളിൽപോലും ഉത്തേജിതയാകുന്നതിലും ആണ് യഥാർഥ ഉപവിസ്ഥിതിചെയ്യുന്നതെന്ന് ഇപ്പോൾ ഞാൻ ഗ്രഹിക്കുന്നു. ഒരു സഹോദരിയുടെ തെറ്റ് പിശാച് എന്റെ മുമ്പാകെ വച്ചെന്നിരിക്കട്ടെ. ഉടനെതന്നെ അവളുടെ സദ്ഗുണങ്ങളും നിയോഗവും (ഉദ്ദേശശുദ്ധിയും) ഞാൻ പരിഗണിക്കുകയായി, ഒരിക്കൽ അവൾക്കു തെറ്റുപറ്റിയത് ഞാൻ കണ്ടെങ്കിലും അതിന്റെ മേൽത്തന്നെ അവൾ അനേകതവണ വിജയം നേടിയിട്ടുണ്ടെന്നും, തന്റെ എളിമമൂലം അവളതു മറച്ചുപിടിക്കയാണെന്നും.

നിങ്ങൾ എന്നെ തെരഞ്ഞെടുക്കുകയല്ല, ഞാൻ നിങ്ങളെ തെരഞ്ഞെടുക്കുകയാണ് ചെയ്തത്. നിങ്ങൾ പോയി ഫലം പുറപ്പെടുവിക്കുന്നതിനും നിങ്ങളുടെ ഫലം നിലനിൽക്കുന്നതിനും നിങ്ങളെ നിയോഗിച്ചിരിക്കുന്നു. തന്മൂലം നിങ്ങൾ എന്റെ നാമത്തിൽ പിതാവിനോടു ചോദിക്കുന്നതെന്തും അവിടുന്നു നിങ്ങൾക്കു നൽകും. ഞാൻ നിങ്ങളോടു കൽപിക്കുന്നു. പരസ്പരം സ്നേഹിക്കുവിൻ.

തെറ്റാണെന്നു കാണപ്പെടുന്ന കാര്യം അവളുടെ നല്ല ഉദ്ദേശ്യം വഴി ഒരു സദ്കൃത്യമായേക്കാമെന്നും ഞാൻ വിചാരിക്കുകയായി. ഇക്കാരണങ്ങളാൽ എനിക്കു സ്വാഭാവികമായി വെറുപ്പു തോന്നുന്ന ആ സഹോദരിമാരുടെ സൗഹൃദം ഞാൻ തേടണമെന്നും അവരുടെ അടുക്കൽ ഒരു നല്ല സമരിയാക്കാരിയായി വർത്തിക്കണമെന്നും ഞാൻ തീരുമാനിക്കുന്നു. മ്ലാനതയുള്ള ഒരാത്മാവിനു നവചൈതന്യം നൽകുന്നതിന് പലപ്പോഴും ഒരു വാക്കോ പുഞ്ചിരിയോ മതിയാകും.

സമാശ്വാസം നൽകാമെന്നുള്ള പ്രതീക്ഷയിലല്ലാ ദയാപൂർവം പ്രവർത്തിക്കുവാൻ ഞാൻ ആഗ്രഹിക്കുക. അങ്ങനെയെങ്കിൽ പെട്ടെന്ന് ഞാൻ മടുത്തുപോകും. കാരണം പലപ്പോഴും നല്ല ഉദ്ദേശ്യത്തോടുകൂടിയ നമ്മുടെ വാക്കുകൾ തെറ്റിദ്ധരിപ്പിക്കപ്പെട്ടേക്കും. അതിനാൽ സമയവും പ്രവൃർത്തിയും നഷ്ടമായിപ്പോകാതിരിക്കാൻ നമ്മുടെ കർത്താവിനെ ഇഷ്ടപ്പെടുത്തുവാൻവേണ്ടിമാത്രം ഞാൻ പ്രവർത്തിക്കുന്നു.

വി.ലൂക്കാ 6:27-36: 'എന്റെ വാക്കു ശ്രവിക്കുന്ന നിങ്ങളോടു ഞാൻ പറയുന്നു, ശത്രുക്കളെ സ്നേഹിക്കുവിൻ, നിങ്ങളെ ദ്വേഷിക്കുന്നവർക്ക് നന്മ ചെയ്യുവിൻ; ശപിക്കുന്നവരെ അനുഗ്രഹിക്കുവിൻ; അധിക്ഷേപിക്കുന്നവർക്കുവേണ്ടി പ്രാർഥിക്കുവാൻ. ഒരു ചെകിടത്ത് അടിക്കുന്നവന് മറ്റേ ചെകിടുകൂടി കാണിച്ചു കൊടുക്കുക. മേലങ്കി എടുക്കുന്നവനെ കുപ്പായംകൂടി എടുക്കുന്നതിൽനിന്ന് തടയരുത്. നിന്നോടു ചോദിക്കുന്ന ഏതൊരുവനും കൊടുക്കുക. നിന്റെ വസ്തുക്കൾ എടുത്തുകൊണ്ടു പോകുന്നവനോടു തിരികെ ചോദിക്കരുത്. മറ്റുള്ളവർ നിങ്ങളോട് എങ്ങനെ പെരുമാറണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നുവോ, അങ്ങനെതന്നെ നിങ്ങൾ അവരോടും പെരുമാറുവിൻ. നിങ്ങളെ സ്നേഹിക്കുന്നവരെ നിങ്ങൾ സ്നേഹിക്കുന്നതിൽ എന്തുമേന്മയാണുള്ളത്? പാപികളും തങ്ങളെ സ്നേഹിക്കുന്നവരെ സ്നേഹിക്കുന്നുണ്ടല്ലോ. നിങ്ങൾക്ക് നന്മ ചെയ്യുന്നവർക്കു നിങ്ങൾ നന്മ ചെയ്യുന്നതിൽ എന്തുമേന്മയാണുള്ളത്?

> നന്ദി

> മാതാവിനോടുള്ള ഗാനം

•

തയ്യാറാക്കിയത് : ശ്രീമതി. അയോണ ഗ്രേസ് പാരീസ് & ശ്രീമതി. പ്രഷീല ജോസഫ്

(സ്റ്റുഡൻസ് ഫോറം റിസോഴ്സ് ടീമംഗം)



>>>>> പേജ് 21 തുടർച്ച

"അത് ജോണിക്ക് മനസ്സിലാകി ല്ല. ഞാൻ ഇതെത്രമാത്രം ആഗ്രഹിച്ച താണെന്നറിയാമോ?"

"പെട്ടിനിറയെ നിന്റെ സാരിയാ. കഴിഞ്ഞ ആഴ്ചയല്ലേ പുത്തൻ ഒരെണ്ണം എടുത്തത്?"

"അതല്ലേ സിസിലിയുടെ മോളുടെ കല്യാണത്തിന് ഉടുത്തത്? അത് തീം കളർ അല്ലായിരുന്നോ? അതെങ്ങനെ ഇനി പെരുന്നാളിന് ഉടുക്കും?"

മേരിക്കുട്ടി ടീന കൊണ്ടുവന്ന മുത്തുമാലയും വളയും ഇട്ടു കണ്ണാടിയുടെ മുമ്പിൽ നിന്ന് നോക്കി.

"നല്ലതല്ലേ ജോണി?"

"അപ്പോൾ നിന്റെ സ്വർണമാലയോ?"

"ജോണി ഏത് കാലഘട്ടത്തിലാ ജീവിക്കുന്നത് ? അതല്ലേ എല്ലാ ദിവസവും ഇടുന്നത്? ഇതാണ് ഇപ്പോഴത്തെ ഫാഷൻ. ജോണി ശ്രദ്ധിച്ചിട്ടുണ്ടോ, ഇപ്പോഴത്തെ പെൺപിള്ളേർ മാലയൊന്നും ഇടാറില്ല. അതാണ് അവരുടെ ഫാഷൻ. അല്പം പ്രായമായവർ വിശേഷദിവസങ്ങളിൽ ഇത് മാതിരി ഫാഷൻ ജ്വല്ലറികൾ ആണ് ഇടുന്നത്."

"അപ്പോൾ നീ ഇപ്പോൾ ഇട്ടിരിക്കുന്ന കൊന്തയോ?"

"ഫാഷൻ ജ്വവലറിയും കൊന്തയും ചേർന്നു പോകില്ല. അല്ലേലും ഒരു ദിവസം കൊന്ത ഇട്ടില്ല എന്ന് വിചാരിച്ച് മാതാവ് കോപിക്കാൻ ഒന്നും പോകുന്നില്ല. മാതാവും ഒരു സ്ത്രീയല്ലേ? മനസ്സിലാവും."

ജോണി മേരിക്കുട്ടിയെ അദ്ഭുതത്തോടെ നോക്കി.

"നീ കഴുത്തും വെളുപ്പിച്ചുകൊണ്ട് നടന്നോ. ഒരു കൊന്തച്ചരടെങ്കിലും കഴുത്തിലിടടീ. ആരോടു പറയാൻ?" എന്നുപറഞ്ഞു ടീനയോടു കയർക്കുന്ന മേരിക്കുട്ടി തന്നെയാണോ തന്റെ മുമ്പിൽ നിൽക്കുന്നത് എന്ന് ജോണി ഒന്നുകൂടെ നോക്കി .

പെരുന്നാളിന് മേരിക്കുട്ടിക്കും ലൂസിക്കും പിടിക്കാൻ കുട കിട്ടിയെങ്കിലും മാതാവിന്റെ രൂപത്തിനടുത്ത് നിൽക്കാൻ പറ്റിയില്ല എന്ന് രണ്ടുപേരും പരാതിപ്പെട്ടു. പ്രദക്ഷിണ സമയത്ത് ലളിത ആ വഴിക്കേ വന്നില്ല. കുട കിട്ടിയില്ല, അത്രതന്നെ.

"കേമമായിപ്പോയി, വല്ലപ്പോഴും പള്ളിയടിച്ചുവാരാൻ വരണം." ലൂസി പറഞ്ഞു.

പെരുന്നാള് കഴിഞ്ഞുള്ള മീറ്റിംഗിൽ പൊരിഞ്ഞ അടിനടക്കുമെന്നു തീർച്ചയാണ്. ലളിതയോടാ കളി?

മേരിക്കുട്ടിയുടെ സാരിയും ഫാഷൻ ജ്വവലറിയും പലരും പ്രശംസിച്ചു പറഞ്ഞു. ലളിത ശരിക്കും ഞെട്ടി. അതുകണ്ട് മേരിക്കുട്ടി മനസ്സിൽ ചിരിച്ചു.

"മേരിക്കുട്ടി പൊളിച്ചു!" എന്ന ആനിമേറ്റർ സിസ്റ്ററിന്റെ കമൻറ് ആണ് മേരിക്കുട്ടിക്ക് ഏറ്റവും ഇഷ്ടപ്പെട്ടത്.

എല്ലാ ദിവസവും ചാരനിറത്തിലുള്ള ചാക്ക് വസ്ത്രം ധരിക്കുന്ന സിസ്റ്ററിനോട് മേരികുട്ടിക്കു ആദ്യമായി സഹതാപം തോന്നി. സഭ അനുവദിച്ചിരുന്നെങ്കിൽ അവരും കുറച്ചുകൂടി കളർഫുൾ ആകുമായിരുന്നില്ലേ?

ലൂസി തന്റെ സാരിയിലേക്കു ഏറുകണ്ണിട്ടു നോക്കുന്നത് കണ്ടില്ലെന്ന് മേരിക്കുട്ടി നടിച്ചു. പ്രദക്ഷിണത്തിന്റെ സമയത്തു കൊന്ത ചൊല്ലുന്നുണ്ടായിരുന്നെങ്കിലും പല വിചാരത്തോണിയിൽ മേരിക്കുട്ടിയുടെ മനസ്സ് ഒഴുകി നീങ്ങി. പ്രദക്ഷിണം പള്ളിയിൽ തിരിച്ചെത്തുമ്പോൾ പള്ളിമുറ്റത്തുനിന്ന് ഒരു സെൽഫി എടുത്ത് സ്റ്റാറ്റസ് ഇടണമെന്ന് മേരിക്കുട്ടി മനസ്സിൽ ഉറച്ചു. നാലുപേര് കാണട്ടെ, അല്ല പിന്നെ! •



•ലേഖനം •റവ. ഡോ. ലെനിൻ രാജ് റ്റി.
മാനേജിംഗ് ഡയറക്ടർ, ജൂബിലി ഹോസ്പിറ്റൽ,
തിരുവനന്തപുരം



# സാന്ത്വനം ആരോഗ്യ സമൃദ്ധി പുരോഗമന പാതയിൽ

സമൂഹത്തിലെ രോഗികളെയും പ്രത്യേകിച്ച് കിടപ്പുരോഗികളെയും ക്യാൻസർ പോലെയുള്ള രോഗബാധിതരെയും വയോധികരെയും ഏകാന്തരായി കഴിയുന്നവരെയും കണ്ടെത്തി, അവരെ കേൾക്കുവാനും ശുശ്രൂഷിക്കുവാനും സഹായിക്കുവാനും മുന്നോട്ടുവരുന്ന ഇടവകകളെ സഹായിക്കുകയും അതിനായി സന്നദ്ധരായ വോളന്റിയേഴ്സിനെ പരിശീലിപ്പിക്കുകയും ചെയ്യുന്ന പദ്ധതിയാണ് സാന്ത്വനം ആരോഗ്യസമൃദ്ധി പദ്ധതി. ജൂബിലി 2025 സമാപന സമ്മേളനത്തിൽ ഉദ്ഘാടനം ചെയ്യപ്പെട്ട ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ നിലവിൽ പരുത്തിയൂർ, ഇരയിമ്മൻതുറൈ, അഞ്ചുതെങ്ങ് എന്നീ മൂന്ന് ഇടവകകളിൽ ആരംഭിച്ചിരിക്കുന്നു. വിവിധ ശുശ്രൂഷാസമിതികളുടെ സഹായത്തോടെ നടപ്പിലാക്കപ്പെടുന്ന ഈ പദ്ധതി 2026-27 ബജറ്റ് ഇനത്തിൽ, പത്ത് ഇടവകകളിലെങ്കിലും പ്രാവർത്തികമാക്കാൻ ലക്ഷ്യമിടുന്നു. നിലവിൽ ഈ പദ്ധതിയുമായി മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുന്ന ഇടവകകളിൽ നടപ്പിലാക്കിയ പ്രവർത്തന അവലോകനം ചുവടെ ചേർക്കുന്നു.

## സെന്റ് മേരി മാഗ്ദലിൻ ദേവാലയം, പരുത്തിയൂർ

ഇടവക വികാരി ഡേവിഡ്സൺ അച്ചന്റെ നേതൃത്വത്തിൽ ഇടവക കമ്മിറ്റി അംഗങ്ങളുടെയും ബി .സി .സി. ഭാരവാഹികളുടെയും വിവിധ ശുശ്രൂഷാസമിതികളുടെയും നേതൃത്വത്തിൽ, 2025 ആഗസ്റ്റ് 29-ാം തീയതി ഒരു വോളന്റിയേഴ്സ് ടീം രൂപീകരിക്കുകയും ജൂബിലി ആശുപത്രിയിലെ ഡോക്ടേഴ്സ്, നഴ്സസ്, മറ്റ് സ്റ്റാഫ് അംഗങ്ങൾ എന്നിവർ ഈ വോളന്റിയേഴ്സിന് ബോധവല്ക്കരണ ക്ലാസ് നൽകുകയും ചെയ്തു. ക്ലാസ്സിൽ പങ്കെടുത്ത സന്നദ്ധപ്രവർത്തകരിൽനിന്ന് മുപ്പതുപേരെ ഇടവകയിലുള്ള വാർഡുകളിൽ രോഗികളെ സഹായിക്കാൻവേണ്ടി തിരഞ്ഞെടുത്തു. തിരഞ്ഞെടുത്തവർക്ക് രണ്ട് ടീം ആയി, 2025 നവംബർ 7,10 തീയതികളിലായി ജൂബിലി ആശുപത്രിയിൽവച്ച് നഴ്സിംഗ് സൂപ്രണ്ടിന്റെ നേതൃത്വത്തിൽ രോഗീ പരിചരണത്തെക്കുറിച്ച് പരിശീലനം നൽകി.

ഇടവകയിലുള്ള പതിനൊന്ന് വാർഡുകളിലും ജീവിതശൈലി രോഗങ്ങൾ കണ്ടുപിടിക്കാനുള്ള ഉപകരണങ്ങൾ നൽകി. ജൂബിലി ഹോസ്പിറ്റലിലെ കൗൺസിലർ സിസ്റ്റർ മാഗി, ഡോക്ടർ ജോർജ് എന്നിവർ ഇടവകയിൽച്ചെന്ന് 2026 ഫെബ്രുവരി 27-ാം തീയതി ആരോഗ്യ ബോധവല്ക്കരണ ക്ലാസ് നൽകി. ശ്രദ്ധിക്കപ്പെടാത്ത, പ്രമേഹം കാരണം ബുദ്ധിമുട്ട് നേരിടുന്ന ഇടവകയിലെ ഒരു രോഗിയെ ഇടവക വി





കാരിയുടെയും ഹെൽത്ത് വോളന്റിയർ സിസ്റ്ററിന്റെയും വോളന്റിയേഴ്സിന്റെയും നേതൃത്വത്തിൽ ജൂബിലി ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും, നിർധനയായ രോഗിക്ക് ആശുപത്രിയുടെ സഹായത്തോടെയും വോളന്റിയേഴ്സ് സന്മനസ്സുള്ള വ്യക്തികളിൽനിന്നും ശേഖരിച്ച സംഭാവനകളിലൂടെയും തുടർ ചികിത്സ ലഭ്യമാക്കുകയും ചെയ്തു. വരുംദിവസങ്ങളിൽ നടത്തുവാനുള്ള മെഡിക്കൽ ക്യാമ്പുകൾ, ബോധവല്ക്കരണ പരിപാടികൾ, രോഗികളെ ഭവനങ്ങളിൽ സന്ദർശിച്ച് സഹായിക്കൽ എന്നീ പ്രവർത്തനങ്ങൾ ഇടവകയിൽ ആസൂത്രണം ചെയ്തു. ആശുപത്രിയിലെ ജൂനിയർ ഡോക്ടേഴ്സും അർഹതപ്പെട്ട രോഗികളെ ഇടവകയിൽ സന്ദർശിക്കാൻ താല്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്.

## സെന്റ് ലൂസിയ ചർച്ച്, ഇരയിമ്മൻതുറൈ

മാർത്തോമാ അച്ചന്റെയും ഇടവകയിലെ സിസ്റ്റേഴ്സിന്റെയും നേതൃത്വത്തിൽ തിരഞ്ഞെടുത്ത ഹെൽത്ത് വോളന്റിയേഴ്സ് 2025 ഡിസംബർ 6-ാം തീയതി ജൂബിലി ആശുപത്രി സന്ദർശിക്കുകയും സാന്ത്വനം ആരോഗ്യ സമൃദ്ധി പദ്ധതിയെക്കുറിച്ച് വിശദമായി മനസ്സിലാക്കുകയും ചെയ്തു. അതിന്റെ വെളിച്ചത്തിൽ ഇടവകയിൽ കോർ ടീം രൂപീകരിക്കുകയും ഇടവക തിരുനാളിനോടനുബന്ധിച്ച് ഡിസംബർ 8-ാം തീയതി ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ ഉദ്ഘാടനം ചെയ്യുകയും ഹെൽത്ത് വോളന്റിയേഴ്സിന് യൂണിഫോം നൽകുകയും ചെയ്തു. ഇടവകയിലുള്ള കിടപ്പ് രോഗികൾ, ക്യാൻസർ രോഗികൾ മറ്റ് പ്രത്യേക കരുതൽ, പരിഗണന വേണ്ടവരുടെ ലിസ്റ്റ് തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. വരുംദിവസങ്ങളിൽ ഇടവകയുടെ ആരോഗ്യ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന വോളന്റിയേഴ്സിന് പരിശീലനവും മറ്റ് സഹായങ്ങളും ആശുപത്രി നൽകും.

## സെന്റ് പീറ്റേഴ്സ് ഫൊറോന ചർച്ച്, അഞ്ചുതെങ്ങ്

സന്തോഷ്കുമാർ അച്ചൻ അഞ്ചുതെങ്ങ് ഇടവകയിൽ സാന്ത്വനം ആരോഗ്യസമൃദ്ധി പദ്ധതി നടപ്പിലാക്കണമെന്ന് ആഗ്രഹം പ്രകടിപ്പിച്ചു. ഈ പ്രവർത്തനങ്ങളിൽ മുന്നിൽനിൽക്കുന്ന പരുത്തിയൂർ ഇടവക വികാരി ഫാ. ഡേവിഡ്സൺ, 2026 ജനുവരി 25 ന് അഞ്ചുതെങ്ങ് ഇടവകയിലെ ബി. സി .സി ലീഡേഴ്സിന് പദ്ധതിയെക്കുറിച്ചുള്ള വിശദീകരണം നൽകി. ഇതിൽനിന്നും തിരഞ്ഞെടുത്ത വോളന്റിയേഴ്സിന് ഈ പദ്ധതിയെക്കുറിച്ചുള്ള സാധ്യതകളെയും ഗുണങ്ങളെയുംകുറിച്ച് ജൂബിലി ആശുപത്രി ഡയറക്ടർ ലെനിൻ രാജ് അച്ചൻ ഫെബ്രുവരി 1 ന് വിശദമായി ക്ലാസ് എടുത്തു. ഇവരിൽനിന്ന് വാർഡുകളിൽ പ്രവർത്തിക്കാനുള്ള വോളന്റിയേഴ്സിനെയും അവരെ സഹായിക്കുവാനുള്ള കോർ ഗ്രൂപ്പ് അംഗങ്ങളെയും തിരഞ്ഞെടുത്തു. അടുത്ത ഒരു വർഷക്കാലം ഈ പദ്ധതിയിലൂടെ ഇടവകയിൽ നടപ്പിലാക്കാനുള്ള പ്രവർത്തനങ്ങൾ സംബന്ധിച്ച് ചർച്ച നടത്തി. 2026 മാർച്ച് 22-ാം തീയതി ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ ഉദ്ഘാടനം ചെയ്തു. ഈ വർഷത്തെ വിശുദ്ധവാരത്തിൽ വോളന്റിയേഴ്സിനെ വിളിച്ചുകൂട്ടാനും ലഭ്യമാക്കേണ്ട സേവനങ്ങളെ സംബന്ധിച്ച് അന്തിമരൂപം നൽകുന്നതിനും തീരുമാനിച്ചു.

സാന്ത്വനം ആരോഗ്യസമൃദ്ധി, അതിരൂപതയുടെ ഒരു സ്വപ്നപദ്ധതിയാണ്. അതിരൂപതയുടെ സാമൂഹ്യശുശ്രൂഷ, അല്മായശുശ്രൂഷ, യുവജനശുശ്രൂഷ, കുടുംബ ശുശ്രൂഷ മറ്റ് ശുശ്രൂഷകളുടെ സഹായത്തോടെയും, ജൂബിലി മെമ്മോറിയൽ ആശുപത്രിയുടെ സഹകരണത്തോടെയും ഈ പദ്ധതി മുഖേന ഒരു സമഗ്ര ആരോഗ്യ ബോധവല്ക്കരണം സൃഷ്ടിക്കാൻ കഴിയും. കൂടാതെ നമ്മുടെ ഇടവകയിലുള്ള രോഗികളെ കണ്ടെത്തുവാനും പരിചരിക്കുവാനും സഹായിക്കുവാനും നമ്മുടെയിടയിൽനിന്നുതന്നെ ഒരു കൂട്ടം വോളന്റിയേഴ്സിനെ ഒരുക്കിയെടുക്കാൻ കഴിയും. വിവിധ ബോധവല്ക്കരണ പരിപാടികളിലൂടെയും എല്ലാവരുടെയും പ്രവർത്തന സഹകരണത്തിലൂടെയും 'രോഗമില്ലാത്ത, രോഗികളില്ലാത്ത എന്റെ ഇടവക' എന്ന സ്വപ്നം സാക്ഷാത്കരിക്കാൻ നമുക്ക് സാധിക്കട്ടെ. •



•ലേഖനം •ആൻലെറ്റ് നെവി. ജെ



# മണലിലെ രാജാവ് : ഇനി ഇന്ത്യയെ നയിക്കും




ഇന്ത്യൻ നാഷണൽ ബീച്ച് സോക്കർ ടീമിന്റെ നായകൻ രോഹിത് യേശുദാസ് 22–ാം വയസ്സിൽ രാജ്യത്തെ നയിച്ചിട്ടും ഒരു വിക്കിപീഡിയ പേജ് പോലുമില്ലാത്ത തിരുവനന്തപുരത്തെ മത്സ്യത്തൊഴിലാളി കുടുംബത്തിലെ പയ്യൻ. ഇന്ത്യയുടെ തീരപ്രദേശങ്ങളിലെ ചെറിയൊരു കൂട്ടത്തിനപ്പുറം ആരും അവന്റെ പേര് കേട്ടിട്ടുണ്ടാവില്ല.

രാത്രി 10 30 ആകുമ്പോൾ അവൻ ആ മുറികൾക്ക് മുന്നിലെത്തും. ഒരു നിശ്ശബ്ദ കരാർ എന്നോണം സഹതാരങ്ങൾ തങ്ങളുടെ ഫോണുകൾ അവന്റെ കൈകളിൽ ഏൽപിക്കും . ഇൻസ്റ്റഗ്രാമിലെ സ്ക്രോളിങ്ങും വൈകിയുള്ള ചാറ്റിങ്ങും അവിടെയില്ല. ഇനി കൂട്ടായിട്ടുള്ളത് 147 കോടി ജനതയുടെ സ്വപ്നങ്ങളും പ്രതീക്ഷകളും മാത്രം. ആർത്തിരമ്പുന്ന കടലിന്റെ ശബ്ദത്തിൽ പോലും ശാന്തമായി കിടന്നവൻ ഈ രാത്രിയുടെ നിശ്ശബ്ദതയിൽ സ്വപ്നമില്ലാത്തവനായി മാറുന്നു. ഇത് ഒരു നിയന്ത്രണം അല്ല മറിച്ച്, ഇന്ത്യ എന്ന തന്റെ രാജ്യത്തിനോടുള്ള കരുതലും സ്നേഹവുമാണ്. ഇന്ത്യൻ നാഷണൽ ബീച്ച് സോക്കർ ടീമിന്റെ നായകൻ രോഹിത് യേശുദാസ് 22-ാം വയസ്സിൽ രാജ്യത്തെ നയിച്ചിട്ടും ഒരു വിക്കിപീഡിയ പേജ് പോലുമില്ലാത്ത തിരുവനന്തപുരത്തെ മത്സ്യത്തൊഴിലാളി കുടുംബത്തിലെ പയ്യൻ. ഇന്ത്യയുടെ തീരപ്രദേശങ്ങളിലെ ചെറിയൊരു കൂട്ടത്തിനപ്പുറം ആരും അവന്റെ പേര് കേട്ടിട്ടുണ്ടാവില്ല.

## എന്താണ് ബീച്ച് സോക്കർ?

നമ്മൾ കണ്ടുശീലിച്ച പുൽമൈതാനങ്ങളിലെ ഫുട്ബോൾ അല്ല ഇത്. കൂടുതൽ വേഗതയേറിയതും കാണികളെ ആവേശം കൊള്ളിക്കുന്നതും ആണത്. വെറും കാലിൽ മണൽപരപ്പിൽ കളിക്കുന്ന, ഒരു ടീമിൽ 5 പേർ വീതം ഉള്ള കളി. 12 മിനിറ്റ് വീതമുള്ള 3 പിരീഡുകൾ. ഏത് നിമിഷവും ഗോളുകൾ പിറന്നേക്കാം. അസാധ്യമായ കോണുകളിൽനിന്നുള്ള ബൈസൈക്കിൾ കിക്കുകളും, വോളികളും കാണുമ്പോൾ ഗോൾകീപ്പർപോലും അറിയാതെ കയ്യടിച്ചുപോകും. നീണ്ട 18 വർഷത്തെ ഇടവേളയ്ക്ക് ശേഷമാണ് 2025 മാർച്ചിൽ ഇന്ത്യ എ എഫ് സി ബീച്ച് സോക്കർ ഏഷ്യൻ കപ്പിലേക്ക് തിരിച്ചെത്തുന്നത്. ആ ചരിത്രപരമായ തിരിച്ചുവരവിന് നേതൃത്വം നൽകാൻ നിയോഗിക്കപ്പെട്ടത് തിരുവനന്തപുരം പള്ളം സ്വദേശിയായ രോഹിത് യേശുദാസ് ആയിരുന്നു.

## പള്ളം ഗ്രാമത്തിൽനിന്ന് ബാങ്കോക്കിലേക്ക്

കടലിനെ ഉപജീവനമാക്കിയ ഒരു സാധാരണ മത്സ്യത്തൊഴിലാളി കുടുംബത്തിലാണ് രോഹിത് ജനിച്ചത്. അച്ഛൻ യേശുദാസ് കടലിൽപ്പോയി കിട്ടുന്ന വരുമാനം കൊണ്ടാണ് വീട് പുലർത്തിയിരുന്നത്. എങ്കിലും മകന്റെ സ്വപ്നങ്ങൾക്ക് മാതാപിതാക്കൾ തടസ്സം നിന്നില്ല. കൊടിയ ദാരിദ്ര്യത്തിലും പട്ടിണി എന്തെന്ന് അറിയിക്കാതെ തന്റെ സൗകര്യങ്ങൾക്കപ്പുറം സഹോദരന്റെ കഴിവിലും ഭാവിയിലുമുള്ള വിശ്വാസത്തിൽ സ്വന്തം ജീവിതത്തെ സഹോദരന്റെ വളർച്ചയ്ക്കുവേണ്ടി മാറ്റിവെച്ച ജ്യേഷ്ഠ സഹോദരൻ ജിണ്ടോയുടെ പ്രോത്സാഹനമായിരുന്നു അവന്റെ സ്വപ്നങ്ങൾക്ക് ഊർജം നൽകിയത്. ജീവിതത്തിലുണ്ടായ ചില തകർച്ചകളിൽ തരണം ചെയ്യുവാൻ അവനു സാധിച്ചത് അമ്മ ബേബിയുടെ നിരന്തര പ്രാർഥനയും സഹോദരി ഹന്നയുടെ കരുതലും ആയിരുന്നു. സ്കൂൾതലത്തിൽ തുടങ്ങി സെന്റ് സേവിയേഴ്സ് കോളേജ് വരെ നീണ്ട പഠനകാലത്ത് ഫുട്ബോൾ അവനോടൊപ്പം ഉണ്ടായിരുന്നു.

2023ൽ ഗോവയിൽനടന്ന നാഷണൽ ഗെയിംസിൽ കേരളത്തിന് സ്വർണം നേടിക്കൊടുത്തത് രോഹിത്തിന്റെ അദ്ഭുതകരമായ പ്രകടനമായിരുന്നു. ടൂർണമെന്റിന് തൊട്ടുമ്പ് മരിച്ചുപോയ തന്റെ വലിയച്ഛനാണ് ആ മെഡൽ അവൻ സമർപ്പിച്ചത്. അപ്പൻ കടലിനോട് മല്ലിട്ട് ജീവിച്ചതിന്റെ കരുത്തിലാവണം മകൻ ജീവിതത്തോടും ജീവിതത്തിന്റെ സ്വപ്നങ്ങളോടും മല്ലിടുവാൻ തീരുമാനിച്ചത്. അതുകൊണ്ടുതന്നെ 2025-ൽ തായ്‌ലൻഡിൽ നടന്ന ഏഷ്യൻ കപ്പിലെ അവന്റെ രംഗപ്രവേശനമാകട്ടെ രാജാവിനെപ്പോലെയായിരുന്നു. സ്വപ്നങ്ങളുടെയും പ്രതീക്ഷകളുടെയും ഉത്തരമായി അവൻ കുപ്പായം അണിഞ്ഞതാകട്ടെ ഇന്ത്യൻ ടീമിന്റെ വെറുമൊരു കളിക്കാരനായി മാത്രമല്ല, മുഴുവൻ അംഗങ്ങളെയും ലക്ഷ്യത്തിലേക്ക് അടുപ്പിക്കാൻ വേണ്ടിയുള്ള കപ്പിത്താനായിട്ടായിരുന്നു. കുവൈ



ത്തിനെതിരെയുള്ള ആദ്യ അന്താരാഷ്ട്ര ഗോൾ പിറന്നത് ഈ ഇതിഹാസത്തിന്റെ കാലുകളിൽ നിന്നായിരുന്നു.

## ജീവിതം പഠിപ്പിച്ച പാഠങ്ങൾ

"ഫുട്ബോൾ എന്നത് നിങ്ങൾ കളിക്കുന്നത് മാത്രമല്ല നിങ്ങൾ എങ്ങനെ ജീവിക്കുന്നു എന്നത് കൂടിയാണ്" എന്ന് വിശ്വസിക്കുന്ന ആളാണ് രോഹിത്. അവന്റെ അമ്മാവൻ ലോറൻസും, സുരേഷ് ചേട്ടൻ എന്ന് അവൻ വിളിക്കുന്ന മെന്ററുമാണ് അവനെ ഇന്നത്തെ താരമാക്കി മാറ്റിയത്. മൈതാനത്ത് കാത്തുസൂക്ഷിക്കേണ്ട പക്വതയും വ്യക്തിത്വവുമാണ് ഒരു കളിക്കാരനെ പൂർണനാക്കുന്നത് എന്ന് അവർ അവനെ പഠിപ്പിച്ചു. പുതുതലമുറയോട് അവനു പറയാനുള്ളത് മൂന്ന് കാര്യങ്ങളാണ് അച്ചടക്കം (Discipline), അർപ്പണ മനോഭാവം (Dedication), കാത്തിരിപ്പ് (Delayed gratification). "ഇന്ന് കഠിനാധ്വാനം ചെയ്യുക അതിന്റെ ഫലം ചിലപ്പോൾ അഞ്ചുവർഷം കഴിഞ്ഞാവാം വരുന്നത്. കഠിനാധ്വാനത്തിൽനിന്ന് ഒഴിഞ്ഞുമാറി വിജയത്തെ പ്രതീക്ഷിക്കുന്നത് നിങ്ങളോടുള്ള വഞ്ചനയാണ്. നമ്മുടെ കാലുകളെ മാത്രമല്ല മൂല്യങ്ങളെക്കൂടി നാം പരിശീലിപ്പിക്കേണ്ടതുണ്ട്."

## അവസാനിക്കാത്ത കപ്പൽ യാത്ര

ഇന്ത്യൻ ബീച്ച് സോക്കറിന്റെ ഭാവിയിൽ രോഹിത്തിന് വലിയ പ്രതീക്ഷകളാണുള്ളത്. വെറുമൊരു ലോകകപ്പ് യോഗ്യതയല്ല മറിച്ച് കിരീടംതന്നെ ഇന്ത്യ നേടുമെന്ന് അവൻ ഉറച്ച് വിശ്വസിക്കുന്നു. 11098 കിലോമീറ്റർ നീണ്ട ഇന്ത്യയുടെ തീരപ്രദേശങ്ങളിൽ താൻ ഒരിക്കൽ കളിച്ച് നടന്നതുപോലെ പ്രതിഭയുള്ള ഒട്ടേറെ കുട്ടികളുണ്ടെന്ന് അവനറിയാം. കുട്ടികൾമുതൽ മുതിർന്നവർവരെ ലക്ഷക്കണക്കിന് ഫുട്ബോൾ കളിക്കാരുള്ള ഒരു ദേശത്തിന്റെ തീരത്തുനിന്ന് ഒരുവൻ ആകാശത്തിലെ പക്ഷികൾക്കൊപ്പം പറക്കുവാൻ ആഗ്രഹിച്ചതിന്റെ ഫലമാണ് ഇപ്പോൾ ചരിത്രമായി എഴുതിച്ചേർക്കപ്പെട്ടത്.




കടലും കരയും മാത്രം കണ്ടുനടന്നവന്റെ ഉള്ളിൽ ആർത്തിരമ്പുന്ന സാഗരത്തിന്റെ ഒച്ച അവന്റെ ഉറക്കം കെടുത്തിയതുകൊണ്ടാവണം ആകാശത്തോളം ഉയരുവാൻ അവന്റെ കാലിലെ ചിറകുകൾക്ക് ശക്തിലഭിച്ചത്. ഇന്നുരാത്രിയും ഒരുപക്ഷേ ആരും ശ്രദ്ധിക്കാത്ത ഏതോ ഒരു ഹോട്ടൽ വരാന്തയിൽ രോഹിത് ഓരോ വാതിലും മുട്ടുന്നുണ്ടാവും അവന്റെ നീട്ടിയ കൈവെള്ളയിൽ ടീം അംഗങ്ങൾ തങ്ങളുടെ ഫോണുകൾ ഏൽപിക്കുന്നു. അവർക്ക് അവൻ ക്യാപ്റ്റൻ മാത്രമല്ല അവരുടെ സ്വപ്നങ്ങളുടെ കാവൽക്കാരനുമാണ്. ലോകം അറിയാൻ വൈകുന്ന ഈ കപ്പിത്താൻ ഇന്ത്യൻ കായിക ഭൂപടത്തിൽ മണൽത്തരികൾകൊണ്ട് തന്റെ പേര് ആഴത്തിൽ കൊത്തിവയ്ക്കുകയാണ്. Youngest captain in the history of AFC Beach soccer championship എന്ന അഭിമാനവും ഇന്ത്യൻ ബീച്ച് സോക്കർ ടീമിനെ നയിക്കുന്ന ആദ്യത്തെ മലയാളി ക്യാപ്റ്റൻ എന്ന ബഹുമതിയും ഇനി ഈ ഇതിഹാസത്തിന്റെ പേരിനുതാഴെ കുറിക്കേണ്ടിവരും.

•




•കവിത •കെ.എഫ്. രാജേഷ്



കുരിശിന് രക്തത്തിന്റെ
ചുവയായിരുന്നു
കാലിത്തൊഴുത്തിന്റെ
ഗീതികൾ മുതൽ
കാൽവരിയുടെ വിലാപംവരെ
ആർദ്രമാം വാക്കുകളാൽ
സ്നേഹം രുചിച്ച കിണറ്റിൻ
ഓരം മുതൽ
പാപിനിയുടെ കണ്ണുനീരിന്റെ
രേഖകളിലും, കുരിശിന്
രക്തത്തിന്റെ ചുവയായിരുന്നു.
കുഷ്ഠം പിടിച്ച തൊടായ്മകളിലും
കാണായ്മകളിലെ കാഴ്ചകളിലും
അഞ്ചപ്പത്തിന്റെ തൃപ്തിമുതൽ,
അന്ത്യത്താഴത്തിന്റെ ത്യാഗംവരെയും
കുരിശിന് രക്തത്തിന്റെ ചുവയായിരുന്നു.
ഒടുവിലടിയന്റെ കുരിശും
ചേർത്തുപിടിക്കുമ്പോൾ
മറുവശത്തെന്നെയും
ചേർത്ത് തറയ്ക്കുക
ആ രക്തത്തിലലിയട്ടെ ഞാനും.

•

•ചരിത്രപഥം •ഇഗ്നേഷ്യസ് തോമസ്



# തിരുവനന്തപുരം അതിരൂപത നവതി ആഘോഷിക്കാനൊരുങ്ങുമ്പോൾ 4

വിദ്യാഭ്യാസരംഗത്ത് ശ്രദ്ധേയമായ നേട്ടങ്ങൾ ഇക്കാലയളവിലുണ്ടായി. ആൾസെയിന്റ്സ്, സെന്റ് സേവ്യേഴ്സ് കോളേജുകളിൽ ലത്തീൻ സമുദായത്തിന്റെ താല്പര്യങ്ങൾ സംരക്ഷിക്കപ്പെടാൻവേണ്ടി ശക്തമായ ഇടപെടലുകളിലൂടെ അധ്യാപക നിയമനം, അഡ്മിഷൻ എന്നിവയ്ക്ക് മുൻഗണന ലഭിക്കാനുള്ള അവസരം ലഭ്യമായത് അഭിവന്ദ്യ പിതാവിന്റെ നേതൃത്വത്തിൽ നടന്ന പരിശ്രമങ്ങളിലൂടെയാണ്. രൂപതയിലെ വിവിധ സ്കൂളുകൾ അപ്ഗ്രേഡ് ചെയ്ത് ഹൈസ്കൂളുകളായി ഉയർത്തപ്പെട്ടതും ഈ കാലഘട്ടത്തിലാണ്. കോർപ്പറേറ്റ് മാനേജ്മെന്റ് സ്കൂളുകളിൽ അധ്യാപക നിയമനത്തിന് കൃത്യമായ മാനദണ്ഡങ്ങൾ നിശ്ചയിച്ചുകൊണ്ട് അദ്ധ്യാപകനിയമനം സുതാര്യമാക്കി. തിരുവനന്തപുരം രൂപതയുടെ ചരിത്രത്തിൽ നിർണായക വഴിത്തിരിവായിമാറിയ 'വൈദികരുടെ ഒത്തുവാസം' രൂപതയുടെ സുവർണ ജൂബിലിയോടനുബന്ധിച്ച് 1987 ഓഗസ്റ്റ് 30 മുതൽ സെപ്റ്റംബർ 5 വരെ കോട്ടാർ ആനിമേഷൻ സെന്ററിൽ നടന്നു. തിരുവനന്തപുരം രൂപതയിലെ മുഴുവൻ വൈദികരും മെത്രാനും പ്രാർഥനയുടെയും പഠനത്തിന്റെയും വിചിന്തനത്തിന്റെയും ചർച്ചകളുടെയും അടിസ്ഥാനത്തിൽ കൈക്കൊണ്ട തീരുമാനങ്ങൾ രൂപതയുടെ മുന്നോട്ടുള്ള പ്രയാണത്തിന് ഊർജം പകർന്നു. രൂപതാധ്യക്ഷൻ അസാധാരണമായ ക്ഷമയോടും താല്പര്യത്തോടുംകൂടെ നിശ്ശബ്ദനായി പങ്കെടുത്തു എന്നാണ് ഒത്തുവാസരേഖയിൽ പരാമർശിക്കുന്നത്. രൂപതാ വിഭജനമുൾപ്പെടെ നിരവധി നീറുന്ന പ്രശ്നങ്ങൾക്ക് പരിഹാരം നിർദേശിക്കാനും ഐക്യത്തോടെ മുന്നോട്ടുനീങ്ങാനും കോട്ടാർ സമ്മേളനം ഉപകരിച്ചു.



തിരുവനന്തപുരം രൂപതയിലെ യുവവൈദികരെ സംബന്ധിച്ചിടത്തോളം എൺപതുകളുടെ ആരംഭം; നവീനാശയങ്ങളുടെ ആവേശവുമായി പ്രവർത്തന മണ്ഡലങ്ങളിലേക്ക് കുതിക്കുവാൻ വെമ്പുന്ന കാലമായിരുന്നു. വിമോചന ദൈവശാസ്ത്രത്തിന്റെ അലയടികൾ തിരുവനന്തപുരം രൂപതയിലും ഉണ്ടായി. യുവജനങ്ങൾക്കായി വിവിധ ഇടവകകളിൽ യുവവൈദികരുടെ നേതൃത്വത്തിൽ സംഘടിപ്പിക്കപ്പെട്ട സെമിനാറുകളും ക്യാമ്പുകളുംവഴി യുവജന മനസ്സുകളിൽ വിതയ്ക്കപ്പെട്ട നവീനാശയങ്ങൾ വിചാര തരംഗം സൃഷ്ടിക്കുകയും സാമൂഹ്യതിന്മകൾക്കെതിരെ ശബ്ദമുയർത്താനും സാമൂഹ്യ നീതിക്കായി സമരമുഖത്തേക്ക് ഇറങ്ങാനും അവരെ പ്രചോദിപ്പിച്ചു. രൂപതാ യുവജന പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ മത്സ്യത്തൊഴിലാളി



സമരങ്ങൾക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് സമര രംഗത്തേക്ക് കടന്നുവന്നു. മുഡല്ലൂർ കുടിഒഴിപ്പിക്കലിനെതിരെ കുടിയേറ്റ കർഷകർക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് സെക്രട്ടേറിയറ്റ് പടിക്കൽ നടത്തിയ സമരവും ശ്രദ്ധേയമായി. പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ അവകാശ സംരക്ഷണത്തിനായി മോൺ. ജെയിംസ് കുലാസ് ഉൾപ്പെടെയുള്ള വൈദികർ സെക്രട്ടേറിയറ്റിനുമുന്നിൽ നിരാഹാര സമരം നടത്തിയതും ഇക്കാലയളവിലായിരുന്നു. മത്സ്യത്തൊഴിലാളികളുടെ അവകാശങ്ങൾക്കുവേണ്ടി ഫാ. തോമസ് കോച്ചേരിയുടെ നേതൃത്വത്തിൽ നടത്തിയ ശക്തമായ പോരാട്ടത്തിന്റെ ഫലമായി ട്രോളിംഗ് നിരോധനമുൾപ്പെടെ മത്സ്യത്തൊഴിലാളികൾ മുന്നോട്ടുവച്ച ആവശ്യങ്ങൾ അംഗീകരിക്കാൻ സംസ്ഥാന ഭരണകൂടം തയ്യാറായി.



1989 ഡിസംബർ 1-ന് ആരോഗ്യ പ്രശ്നങ്ങളെത്തുടർന്ന് ജേക്കബ് അച്ചാരുപറമ്പിൽ പിതാവ് രൂപതാധ്യക്ഷസ്ഥാനത്തുനിന്ന് വിരമിച്ചു. തുടർന്ന് പിന്തുടർച്ചാവകാശത്തോടെ സഹമെത്രാനായി ഡോ. എം. സൂസപാക്യം 1990 ഫെബ്രുവരി 1-ന് ചുമതലയേറ്റു. 1991 ജനുവരി 31-ന് രൂപതാ ഭരണത്തിൽനിന്ന് ജേക്കബ് പിതാവ് പൂർണമായി വിരമിച്ചു. 1995 ഓഗസ്റ്റ് 13-ന് അദ്ദേഹം ഇഹലോകത്തോട് വിടപറഞ്ഞു തിരുവനന്തപുരം രൂപതയെ ധന്യമായ പാതയിലൂടെ മുന്നോട്ടു നയിക്കുകയും രൂപതയുടെ സമഗ്രവികസനത്തിനും പുരോഗതിക്കുമായി സ്വജീവിതം സ്നേഹബലിയായി നല്കുകയും ചെയ്ത സന്യാസവര്യനായിരുന്നു ബിഷപ് ജേക്കബ് അച്ചാരുപറമ്പിൽ.

## സൂസപാക്യം പിതാവിന്റെ അജപാലനശുശ്രൂഷയുടെ മൂന്ന് പതിറ്റാണ്ടുകൾ




തിരുവനന്തപുരം രൂപതയുടെ വളർച്ചയുടെ പാതയിൽ നിർണായകമായ പരിവർത്തനത്തിന് നാന്ദികുറിച്ച ഇടയശ്രേഷ്ഠനാണ് സൂസപാക്യം പിതാവ്. ജനതകളുടെ പ്രകാശം, സഭ ആധുനികലോകത്തിൽ എന്നീ രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകളുടെ അന്തരാർഥം ഉൾക്കൊണ്ട് തിരുവനന്തപുരം രൂപതയാകുന്ന പ്രാദേശിക സഭയെ രക്ഷയുടെ അടയാളവും കൂദാശയുമായി പരിണമിപ്പിക്കുന്നതിനുള്ള ആത്മാർഥമായ പരിശ്രമം 30 വർഷം നീണ്ടുനിന്ന



അജപാലനശുശ്രൂഷയിലൂടെ അദ്ദേഹം നിർവഹിച്ചു. തന്റെ അജഗണത്തിന് ദൈവരാജ്യാനുഭവം പകർന്നു നല്കാനുള്ള പരിശ്രമങ്ങൾക്കാണ് അദ്ദേഹം പ്രാധാന്യം നല്കിയത്. തന്റെ ഇടയശുശ്രൂഷയുടെ ആരംഭത്തിൽ രൂപതയിലെ വിവിധ ശുശ്രൂഷകളുടെ പ്രവർത്തനങ്ങളെ വിലയിരുത്താനും നിർദേശങ്ങൾ സമർപ്പിക്കാനുംവേണ്ടി 4 കമ്മീഷനുകളെ നിയമിക്കുകയും ആ കമ്മീഷനുകളുടെ കണ്ടെത്തലുകൾ ഗൗരവമായി ഉൾക്കൊണ്ട് അവ നടപ്പിലാക്കാൻ പരിശ്രമിക്കുകയും ചെയ്തു. തിരുവനന്തപുരം പ്രാദേശിക സഭയുടെ വളർച്ചയ്ക്ക് അൽമായ ശാക്തീകരണം അത്യാവശ്യമാണെന്നും വൈദിക പ്രാമുഖ്യമുള്ള സഭാസംവിധാനങ്ങൾക്ക് മുന്നോട്ടുപോകാൻ ഏറെ ബുദ്ധിമുട്ടാകുമെന്നുള്ള പഠന കമ്മീഷനുകളുടെ നിരീക്ഷണത്തിന്റെ വെളിച്ചത്തിൽ പങ്കാളിത്തം (Participation) വികേന്ദ്രീകരണം (Decentralisation) കാര്യക്ഷമത (Efficiency) കീഴ്ഘടകങ്ങളുടെ പങ്കാളിത്തം (Principle of subsidiarity) എന്നീ ആശയങ്ങളിലൂന്നി ആവിഷ്കരിച്ച Emerging new vision എന്ന നവവീക്ഷണം രൂപതയിലെ എല്ലാ തലങ്ങളിലെയും പങ്കാളിത്ത പ്രവർത്തനങ്ങളുടെ പ്രചോദനവും മാർഗവുമായി തീർന്നു.

(തുടരും)

•ടാക്കീസ് •സുനിൽ സി.ഇ.






നടുനായിക/നായക സങ്കല്പത്തെ അട്ടിമറിച്ചുകൊണ്ട് ഒരു കാലഘട്ടം നേരിടുന്ന പ്രതിസന്ധികളെ രാഷ്ട്രീയമായി ഭാവനചെയ്യുന്ന സിനിമയാണ് വാഴ – 2. കൗമാര പ്രശ്നങ്ങൾ, സൗഹൃദം, സാഹോദര്യം, പ്രണയം, പേരന്റിംഗ്, അധ്യാപനം, അന്ധവിശ്വാസം, ലഹരി ഉപയോഗം, വിദേശ രാജ്യങ്ങളിലേക്കുള്ള യുവതയുടെ കുടിയേറ്റം, അവിടെ അവർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ തുടങ്ങിയ എത്രയെത്ര നിമിഷങ്ങളെയാണ് രണ്ടേമുക്കാൽ മണിക്കൂർകൊണ്ട് ഒരു ശരാശരി മലയാളി പ്രേക്ഷകൻ അനുഭവിച്ചെടുക്കുന്നത്.


# കാലത്തിലേക്കുള്ള കയറിനിൽപ്പുകൾ

## (വാഴ–2 എന്ന സിനിമയുടെ വായന)

പുതിയ മലയാളിക്കുചുറ്റും ആൺ/പെൺനിലകൊണ്ട് വിഭജിതമായ ഒരു ലോകം ഉണ്ടായിട്ടും അതിനെ അതിവർത്തിക്കുന്ന ക്രിയാത്മകമായ ഒരു പ്രാദേശിക ആന്തരികതയുടെ പ്രവർത്തനത്തെ സിനിമാറ്റിക് റീൽസുകൾ ഉപയോഗിച്ചു തൊട്ടുകാണിക്കുന്ന ഒരുപാട് സിനിമകൾ ഇന്നുണ്ടാകുന്നില്ല. പുതിയ കേരളം എന്ന ഇരുട്ടിന്റെതന്നെ ആത്മഭാവമായ അരണ്ട പ്രകാശത്തെ പോസ്റ്റ് ഹ്യൂമൻ ഉൾക്കാഴ്ചകൾ ഉപയോഗിച്ചാണ് വാഴ - 2 അഭ്രപാളിയിലെത്തിക്കുന്നത്. സിനിമയിലെ മുഖ്യധാരാ സങ്കേതം എന്ന ആധികാരികതാ ശ്രേണികളെ റദ്ദ് ചെയ്തുകൊണ്ട് മലയാള സിനിമയിലെ മറ്റൊരുതരം ചരിത്രനിർമാണ വിപ്ലവമാണ് വാഴ - 2 സാധ്യമാക്കുന്നത്. പുതിയ കേരളത്തിന്റെ ഘടനാപരമായ സങ്കുചിതത്വത്തെയും മാനുഷിക വ്യവഹാരങ്ങളുടെ ഭാഗികതയെയും തൊഴിലില്ലായ്മ, ലഹരി വിനിയോഗം തുടങ്ങിയ നവസ്ഥാപന രൂപങ്ങളുടെ അമിതമായ കൊഴുത്തുവരവുകളെയും ഈ സിനിമ ലക്ഷ്യമിടുന്നുണ്ട്. ഏറ്റവും പുതിയ യുവത നേരിടുന്ന സന്ദേഹങ്ങളുടെ ഏകതാനതയെയാണ് ഈ സിനിമ അഭിസംബോധന ചെയ്യുന്നത്. പ്രിയ യുവാവേ, യുവതീ, നിന്നെക്കൂടി ഞങ്ങൾ ഇതാ അതിഗംഭീരമായി  ഉൾക്കൊണ്ടിരിക്കുന്നു എന്ന് വലിയ വായിൽ വിളിച്ചുപറയുന്ന ഒഴുക്കൻ ടെൻസി വ്യവസ്ഥകളെയാണ് സിനിമ എടുത്തുകാട്ടുന്നത്. പുതിയ പൗരമണ്ഡല ചിന്തയിലെ വ്യാജ ഗ്ലോബലിസത്തെ സിനിമ നഖശിഖാന്തം എതിർക്കുകയാണ് ചെയ്യുന്നത്. തൊഴില്ലായ്മ പരിഹരിച്ചു എന്നതിന്റെ അടയാളമായി പാർശ്വഭാഗങ്ങളെ തുന്നിക്കൊണ്ടുവരുന്ന കള്ള പ്രമാണങ്ങളുടെ മുഴഭ്രപട നാട്യത്തെയും വാഴ - 2 ആക്രമിക്കുന്നുണ്ട്. പുതിയ മലയാളിയുടെ സ്ഥാപനമായ വീടുകങ്ങളുടെ ആദർശങ്ങൾ പൊളിച്ചുമാറ്റാൻവേണ്ടി ഉണ്ടാക്കപ്പെട്ട എല്ലാ നരേറ്റീവുകളെയും  പുന:രാലോചനയ്ക്കായി വിട്ടുതരുന്ന ഒരു ദൃശ്യഭാഷാസങ്കേതമാണ് വാഴയുടേത്. ഒരാളുടെ വെർണാക്കുലർ ദേശം അയാൾക്ക് വിഹരിക്കാനുള്ള സാധ്യതകളുടെ അതിർത്തി തിരിച്ച ഒരു ഭൂമി മാത്രമല്ല എന്ന് ആവർത്തിച്ചോർമിപ്പിക്കുകയാണ് ഈ സിനിമ. കേരളത്തിലെ പുതിയ ജീവിതാനുഭവങ്ങളെയെല്ലാം 'സ്വന്തം ഉള്ളിലെ തീ' കൊണ്ട് ആളിക്കത്തിക്കാൻ ഒരുകൂട്ടം ചെറുപ്പക്കാരെ ഒരു പ്രൊഫഷണൽ ഇടം എന്ന നിലക്കാണ് വിപിൻ ദാസ് തിരക്കഥയുടെ കൊള്ളി ഉപയോഗിച്ച് സ്ക്രീൻ സ്പെയിസിലേക്ക് തെളിച്ചുവയ്ക്കുന്നത്. ഈ ഇമോഷണൽ റീൽ റൈഡിനെ കാലോചിതമായി സംവിധാനപ്പെടുത്താൻ സവിന്റെ ചലച്ചിത്രബോധ്യങ്ങൾക്കാകുന്നു. പുതിയ തലമുറയെ അതിതീവ്രമായി വ്യക്തിവത്ക്കരിച്ചുകാട്ടാൻ അഭിനയ സാധ്യതയുള്ള  ഒരു യംഗ് മോബിനെയാണ് വിപിൻ ദാസ് -  സവിൻ കൂട്ടുകെട്ട് വിനിയോഗിക്കുന്നത്.

### സമകാലികതയുടെ ലെൻസ്

നടനായിക/നായക സങ്കല്പത്തെ അട്ടിമറിച്ചുകൊണ്ട് ഒരു കാലഘട്ടം നേരിടുന്ന പ്രതിസന്ധികളെ രാഷ്ട്രീയമായി  ഭാവനചെയ്യുന്ന സിനിമയാണ് വാഴ - 2. കൗമാര പ്രശ്നങ്ങൾ, സൗഹൃദം, സാഹോദര്യം, പ്രണയം, പേരന്റിംഗ്, അധ്യാപനം, അന്ധവിശ്വാസം, ലഹരി ഉപയോഗം, വിദേശ രാജ്യങ്ങളിലേക്കുള്ള യുവതയുടെ കുടിയേറ്റം, അവിടെ അവർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ തുടങ്ങിയ എത്രയെത്ര നിമിഷങ്ങളെയാണ് രണ്ടേമുക്കാൽ മണിക്കൂർകൊണ്ട് ഒരു ശരാശരി മലയാളി പ്രേക്ഷകൻ അനുഭവിച്ചെടുക്കുന്നത്. പുതിയ ജനതഫലത്തിൽ ഒരുതരം മങ്ങിമായൽ അനുഭവിക്കുന്നുണ്ടെന്നുതന്നെയാണ് സിനിമ പറഞ്ഞുവയ്ക്കുന്നത്. നമ്മുടേതുപോലൊരു ചെറിയ ബൗദ്ധിക വ്യവസ്ഥയിൽ സ്വന്തം നിർവാഹകത്വം അവ്യക്തമായി കാണപ്പെടുമ്പോൾ ഒരാൾ കുടിയേറ്റത്തിനൊരുങ്ങുന്നതിനെയും എല്ലാം വിട്ടുപേക്ഷിക്കുന്നതിനെയും സമകാലികതയുടെ  ലെൻസിലൂടെയാണ് ഈ സിനിമ ചൂണ്ടിക്കാട്ടുന്നത്.  ഇവിടെ നിലനില്ക്കുന്ന സ്റ്റാറ്റസ് എന്ന വ്യവസ്ഥയിലെ ദൃശ്യതയ്ക്കനുസരിച്ച് ആത്മബോധം നിർമിക്കാൻ യുവത പൊതുവിൽ പ്രേരിപ്പിക്കപ്പെടുന്നതിന്റെ പ്രായോഗിക മന:ശാസ്ത്രമാണ് വാഴ-2 എന്ന സിനിമയുടെ മൊത്തം പ്രമേയം. ഈ അർഥത്തിൽ വാഴ എന്ന ബിംബം അഥവാ പ്രതീകം ഒരു രംഗചിഹ്നമല്ല . പുതിയ യുവതയുടെ ലൈഫ് സ്റ്റഡിക്കുള്ള (Life Study) മാതൃകാശരീരമാണ് വാഴ എന്ന പ്രതീകം. കുട്ടികൾ എങ്ങനെ വാഴകളായി മാറുന്നുവെന്ന അന്വേഷണത്തിന്  പ്രസക്തിയേറുന്നത് ഇത്തരം ഒരു നിർവചനത്തിൽവച്ച് ഗവേഷിക്കപ്പെടുമ്പോഴായിരിക്കും. പുതിയ മലയാളിയുടെ ജീവിതം ഒട്ടും എഡിറ്റഡല്ലായെന്നും, അത് ഒരുപക്ഷേ, ഒരു കൗതുകകരമായ സിദ്ധിയെന്നവണ്ണം വികസിച്ചുവന്നിട്ടുണ്ടെന്നും സിനിമ സാക്ഷ്യപ്പെടുത്തുകയാണ്. ആന്തരികവും ബാഹ്യവുമായ അനക്കങ്ങൾകൊണ്ട് മിതത്വത്തെയും വ്യക്തിജീവിത്തിന്റെ കടുത്ത രേഖകളെയും ഒരുപോലെ ബാലൻസ് ചെയ്യാൻ ശ്രമിക്കുന്ന പുതിയ മലയാളിയെയാണ് സിനിമ അടിമുടി നിരീക്ഷിക്കുന്നത്. അതുകൊണ്ടുതന്നെ വാഴ-2 കാലത്തിലേക്കുള്ള കയറിനില്പായി മാറുന്നു.



# വചന ജ്വാല

(അടിസ്ഥാന ക്രൈസ്തവ സമൂഹ യോഗക്രമ സഹായി)

2026 ജൂൺ മാസത്തെ ഉപയോഗത്തിനായ് അതിരൂപത ബിസിസി കമ്മിഷൻ തയ്യാറാക്കിയത്

## ''ദൈവപരിപാലനയുടെ വിശുദ്ധൻ: അസ്സീസിയിലെ ഫ്രാൻസിസ്''



1. പരിശുദ്ധാത്മാവിന്റെ ഗാനം, ബൈബിൾ വന്ദനം, സ്വാഗതം

2. ആമുഖം

ക്രിസ്തുവിൽ പ്രിയമുള്ളവരേ, ഫ്രാൻസിസ് പാപ്പ നിത്യതയിലേക്ക് വിടപറഞ്ഞുവെങ്കിലും, അദ്ദേഹം തെളിയിച്ച വിശുദ്ധ ഫ്രാൻസിസ് അസ്സീസിയുടെ പ്രേഷിത ചൈതന്യം സഭയിൽ ഇനിയും മങ്ങി തുടങ്ങിയിട്ടില്ല. ആ ഫ്രാൻസിസ്കൻ ചൈതന്യത്തിന്റെ സുഗന്ധം കാലത്തിന്റെ അനിവാര്യതയാണ് എന്ന് വിശുദ്ധ ഫ്രാൻസിസ് അസ്സീസിയുടെ പ്രത്യേക ജൂബിലിവർഷം പ്രഖ്യാപിച്ചുകൊണ്ട് ലിയോ പതിനാലാമൻ പാപ്പ നമ്മെ ഓർമിപ്പിക്കുന്നു. അസ്സീസി പുണ്യാളന്റെ 800-ാം ചരമ വാർഷികത്തിന്റെ പശ്ചാത്തലത്തിലാണ് 2026 ജനുവരി 10 മുതൽ 2027 ജനുവരി 10 വരെ അനുതാപത്തിന്റെ ജൂബിലിവർഷം പാപ്പ പ്രഖ്യാപിച്ചിരിക്കുന്നത്. ശാസ്ത്ര സാങ്കേതിക വിസ്ഫോടനവും, എനിക്ക് എന്റെ കാര്യങ്ങൾ/എന്റെ കുടുംബത്തിന്റെ കാര്യങ്ങൾ മാത്രം മതി എന്ന സ്വാർഥ ചിന്താഗതികളും സമൂഹത്തെ വല്ലാതെ കീഴ്പ്പെടുത്തുന്ന ഇന്നിന്റെ സാഹചര്യത്തിൽ, അസ്സീസി പുണ്യാളന്റെ ആത്മീയത, ഒരു തിരിച്ചുവരവിനും നവീകരണത്തിനുമുള്ള സാധ്യത നമുക്കുമുന്നിൽ തുറന്നുവയ്ക്കുന്നു. പക്ഷികളെയും മൃഗങ്ങളെയും ചെടികളെയും മരങ്ങളെയും ഈ പ്രപഞ്ചം മുഴുവനെയും മരണത്തെപ്പോലും സഹോദരനായി/സഹോദരിയായി കണ്ട ഫ്രാൻസിസ് ഒരു പുതിയ ലോകക്രമത്തെയാണ് സ്വപ്നം കണ്ടത്. വിശുദ്ധന്റെ സ്വപ്നം നമ്മുടേതുമായി തീരണമെങ്കിൽ നാം മാനസാന്തരത്തിലേക്ക് കടന്നുവരണം.

വിശുദ്ധ ഫ്രാൻസിസിന്റെ മനസ്സും ഈ പ്രപഞ്ചത്തിന്റെ മനസ്സും തമ്മിൽ ഒരു അന്തരവും ഇല്ലായിരുന്നു. ജൂബിലി വർഷത്തിന്റെ മാനസാന്തരത്തിലൂടെ നമ്മുടെ മനസ്സുകളും നമ്മുടെ സഹോദരങ്ങളുടെ മനസ്സുകളും ഈ പ്രപഞ്ചത്തിന്റെ മനസ്സും തമ്മിൽ യാതൊരു അന്തരവും ഇല്ലാത്ത, ഒരുമയുള്ള സ്നേഹവും കരുതലും ഉള്ള മനസ്സുകളായി തീരട്ടെ. സഭ ദണ്ഡവിമോചനത്തിന്റെ സാധ്യത ഈ ജൂബിലി വർഷത്തിൽ നമുക്ക് നൽകുന്നുണ്ട്. ദണ്ഡവിമോചനം ദൈവവുമായുള്ള കണ്ടുമുട്ടൽ ആണ്, അത് ഒരു ആത്മീയമായ കുറുക്കുവഴിയല്ല. ശരിയായ അനുതാപത്തോടുകൂടെ, അനുരഞ്ജന കൂദാശ സ്വീകരിച്ച്, പ്രത്യേകമായ പ്രാർഥനകൾ ഉരുവിട്ട്, പാപ്പയുടെ നിയോഗത്തിനായി പ്രാർഥിച്ച്, വിശുദ്ധ ഫ്രാൻസിസ് അസ്സീസിയുടെ ആശ്രമ ദൈവാലയങ്ങളോ, വിശുദ്ധന്റെ നാമത്തിലുള്ള ഇടവക ദൈവാലയങ്ങളോ സന്ദർശിച്ചുകൊണ്ട് ദണ്ഡ വിമോചനം പ്രാപിക്കുവാൻ നമുക്ക് കഴിയും. ചെയ്തുപോയ പാപത്തിന്റെ ഭാരം അകറ്റി ഹൃദയത്തെ നൈർമല്യമുള്ളതാക്കി തീർക്കുന്ന ദണ്ഡവിമോചനം.

നമുക്കും ഈ പ്രാർഥന കൂട്ടായ്മയിൽ പങ്കുചേർന്ന് വിശുദ്ധ ഫ്രാൻസിസ് അസ്സീസിയുടെ ചൈതന്യം ഉൾക്കൊള്ളുവാനും ദണ്ഡ വിമോചനം പ്രാപിക്കുവാനായി ഒരുങ്ങുവാനും, ഈ വിശുദ്ധന്റെ ഹൃദയംപോലെ ഏറ്റവും നൈർമല്യമുള്ള ഹൃദയങ്ങളാക്കി നമ്മുടെ ഹൃദയങ്ങളെ മാറ്റണമേ എന്നും പ്രാർഥിക്കാം.

3. യേശുവിനെ ക്ഷണിക്കൽ

4. ദൈവവചന പാരായണം: **മത്തായി 6:25-32**

5. വചനഭാഗം പങ്കുവയ്ക്കൽ



**6. നിശ്ശബ്ദധ്യാനം**

**7. വചനാനുഭവം പങ്കുവയ്ക്കൽ**

**8. വചനവിചിന്തനം**

പ്രിയ സഹോദരങ്ങളെ, ദൈവത്തിന്റെ കരുതൽ എന്താണ്/എങ്ങനെയാണ് എന്ന് തന്റെ ജീവിതം കൊണ്ട് നമ്മെ പഠിപ്പിച്ച വിശുദ്ധനാണ് അസ്സീസിയിലെ വിശുദ്ധ ഫ്രാൻസിസ്. എല്ലാം വിട്ടുപേക്ഷിച്ച് ക്രിസ്തുവിനുവേണ്ടി ഇറങ്ങിത്തിരിക്കുമ്പോൾ, കുരിശിൽ തനിക്കായി ജീവൻ അർപ്പിച്ചവൻ തന്നെ പാതിവഴിയിൽ ഉപേക്ഷിക്കില്ല എന്ന ഉറപ്പ് ഫ്രാൻസിസിന് ഉണ്ടായിരുന്നു. ഫ്രാൻസിസിന്റെ ജീവിതത്തിലെ ഏറ്റവും നിർണായകമായ സന്ദർഭം, തന്റെ എല്ലാം/ഉടുത്തിരുന്ന വസ്ത്രംപോലും തന്റെ പിതാവിന്റെ മുൻപിൽ അഴിച്ചുവച്ച്, ഇനി സ്വർഗസ്ഥനായ പിതാവാണ് എന്റെ അപ്പൻ എന്ന് പ്രഖ്യാപിച്ച്, ഈ പ്രപഞ്ചത്തിന്റെ സാഹോദര്യത്തിലേക്ക്/ദൈവപരിപാലനത്തിലേക്ക് നടന്നിറങ്ങിയതാണ്.

നമ്മുടെ സമ്പത്തോ സ്ഥാനമാനങ്ങളോ നമ്മുടെ കഴിവുകളോ അല്ല, ദൈവത്തിന്റെ സ്നേഹവും പരിപാലനയും ആണ് നമുക്കുചുറ്റും സംരക്ഷണം ഒരുക്കുന്നത് എന്ന് ഫ്രാൻസിസ് അടിയുറച്ച് വിശ്വസിച്ചു. വയലിലെ ലില്ലികളും ആകാശത്തിലെ പക്ഷികളും നമ്മെ പഠിപ്പിക്കുന്ന പാഠവും ഇതുതന്നെയാണ്. ദൈവത്തിന്റെ പരിപാലനം നമ്മുടെ ജീവന്റെ ആധാരമാണ്. അതുകൊണ്ടുതന്നെ ആകുലപ്പെടാതെ നമ്മെ പൂർണമായി ദൈവത്തിന് നാം സമർപ്പിക്കേണ്ടതുണ്ട്. അങ്ങനെ സമർപ്പിച്ച ഫ്രാൻസിസിനെ ക്രിസ്തുനാഥൻ തന്റെ പഞ്ചക്ഷതങ്ങൾ വഹിക്കുവാൻ അനുഗ്രഹിക്കുന്നു. ആ മുറിപ്പാടുകൾ സ്വർഗീയമായ ആനന്ദത്തോടെ ശരീരത്തിൽ ഏറ്റുവാങ്ങിക്കൊണ്ട് ഫ്രാൻസിസ് ഇങ്ങനെ പ്രാർഥിക്കുന്നു; 'എന്റെ ദൈവമേ നീ എനിക്ക് സർവവും ആകുന്നു.' ഈ പ്രപഞ്ചത്തിലെ സർവ ജീവജാലങ്ങളെയും സ്നേഹിക്കുന്നത് ദൈവത്തെ സ്നേഹിക്കുവാനുള്ള അവസരമായിട്ടാണ് ഫ്രാൻസിസ് കണ്ടത്. അവയെല്ലാം ദൈവപരിപാലനയുടെ നേർക്കാഴ്ചകൾ ആയിരുന്നു ഫ്രാൻസിസിന്. ഫ്രാൻസിസിന്റെ ചൈതന്യം നമുക്കും നമ്മുടെ ഹൃദയത്തിലേക്ക് ഒപ്പിയെടുക്കാം. അങ്ങനെ മറ്റൊരു ക്രിസ്തുവായി ഫ്രാൻസിസിനെപ്പോലെ നമ്മുടെ കുടുംബങ്ങളിലും നമ്മൾ ആയിരിക്കുന്ന എല്ലാ ഇടങ്ങളിലും നമുക്ക് ജീവിക്കാം.

(ഈ ആശയങ്ങളുടെ സഹായത്തോടെ ബി.സി.സി യോഗത്തിൽ വിചിന്തനം ചെയ്യാവുന്നതാണ്. വിചിന്തനത്തിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന ചോദ്യങ്ങൾ ചർച്ച ചെയ്യാം)

**» വിശുദ്ധ ഫ്രാൻസിസ് അസ്സീസിയുടെ ജീവിതം ആഴമായി മനസ്സിലാക്കുവാൻ നമുക്ക് എന്ത് ചെയ്യാൻ കഴിയും?**

**» ദണ്ഡവിമോചനം പ്രാപിക്കുവാൻ കുടുംബയൂണിറ്റ് എന്ന നിലയിൽ നമുക്ക് എന്ത് ചെയ്യാൻ കഴിയും?**

**9. ദൗത്യമേറ്റെടുക്കൽ**

**10. സ്വയം പ്രേരിതപ്രാർഥന**

**11. കർത്തൃപ്രാർഥന**

**12. സമാപനപ്രാർഥന**

## രണ്ടാം ഭാഗം

1. റിപ്പോർട്ട് അവതരണം (കഴിഞ്ഞ യോഗത്തിലെ റിപ്പോർട്ട്)
2. വരവ് ചെലവ് അവതരണം;
3. ശുശ്രൂഷാ പ്രവർത്തനങ്ങളെക്കുറിച്ചുള്ള അവതരണം

(യൂണിറ്റിൽ നിന്നുള്ള ബി.സി.സി. ലീഡർ, അജപാലനം, വിദ്യാഭ്യാസം, സാമൂഹികം, കുടുംബം, അല്മായം, യുവജനം, മത്സ്യമേഖല എന്നീ ശുശ്രൂഷാ പ്രതിനിധികളെ ഇടവകയിലെ തന്മാസത്തെ ശുശ്രൂഷ പ്രവർത്തനങ്ങളെപ്പറ്റി സംക്ഷിപ്തമായി അവതരിപ്പിക്കാൻ ക്ഷണിക്കുന്നു)

4. ചർച്ചയും പങ്കുവയ്ക്കലും;
5. ഹാജർ
6. രഹസ്യപ്പിരിവ്
7. അറിയിപ്പുകൾ
8. നന്ദി
9. സമാപനഗീതം

# വാർത്തകൾ

അതിരൂപത, ഫൊറോന, ഇടവക, സഭാവാർത്തകൾക്കായി ന്യൂസ് പോർട്ടൽ സന്ദർശിക്കുക
www.archtvmnews.com

## 'ഫ്രാൻസിസ് പാപ്പ ലാളിത്യത്തിന്റെ പിതാവ്': ബിഷപ് ക്രിസ്തുദാസ്



തിരുവനന്തപുരം: ഫ്രാൻസിസ് പാപ്പ ലാളിത്യത്തിന്റെ പിതാവായിരുന്നുവെന്ന് ബിഷപ് ക്രിസ്തുദാസ് അനുസ്മരിച്ചു. നെയ്യാറ്റിൻകര പോപ്പ് ഫ്രാൻസിസ് സ്റ്റഡി സർക്കിൾ സംഘടിപ്പിച്ച ഫ്രാൻസിസ് പാപ്പാ അനുസ്മരണ സമ്മേളനത്തിൽ അധ്യക്ഷത വഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. പാപ്പയുമായുള്ള കൂടിക്കാഴ്ചകളിലെ അനുഭവങ്ങൾ ബിഷപ് പങ്കുവച്ചു. ചാക്രിക ലേഖനങ്ങളിലൂടെ പാപ്പ സഭാംഗങ്ങളോടും പൊതു സമൂഹത്തോടും പങ്കുവച്ച സന്ദേശം ബിഷപ് അവതരിപ്പിച്ചു. ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധം മനുഷ്യനും പരിസ്ഥിതിയും തമ്മിലുള്ള ബന്ധം മനുഷ്യർ തമ്മിലുള്ള ബന്ധം മനുഷ്യർക്ക് പാവപ്പെട്ടവരോടുള്ള ബന്ധം എന്നീ വിഷയങ്ങൾ പാപ്പ വിവരിക്കുന്നത് ബിഷപ് എടുത്തു കാട്ടി.

ഫ്രാൻസിസ് പാപ്പ കാലത്തെ അതിജീവിക്കുന്ന മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച വ്യക്തിയെന്ന് സിപിഐ സംസ്ഥാന സെക്രട്ടറിയും മുൻ മന്ത്രിയുമായ ബിനോയ് വിശ്വം തന്റെ ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു. പാളയം ഇമാം ഡോ. വി.പി. സുഹൈബ് മൗലവി മുഖ്യപ്രഭാഷണം നടത്തി. തിരുവനന്തപുരം ഭാരത് ഭവനിൽ നടന്ന ചടങ്ങിൽ മോൺ. ജി. ക്രിസ്തുദാസ് 'പാപ്പാ സ്മൃതി' എന്ന പുസ്തകം ഡോ. ഐറിസ് കൊയ്ലിയോക്ക് നല്കി പ്രകാശനം ചെയ്തു.

ശ്രീകാര്യം ലൊയോള കോളേജ് വൈസ് പ്രിൻസിപ്പൽ ഡോ. സജി ജോസഫ് SJ, സിവിൽ സർവീസ് പരീക്ഷയിലെ കേരള ടോപ്പർ ശ്രീജ ജെ എസ്, കെ.എൽ.സി.എ. നെയ്യാറ്റിൻകര രൂപത പ്രസിഡന്റ് ഡി.ജി അനിൽ ജോസ് എന്നിവർ അനുസ്മരണ പ്രഭാഷണം നടത്തി. ഫ്രാൻസിസ് പാപ്പയുടെ സന്ദേശം ഉൾക്കൊള്ളുന്ന വിവിധ കലാപരിപാടികളും അരങ്ങേറി. പാപ്പയുടെ സ്മരണാർഥം പുസ്തക പ്രദർശനം, ചിത്ര പ്രദർശനം, പുഷ്പാഞ്ജലി, സംഗീതാർച്ചന എന്നിവ സംഘടിപ്പിച്ചു. സ്റ്റഡി സർക്കിൾ കോഓർഡിനേറ്റർ ഫാ. ഡി ഷാജ് കുമാർ സ്വാഗതവും കൺവീനർ തോമസ് കെ സ്റ്റീഫൻ കൃതജ്ഞതയും പറഞ്ഞു.

## സമൂഹത്തിന് നന്മ ചെയ്യാനുള്ള വിശുദ്ധിയിലേക്ക് അൽമായർ വിളിക്കപ്പെട്ടിരിക്കുന്നു : ആർച്ച്ബിഷപ് തോമസ് ജെ. നെറ്റോ



വെള്ളയമ്പലം: തിരുവനന്തപുരം ലത്തീൻ അതിരൂപത അൽമായ ശുശ്രൂഷ സമിതി പ്രീസ്റ്റ് കോഡിനേറ്റർമാരുടെയും, കൺവീനർമാരുടെയും, ആനിമേറ്റർമാരുടെയും സംയുക്ത കൂടിവരവും പഠന ശിബിരവും നടത്തി. ശുശ്രൂഷ ഡയറക്ടർ ഫാ. ബീഡ് മനോജ് അമാദോയുടെ അധ്യക്ഷതയിൽ കൂടിയ പൊതുസമ്മേളനം ആർച്ച്ബിഷപ് തോമസ് ജെ . നെറ്റോ ഉദ്ഘാടനം ചെയ്തു. അൽമായർ സമൂഹത്തിന് വിലപ്പെട്ടവരും അനുഗ്രഹീതരും ആണെന്നും വിശുദ്ധിയിലേക്ക് വിളിക്കപ്പെട്ടിരിക്കുന്ന അൽമായർ അത് കാത്തു സൂക്ഷിച്ച് സമൂഹത്തിൽ ജാഗ്രതയോടെ നന്മ ചെയ്യണമെന്നും അദ്ദേഹം പറഞ്ഞു. തുടർന്ന് സഭയിൽ അൽമായരുടെ പങ്ക്, ഇന്നിൻറെ പ്രസക്തി, കൺവീനർമാരുടെ കടമകളും ഉത്തരവാദിത്തങ്ങളും എന്നീ വിഷയങ്ങളെക്കുറിച്ച് റവ. ഡോ. ലോറൻസ് കുലാസ്, റവ. ഡോ. ബേബി ബിബിൻസൺ, ഫാ. ടോണി ഹാംലറ്റ് എന്നിവരുടെ ക്ലാസുകൾ നടന്നു. ഫാ. സെബാസ്റ്റ്യൻ, ഫാ. അലോഷ്യസ്, ഫാ. തോമസ് സജി, ഫാ. ദേവസ്യ എസ് .ജെ, ഫാ. ഗോഡ്വിൻ എന്നിവർ ചർച്ചകൾക്ക് നേതൃത്വം നൽകി. അതിരൂപത വികാരി ജനറൽ മോൺ. യൂജിൻ എച്ച് . പെരേര സമാപന സന്ദേശം നൽകി. അതിരൂപത കൺവീനർ ആൻറണി ആൽബർട്ട് സ്വാഗതവും സെക്രട്ടറി റീന ഷാജി നന്ദിയും അർപ്പിച്ചു.

## പാസ്റ്ററൽ മിനിസ്ട്രിയുടെ നേതൃത്വത്തിൽ VFF ഏകദിന പരിശീലനം നടന്നു




വെള്ളയമ്പലം: തിരുവനന്തപുരം ലത്തീൻ അതിരൂപത പാസ്റ്ററൽ മിനിസ്ട്രിയുടെ നേതൃത്വത്തിൽ അതിരൂപതയിലെ ഇടവകകളിൽനിന്ന് തിരഞ്ഞെടുക്കപ്പെട്ട അധ്യാപകരെയും വൈദിക വിദ്യാർത്ഥികളെയും ഉൾക്കൊള്ളിച്ച് ഏകദിന VFF പരിശീലനം സംഘടിപ്പിച്ചു. പരിശീലനം പാസ്റ്റൽ മിനിസ്ട്രി ഡയറക്ടർ ഫാ. ഷാജു വില്യം ഉദ്ഘാടനം ചെയ്തു. സംസ്ഥാനതല VFF ടീം പ്രതിനിധി തോമസ് പരിശീലനത്തിന്റെ ലക്ഷ്യവും, പഠന സാമഗ്രികളുടെ പരിചയപ്പെടുത്തലും നടത്തി. ഫാ. വിജിൽ ജോർജ്ജ് , ജോണി സി. ദാസ് , സെലിൻ വർഗീസ്, പ്രീതി ഫ്രാങ്ക്ളിൻ, ഫ്ളോറൻസ് ഫ്രാൻസിസ് എന്നിവർ പരിശീലനത്തിന് നേതൃത്വം നൽകി.

# ലീജിയൻ ഓഫ് മേരി സൗത്ത് കമ്മീസിയത്തിന്റെ കീഴിൽ മേഖല പഠന ശിബിരങ്ങൾ നടന്നു



തിരുവനന്തപുരം: തിരുവനന്തപുരം ലത്തീൻ അതിരൂപത ലീജിയൻ ഓഫ് മേരി സൗത്ത് കമ്മീസിയത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ക്യൂരിയാകളെയും പ്രസീദിയങ്ങളെയും നാലു മേഖലകളായി തിരിച്ചുകൊണ്ട് പഠന ശിബിരങ്ങൾ നടന്നു. ആഴാകുളം മുതൽ വലിയവേളിവരെയും നഗര മേഖലകളിലെയും മരിയ സൈനികരുടെ കൂടിവരവും ഫാ. ടോണി ഹാംലറ്റിന്റെ അധ്യക്ഷതയിൽ പഠനശിബിരം കൊച്ചുവേളി ഇടവക ഹാളിൽ അൽമായ ശുശ്രൂഷ ഡയറക്ടർ ഫാ. ബീഡ് മനോജ് അമാദോ ഉദ്ഘാടനം ചെയ്തു.

പള്ളിത്തുറ ,സെൻറ് ആൻഡ്രൂസ്, അഞ്ചുതെങ്ങ് ക്യൂരിയാകളുടെ കീഴിലുള്ള പ്രസീദിയ അംഗങ്ങളിലെ പ്രതിനിധികളുടെ കൂടിവരവും പഠനശിബിരവും സെൻറ് ഡൊമിനിക് വെട്ടുകാട് ഇടവക ഹാളിൽ വച്ച് മോൺ. സി. ജോസഫ് ഉദ്ഘാടനം ചെയ്തു.

പരുത്തിയൂർ, പുതിയതുറ, പുല്ലുവിള, വിഴിഞ്ഞം ക്യൂരിയാകളുടെ കൂടിവരവും പഠനശിബിരവും പുല്ലുവിള ഇടവക ഹാളിൽ വച്ച് മോൺ. നിക്കോളാസ് സമ്മേളനം ഉദ്ഘാടനം ചെയ്തു.

ഇരവിപുത്തൻതുറ സെൻ്റ് കാതറീൻ ദൈവാലയത്തിൽ മൂന്നു ദിവസം നീണ്ടുനിന്ന ലീജിയൻ കോൺഗ്രസ് വിവിധ പരിപാടികളോടെ സമാപിച്ചു. ഇരവിപുത്തൻതുറ കമ്മ്യൂണിറ്റി ഹാളിൽ നടന്ന പൊതുസമ്മേളനം ഫെറോന വികാരി ഫാ. സിൽവസ്റ്റർ കുരിശ് ഉദ്ഘാടനം ചെയ്തു.

# 'ഉയരെ 2026', ഭിന്നശേഷിക്കാർക്ക് കൈത്താങ്ങായി സഹായോപകരണങ്ങൾ വിതരണം ചെയ്തു




വെള്ളയമ്പലം: തിരുവനന്തപുരം അതിരൂപത സാമൂഹ്യ ശുശ്രൂഷയും കോടത്ത് ഫൗണ്ടേഷനും സംയുക്തമായി സംഘടിപ്പിച്ച 'ഉയരെ 2026' പദ്ധതി വെള്ളയമ്പലം ആനിമേഷൻ സെന്ററിൽ നടന്നു. ഭിന്നശേഷിക്കാരായ 71 പേർക്ക് വിവിധ സഹായോപകരണങ്ങൾ വിതരണം ചെയ്തു. കോടത്ത് ഫൗണ്ടേഷൻ മാനേജിംഗ് ഡയറക്ടർ രഞ്ജിത്ത് മാത്യു ഉദ്ഘാടനം ചെയ്ത ചടങ്ങിൽ തിരുവനന്തപുരം ലത്തീൻ അതിരൂപത മെത്രാപ്പോലീത്ത ഡോ. തോമസ് ജെ. നെറ്റോ അധ്യക്ഷത വഹിച്ചു. ലത്തീൻ അതിരൂപത വികാരി ജനറൽ മോൺ. യൂജിൻ എച്ച്. പെരേര, സംസ്ഥാന ഭിന്നശേഷിക്ഷേമ കോർപ്പറേഷൻ എം.ഡി. മൊയ്തീൻകുട്ടി എന്നിവർ ആശംസകൾ അർപ്പിച്ചു. പദ്ധതിയുടെ ഭാഗമായി നിർധനരായ 30 വിദ്യാർഥികൾക്ക് ധനസഹായവും വിതരണം ചെയ്തു.

# മരിയൻ എഞ്ചിനീയറിംഗ് കോളേജ് എൻ. എസ്. എസ്. യൂണിറ്റ് കടൽത്തീര ശുചീകരണവും ബോധവത്കരണവും നടത്തി



തിരുവനന്തപുരം: മരിയൻ എഞ്ചിനീയറിംഗ് കോളേജിന്റെ എൻ. എസ്. എസ്. യൂണിറ്റ് വിദ്യാർഥികൾ സെന്റ് ആൻഡ്രൂസ് ബീച്ചിൽ ശുചീകരണ പ്രവർത്തനവും തുടർന്ന് മാലിന്യ നിയന്ത്രണം എന്ന വിഷയത്തെ ആസ്പദമാക്കി മൈം പ്രകടനവും നടത്തി. കടൽത്തീര ശുചീകരണ പ്രവർത്തനത്തിലൂടെ വിദ്യാർഥികൾ തീരപ്രദേശം ശുചിയായി നിലനിർത്തുന്നതിനുള്ള സാമൂഹിക ഉത്തരവാദിത്തം പൊതുജനങ്ങളിൽ ബോധവൽക്കരിക്കാൻ ശ്രമിച്ചു. എൻ. എസ്. എസ് വോളന്റിയർമാർ സജീവമായി പങ്കെടുത്ത് മാലിന്യങ്ങൾ ശേഖരിച്ച് ശാസ്ത്രീയമായി നീക്കം ചെയ്തു.

ചടങ്ങിൽ മുഖ്യാതിഥിയായ നടൻ അലൻസിയർ ലോപ്പസ് വിദ്യാർഥികളുടെ പ്രവർത്തനങ്ങളെ പ്രശംസിച്ചു. ഫാ. ആൽബർട്ട് (സെന്റ് ആൻഡ്രൂസ് ഇടവക വികാരി) ചടങ്ങിൽ സന്നിഹിതനായിരുന്നു. എൻ. എസ്. എസ്. പ്രോഗ്രാം ഓഫീസർ ദീപക് പീറ്റർ , വോളന്റിയേഴ്സ്, സെക്രട്ടറിമാരായ ശിവ, സ്റ്റിനി എന്നിവരുടെ നേതൃത്വത്തിലായിരുന്നു പരിപാടി സംഘടിപ്പിച്ചത്. എൻ. എസ്. എസ് വോളന്റിയർമാരോടൊപ്പം കോളേജിലെ മറ്റു വിദ്യാർഥികളും പങ്കെടുത്തു.



# യുദ്ധത്തിനെതിരെ സംസാരിക്കുന്നതു തുടരും. ഞാൻ സുവിശേഷത്തെക്കുറിച്ചാണ് സംസാരിക്കുന്നത്: ലെയോ പാപ്പ



അൾജിയേഴ്സ്: യുദ്ധത്തിനെതിരെ സംസാരിക്കുന്നതു തുടരുമെന്നും, സുവിശേഷത്തെക്കുറിച്ചാണ് സംസാരിക്കുന്നതെന്നും ലെയോ പതിനാലാമൻ പാപ്പ. യുദ്ധത്തിനെതിരെ ഞാൻ ഉറക്കെ ശബ്ദിക്കുന്നത് തുടരും, പ്രശ്നങ്ങൾക്ക് ന്യായമായ പരിഹാരം കണ്ടെത്തുന്നതിനായി രാജ്യങ്ങൾക്കിടയിൽ സമാധാനവും ബഹുമുഖ സംഭാഷണവും പ്രോത്സാഹിപ്പിക്കാൻ ശ്രമിക്കും. സഭയുടെ സന്ദേശം സുവിശേഷത്തിന്റെ സന്ദേശമാണ്: സമാധാനം സ്ഥാപിക്കുന്നവർ ഭാഗ്യവാന്മാർ."- തന്റെ ദൗത്യത്തെ രാഷ്ട്രീയമായി കാണുന്നില്ലെന്നും ലെയോ പാപ്പ വ്യക്തമാക്കി. യുദ്ധത്തിനെതിരെയുള്ള ലെയോ പാപ്പയുടെ നിലപാടിൽ കഴിഞ്ഞ ദിവസം ട്രംപ് നടത്തിയ പ്രതികരണം വിവാദത്തിന് കാരണമായിരുന്നു.

നീർച്ചാൽ

## തമസിൽനിന്നും തോമസിലേക്ക്

പെസഹാക്കാലം 5-ാം ഞായർ (മെയ് 3)

**അപ്പ. 6:1-7. 1 പത്രോ. 2:4-9. യോഹ. 14: 1-12**

**ഫാ. സി.കെ. തോപ്പിൽ**



സുവിശേഷത്തിൽ സവിശേഷമായി പരാമർശിക്കപ്പെടുന്ന ഒരു ശിഷ്യനാണ് തോമസ്. തോമസ് ചോദ്യങ്ങൾ ചോദിക്കുന്നവനായിരുന്നു. ആരാണ് ചോദ്യങ്ങൾ ചോദിക്കുന്നത്? ഉത്തരമില്ലാത്തവൻ. ഉത്തരമന്വേഷിക്കുന്നവന്റെ അവകാശമാണ് ചോദ്യങ്ങൾ ചോദിക്കുക എന്നത്. ഇല്ലാത്ത ഉത്തരം ഉണ്ടെന്ന് ഭാവിക്കുന്നവരെയാണ് സൂക്ഷിക്കേണ്ടത്. സംശയത്തിന്റെ ഉറവിടം അങ്ങനെയുള്ളവരുടെ മനസ്സാണ്. തോമസിനെ അങ്ങനെയുള്ളവരുടെ കൂട്ടത്തിൽ ഉൾപ്പെടുത്താനാവില്ല. ഒന്നുകിൽ അറിയാം, അല്ലെങ്കിൽ അറിയില്ല - ഇതാണ് എപ്പോഴും തോമസിന്റെ നിലപാട്. ചോദ്യങ്ങൾ ചോദിക്കുന്നത് തികഞ്ഞ ആത്മാർഥതയോടെയാണ്. അറിയാനുള്ള തീക്ഷ്ണമായ ആഗ്രഹത്തോടെയാണ്.

ചോദ്യം: ലൗകികഭാഷ മാത്രമറിയാവുന്ന ശിഷ്യർക്ക് യേശുവിന്റെ ഭാഷ മനസിലാകാതെ പോകുന്നതിൽ അദ്ഭുതപ്പെടാനില്ല. ഇത് തോമസിന്റെ മാത്രം പ്രശ്നമല്ല, എല്ലാവരുടെയും പ്രശ്നമാണ്. സത്യത്തിൽ അവർക്കൊന്നും മനസ്സിലായിട്ടില്ല, യേശു വന്ന വഴിയും പോകുന്ന വഴിയും. വന്ന വഴിയും പോകുന്ന വഴിയും പലയാവർത്തി ശിഷ്യരോടും പറഞ്ഞിട്ടുള്ളതാണ്. അതൊക്കെയും അവ്യക്തതയുടെ മൂടൽമഞ്ഞിൽപ്പെട്ടു കിടക്കുകയാണ്. എല്ലാവരും ചോദിക്കാൻ ആഗ്രഹിച്ച ചോദ്യമാണ് തോമസ് ചോദിക്കുന്നത്. ധീരനാണ് തോമസ്. നേരിന്റെ വഴിയേ സഞ്ചരിക്കുന്ന മനസ്സാണ്. തോമസ് പറഞ്ഞു: കർത്താവേ, നീ എവിടേക്ക് പോകുന്നുവെന്ന് ഞങ്ങൾക്കറിഞ്ഞുകൂടാ!. പിന്നെ വഴി ഞങ്ങൾ എങ്ങനെ അറിയും?

അനന്യമായ ഒരു വെളിപാടിന് വഴിയൊരുക്കിയത് തോമസിന്റെ ഈ ചോദ്യമാണ്. അജ്ഞാനം തമസ്സാണ്. ജ്ഞാനത്തിന്റെ സൂര്യോദയം ഉണ്ടാകുന്നത് തമസ്സിന്റെ ഹൃദയത്തിലാണ്. അതുകൊണ്ട് 'ഞങ്ങൾക്കറിഞ്ഞുകൂടാ' എന്ന തോമസിന്റെ ഏറ്റുപറച്ചിൽ സൂര്യോദയത്തിന് തൊട്ടുമുമ്പുള്ള തമസ്സായി വേണം വ്യാഖ്യാനിക്കാൻ. ഈ ഏറ്റുപറച്ചിൽ തോമസിന്റെ കീഴടങ്ങലാണ്. ബുദ്ധികൊണ്ടും യുക്തികൊണ്ടും അളന്നിട്ട് തോമസിന് ഒന്നും കിട്ടിയില്ല. കിട്ടിയത് ഇരുട്ടുമാത്രം. അതിനാൽതന്നെ വെളിച്ചത്തിനുവേണ്ടിയുള്ള പ്രാർഥനയാണ് തോമസിന്റെ ചോദ്യം.

ഉത്തരം: യേശു പറഞ്ഞു: വഴിയും സത്യവും ജീവനും ഞാനാണ്. എന്നിലൂടെയല്ലാതെ ആരും പിതാവിന്റെ അടുക്കലേക്ക് വരുന്നില്ല. വഴിയും സത്യവും ജീവനും യേശുവിലലിഞ്ഞ് ഒന്നാകുന്നു. സത്യത്തിലേക്കുള്ള വഴി അന്വേഷിക്കുന്ന സകല മർത്യരുടെയും ചോദ്യത്തിനുള്ള ആത്മീയയാത്രയുടെ അലച്ചിലുകൾക്കുള്ള സമ്പൂർണ ഉത്തരം യേശുവിലാണെന്ന ദർശനം ഇവിടെ വെളിപ്പെടുന്നു. "കർത്താവേ, അങ്ങയുടെ വഴി എനിക്ക് കാണിച്ചുതരണമേ; എനിക്ക് ശത്രുക്കളുള്ളതിനാൽ എന്നെ നിരപ്പായ വഴിയിലൂടെ നയിക്കണമേ" (സങ്കീ. 27:11). "കർത്താവേ, ഞാൻ അങ്ങയുടെ സത്യത്തിൽ നടക്കേണ്ടതിന് അങ്ങയുടെ വഴി എന്നെ പഠിപ്പിക്കേണമേ" (സങ്കീ. 86:11)

വഴിയും സത്യവും യേശുവിൽ സംഗമിക്കുമ്പോൾ ഉയിർകൊള്ളുന്നതാണ് ജീവൻ. സത്യത്തെക്കുറിച്ചുള്ള വിവേകജ്ഞാനമാണ് ജീവൻ. വഴിയും സത്യവും ജീവനും യേശുവിൽ ഒന്നിക്കുന്നു. പിതാവിലേക്കുള്ള വഴി യേശുമാത്രം. ക്രിസ്തീയ വിശ്വാസത്തിന്റെ ഹൃദയമാണ് ഈ വെളിപാട്.

## പ്രവർത്തന നിരതമാകുന്ന സ്നേഹം

പെസഹാക്കാലം 6-ാം ഞായർ (മെയ് 10)

**അപ്പ. 8:5-8, 14-17, 1 പത്രോ. 3:15-18, യോഹ. 14:15-21**

**ഫാ. ഡൈസൺ**



മഹാനായ സോക്രട്ടീസ് മരിച്ചപ്പോൾ, തന്റെ അരുമ ശിഷ്യനായ പ്ലേറ്റോ പറഞ്ഞു: ഞങ്ങൾ അനാഥരായിരിക്കുന്നു. മഹാനായ മഹാത്മാഗാന്ധി മരിച്ചപ്പോൾ ഇന്ത്യ അനാഥമായിരിക്കുന്നുവെന്ന് വിലപിച്ചവരോട് സരോജിനി നായിഡു പറഞ്ഞു: നമ്മളാണ് ഗാന്ധിജിയുടെ ജീവിക്കുന്ന പ്രതീകങ്ങൾ. നമ്മളാണ് അദ്ദേഹത്തിന്റെ പടയാളികൾ, നമ്മളാണ് അദ്ദേഹത്തിന്റെ പതാക ഏന്തേണ്ടവർ. നമ്മുടെ പതാക സത്യമാണ്. നമ്മുടെ പരിച അഹിംസയാണ്. നമ്മുടെ ആയുധം രക്തച്ചൊരിച്ചിലില്ലാതെ നേടുന്ന ആത്മാവിന്റെ വിജയമാണ്. ഇന്ത്യയിലെ ജനങ്ങളെ ഉണരുവിൻ. നിങ്ങളുടെ കണ്ണുനീർ തുടച്ച് എഴുന്നേല്ക്കുവിൻ. ക്രിസ്തുവാകട്ടെ മരിക്കുന്നതിനുമുമ്പുതന്നെ തന്നിൽ വിശ്വസിക്കുന്ന ശിഷ്യർ അനാഥരാകാതിരിക്കാ

ൻ സഹായകനെ വാഗ്ദാനം ചെയ്യുന്നു. യേശുവിന് ശിഷ്യരോടുണ്ടായിരുന്ന കരുതലിന്റെയും, സ്നേഹത്തിന്റെയും ആഴം നമ്മൾ മനസ്സിലാക്കുന്നത് സഹായകനെ നല്കുന്നതിലൂടെയാണ്. യോഹന്നാന്റെ സുവിശേഷത്തിൽ യേശു ത്രിത്വത്തെ പടിപടിയായി വെളിപ്പെടുത്തുന്നു. ഞാനും പിതാവും ഒന്നാണെന്ന് പറഞ്ഞ യേശു (യോഹ 10:30) ത്രിത്വത്തിലെ മൂന്നാമത്തെ ആളായ പരിശുദ്ധാത്മാവിനെ വെളിപ്പെടുത്തുന്നത് സഹായകനായിട്ടാണ് (യോഹ 14:16). ഈ ലോകത്ത് നാം തനിച്ചല്ല നമ്മുടെ ബലമായി ശക്തിയായി നമ്മോടുകൂടെ പരിശുദ്ധാത്മാവുണ്ട്.

യേശുവിനോടുള്ള സ്നേഹം ഒരു ക്രിസ്തു ശിഷ്യൻ പ്രകടിപ്പിക്കേണ്ടത് കല്പനകളുടെ പാലനത്തിലൂടെയാണെന്നും അങ്ങനെ ചെയ്താൽ ലഭിക്കുന്ന മൂന്നു വലിയ സൗഭാഗ്യങ്ങളെക്കുറിച്ചാണ് സുവിശേഷം വെളിപ്പെടുത്തുന്നത്.

**1.സഹായകനെ ലഭിക്കും**: യേശുവിന്റെ അസാന്നിധ്യത്തിൽ ശിഷ്യരെ ശക്തിപ്പെടുത്തുന്ന ആശ്വാസദായകനാണ് സഹായകനായ പരിശുദ്ധാത്മാവ്. സഹായകൻ എന്ന വാക്കിന്റെ ഗ്രീക്ക് പദം 'പാരാക്ലേത്തോസ്' എന്നാണ്. പാരാക്ലേത്തോസിന് അടുത്തു വിളിക്കപ്പെട്ടവൻ, സഹയാത്രികൻ, കൂടെയുള്ളവൻ, ഉപദേഷ്ടാവ്, വക്കീൽ, വക്താവ്, സംരക്ഷകൻ, ആശ്വാസദായകൻ എന്നീ അർഥങ്ങളുണ്ട്. ആപത്ഘട്ടങ്ങളിൽ സംരക്ഷകനായും, നിരാശയിൽ തളർന്നുപോകുമ്പോൾ ആശ്വാസദായകനായും, വിചാരണ ചെയ്യപ്പെടുമ്പോൾ വക്കീലായും, സഹായം ആവശ്യമുള്ള സമയത്ത് മധ്യസ്ഥനായും, വക്താവായും, തെറ്റുമ്പോൾ ഉപദേശം നല്കുന്ന ഉപദേഷ്ടാവായും നമ്മോടുകൂടെ യാത്രചെയ്തുകൊണ്ട് നമ്മെ ശക്തിപ്പെടുത്തുന്നവനുമാണ് സഹായകനായ പരിശുദ്ധാത്മാവ്. ശക്തിപ്പെടുത്തുക മാത്രമല്ല (യോഹ 14:16) സത്യം പഠിപ്പിക്കുകയും (യോഹ 14:26) ദൈവമക്കൾക്കെതിരെ കുറ്റം വിധിക്കുന്ന സാത്താന്റെ (വെളി 12:10) ആക്രമണങ്ങളിൽനിന്നും അവരെ സംരക്ഷിക്കുന്നതും പരിശുദ്ധാത്മാവാണ്. ആദിമുതൽ കൊലപാതകിയും (1 യോഹ 8:44) നുണയന്റെ പിതാവുമായ സാത്താന്റെ എതിർ ധ്രുവത്തിലാണ് പരിശുദ്ധാത്മാവ് ചരിക്കുന്നത്. വിശ്വാസജീവിതത്തിൽ ഒപ്പംനിന്ന് സഹായിക്കുകയാണ് സഹായകനായ പരിശുദ്ധാത്മാവിന്റെ ദൗത്യം. ആവശ്യപ്പെടുന്നവർക്ക് മധ്യസ്ഥരും സംരക്ഷകരുമായി നാം മാറണം. സേവിക്കുവാനാണ് നാം വിളിക്കപ്പെട്ടിരിക്കുന്നത്. നമ്മുടെ ആശയങ്ങൾ അടിച്ചേല്പിക്കുവാനോ, അവരെ നമ്മുടെ അടിമകളാക്കുവാനോ അല്ല. സേവനത്തിലൂടെ സ്നേഹം പ്രകടിപ്പിക്കാം

**2.അനാഥരായി വിടുന്നില്ല**: കരുതൽ നഷ്ടപ്പെട്ട, ഇല്ലായ്മയുള്ള, സംരക്ഷണമില്ലാത്ത ഹീനമായ അവസ്ഥയിലൂടെ കടന്നു പോകുന്നവനാണ് അനാഥൻ. ഒന്നുമില്ലാത്തവനാണ് അനാഥൻ. നല്ല ഇടയനെപ്പോലെ, അമ്മ കോഴിയെ എന്നപോലെ ശിഷ്യന്മാരുടെ വിശ്വാസജീവിതത്തിൽ ഒപ്പമുണ്ടായിരുന്ന ഗുരുവും നാഥനുമായ യേശു ഈ ലോകം വിട്ട് പോകുമ്പോൾ ശിഷ്യർ തകർന്നുപോകാതിരിക്കാൻ, അനാഥത്വം അനുഭവിക്കാതിരിക്കാൻ യേശു നല്കുന്ന സഹായകൻ അവരെ കരുതുള്ളവരാക്കുന്നു. പിതാവ് പുത്രനെ നല്കി ദൈവജനത്തെ സനാഥരാക്കുന്നു. യേശു പരിശുദ്ധാത്മാവിനെ നല്കി അവരെ സനാഥരാക്കുന്നു. യേശു നമ്മെ അനാഥരാക്കാത്തതുപോലെ നമ്മെ ആശ്രയിക്കുന്നവരെയും നമ്മൾ അനാഥരാക്കരുത്: കരുതലും സംരക്ഷണവും കൊണ്ട് നമ്മൾ വിരുന്ന് ഒരുക്കുന്നവരാകണം.

**3.വെളിപാടുകൾ നല്കുന്നു**: പിതാവ് ദൈവമാണെന്ന് വെളിപ്പെടുത്തിയ യേശു തന്റെ ഉത്ഥാനത്തിലൂടെ, അദ്ഭുതങ്ങളിലൂടെ, അടയാളങ്ങളിലൂടെ യേശുവും ദൈവമാണെന്ന് ശിഷ്യഗണത്തിനു മുഴുവനും വെളിപ്പെടുത്തുന്നു. മാത്രമല്ല തന്റെ അഭാവത്തിൽ അയയ്ക്കപ്പെട്ട പരിശുദ്ധാത്മാവും ദൈവമാണെന്ന് വെളിപ്പെടുത്തുന്നു. ഹൃദയത്തിൽ സ്നേഹമുള്ളവർക്കേ ഈ വെളിപാട് ലഭിക്കുകയുള്ളൂ. സ്നേഹമുള്ള ഹൃദയങ്ങളിൽ യേശുവിന്റെ മുഖം വെളിപ്പെടും. പ്രസിദ്ധ സംഗീതജ്ഞനായിരുന്ന ഇറ്റലിയിലെ റൊസിനിക്ക് ഫ്രാൻസിലെ രാജാവ് ഒരു വാച്ച് സമ്മാനിച്ചു. വർഷങ്ങൾ കഴിഞ്ഞ് വിലയേറിയ തന്റെ സമ്മാനത്തെ സ്നേഹിതനു കാണിച്ചു. അപ്പോൾ സ്നേഹിതൻ പറഞ്ഞു നിങ്ങൾക്ക് ഈ വാച്ചിന്റെ വില ശരിക്കും മനസ്സിലായിട്ടില്ല. വാച്ചിന്റെ ബട്ടൺ സ്നേഹിതൻ അമർത്തിയപ്പോൾ വാച്ചിൽ റൊസിനിയുടെ രൂപം തെളിഞ്ഞു. നമ്മിൽ വസിക്കുന്ന ദൈവത്തിന്റെ രൂപം തിരിച്ചറിയുവാനുള്ള ബട്ടനാണ് സ്നേഹം. ത്രിയേക ദൈവത്തിന്റെ വെളിപാടുകൾ ലഭിക്കാൻ കല്പനകൾ പാലിച്ച് ദൈവസ്നേഹത്തിൽ നിലനില്ക്കണം.

ഉള്ളിലെ സ്നേഹം പൂഴ്ത്തിവക്കാനുള്ളതല്ല, പ്രവൃത്തികളിലൂടെ വെളിപ്പെടാനുള്ളതാണ്. പുകയാത്ത ചന്ദനത്തിരിയും, എരിയാത്ത മെഴുകുതിരിയും ഉപയോഗ്യശൂന്യമാകുന്നതുപോലെ പ്രകടിപ്പിക്കാത്ത സ്നേഹവും വൃഥാ പാഴായിപ്പോകുന്നു. യേശുവിനോടുള്ള സ്നേഹം ശിഷ്യൻ വെളിപ്പെടുത്തേണ്ടത് യേശുവിന്റെ കല്പനകൾ പാലിക്കുന്നതിലൂടെയായിരിക്കണം. ലിസ്യുവിലെ വിശുദ്ധ കൊച്ചുത്രേസ്യ പറയുന്നു. 'ഞാൻ സ്നേഹത്തോടെ പ്രവർത്തിക്കുകയും ചിന്തിക്കുകയും ചെയ്യുമ്പോൾ ക്രിസ്തുവാണ് എന്നിലൂടെ പ്രവർത്തിക്കുന്നത്. അവനുമായുള്ള എന്റെ ഐക്യത്തിന്റെ ആഴമനുസരിച്ച് എന്റെ സഹോദരിമാരോടുള്ള സ്നേഹവും ശക്തമാണ്.' ആദ്യവായനയും രണ്ടാമത്തെ വായനവും സുവിശേഷവും ശക്തമായി പറയുന്നത് പ്രകടിപ്പിക്കുന്ന സ്നേഹം ജീവിതത്തെ, ലോകത്തെ അദ്ഭുതകരമായ രീതിയിൽ സുന്ദരമാക്കുന്നു എന്നാണ്.

## ദൗത്യം

സ്വർഗാരോഹണ തിരുനാൾ (മെയ് 17)

**അപ്പ. 1:1-11. എഫേ.1:17-23. മത്താ. 28:16-20**

**ഫാ. പ്രബൽ**

**2000 ആണ്ടിൽ റോമൻ കൂരിയയെ ധ്യാനിപ്പിക്കുവാൻ ജോൺപോൾ രണ്ടാമൻ പാപ്പ ക്ഷണിച്ചത് വിയറ്റ്നാമിൽനിന്നുള്ള വാൻത്വാൻ എന്ന മെത്രാനെയാണ്. യേശുവിൽ വിശ്വസിക്കുന്നു എന്നതിന്റെ പേരിൽ നീണ്ട 13 വർഷക്കാലത്തോളം ഏകാന്ത തടവിന് വിധിക്കപ്പെട്ട മെത്രാനായിരുന്നു വാൻത്വാൻ. കാപ്പി കുടിക്കുന്നതിന്റെ ഇടയിൽ കുശലാന്വേഷണമായി പാപ്പ ചോദിച്ചു, 'താങ്കൾ എന്തിനെക്കുറിച്ചാണ് ഞങ്ങളെ ധ്യാനിപ്പിക്കാൻ പോകുന്നത്'? വാൻത്വാൻ മെത്രാൻ മറുപടി പറഞ്ഞു: "കഴിഞ്ഞ 13 വർഷക്കാലം കമ്യൂണിസ്റ്റ് ഭരണകൂടം ഏകാന്ത തടവിന് വിധിച്ചപ്പോൾ രാത്രിയുടെ ഇരുണ്ടയാമങ്ങളിൽ ആരും കാണാതെ പ്രാർഥിച്ചത് എന്റെ വിശ്വാസത്തെ കാത്തുസൂക്ഷിക്കുവാനുള്ള വരം തരണമേയെന്നാണ്. ജയിലിൽ വച്ച് ക്രൂശിതൻ എന്നെ പഠിപ്പിച്ച പ്രത്യാശയെക്കുറിച്ച് ഞാൻ അങ്ങയോട് സംസാരിക്കട്ടെ."**

**പോകണം, ശിഷ്യപ്പെടുത്തണം, സ്നാനപ്പെടുത്തണം, പഠിപ്പിക്കണം എന്ന ചതുർവിധ ധർമങ്ങൾ ജ്ഞാനസ്നാനജലംകൊണ്ട് പുനർജനിക്കപ്പെട്ട നമുക്കോരോരുത്തർക്കും ഉണ്ടെന്ന ഓർമപ്പെടുത്തലാണ് ഇന്നത്തെ സുവിശേഷം. നമ്മുടെ സഹോദരി-സഹോദരന്മാരിൽ പലരും തങ്ങളുടെ ജീവിതംകൊണ്ടാണ് ഈ സുവിശേഷഭാഗത്തിന് ഉത്തരം നൽകിയത്. നാടും വീടും വിട്ട്, ഉറ്റവരിൽനിന്നും ഉടയവരിൽനിന്നും അകന്ന്, അറിയപ്പെടാത്തൊരു നാട്ടിൽ, പറയാനറിയാത്തൊരു ഭാഷക്കാർക്കിടയിൽ പ്രേഷിതപ്രവർത്തനം നടത്താൻ ഉൾക്കരുത്ത് നൽകിയ വചനഭാഗമാണ് മത്താ. 28: 16-20.**



അനുഭവിച്ചറിഞ്ഞ ക്രിസ്ത്വാനുഭവം, ജീവിച്ചുതുടരുന്ന ക്രിസ്തുവിശ്വാസം, പ്രഘോഷണ വിഷയമായ ക്രിസ്തുവചനം- നാലതിർത്തികളിലും നാനാഭാഷകളിലും സംസ്കാരങ്ങളിലും എത്തിക്കണമെന്ന നമ്മുടെ കർത്താവിന്റെ ആത്മാഭിലാഷത്തിന് എന്റെ പങ്കാളിത്തം എന്തുമാത്രമാണെന്ന് ഞാൻ ആത്മപരിശോധന ചെയ്യേണ്ടിയിരിക്കുന്നു.

സമാശ്വാസമായി തിരിച്ചറിഞ്ഞ ക്രിസ്തുവിനെ

സമാധാനമായി അനുഭവിച്ചറിഞ്ഞ ക്രിസ്തുവിനെ

സൗഖ്യമായി തിരിച്ചറിഞ്ഞ ക്രിസ്തുവിനെ

കണ്ണീരിൻ ആശ്വാസമാകുന്ന ക്രിസ്തുവിനെ

അസ്വസ്ഥതയിൽ ആത്മവിശ്വാസമാകുന്ന ക്രിസ്തുവിനെ ജീവിതവും പ്രഘോഷണവും പ്രാർഥനയും കൊണ്ട് മറ്റുള്ളവർക്ക് പരിചയപ്പെടുത്തി കൊടുക്കാനും പങ്കുവയ്ക്കാനുമുള്ള സന്നദ്ധത ഓരോ ക്രിസ്തുശിഷ്യനും ആർജ്ജിക്കേണ്ടിയിരിക്കുന്നു. ദേശീയ-വംശീയ, വർഗീയ-വർണ, ഭൂരിപക്ഷ-ന്യൂനപക്ഷ മുതലാളിത്ത-തൊഴിലാളിത്ത വിഭാഗീയതകളില്ലാതെ കാലത്തിനും ദേശത്തിനും അതീതമായി യേശുവിന്റെ സുവിശേഷം ലോകത്തിന് വെളിപ്പെടണം. മാനുഷിക യുക്തിയിൽ ഇത് അസാധ്യമെന്ന് തോന്നുമെങ്കിലും ദൈവിക കൃപയാൽ ഇത് സാധ്യമാണ്. 2000 വർഷം മുൻപ് ജീവിച്ച അപ്പസ്തോലന്മാരുടെയും ധീരരക്തസാക്ഷികളുടെയും പ്രേഷിത തീക്ഷ്ണത നമുക്കുണ്ടോ എന്ന് ഈയവസരത്തിൽ ആത്മപരിശോധന ചെയ്യേണ്ടതുണ്ട്. മാത്രമല്ല, പ്രകാശവേഗത്തിൽ കുതിച്ചുകൊണ്ടിരിക്കുന്ന ഈ ലോകത്തിൽ അതേ വേഗതയിൽ ക്രിസ്തുവിന്റെ പ്രകാശംപകരാൻ സാധിച്ചെങ്കിൽ മാത്രമേ, നമ്മുടെ സുവിശേഷപ്രഘോഷണങ്ങൾ വിജയിക്കുകയുള്ളൂ. പരിശുദ്ധാത്മപിയുടെ നിറവുണ്ടെങ്കിൽ മാത്രമേ നമുക്ക് അപ്പസ്തോലന്മാരുടെ ധീരതയും ഈ കാലഘട്ടത്തിനനുസൃതമായ വേഗതയും കൈവരിക്കാൻ കഴിയൂ. ഉത്തമ ക്രിസ്തുസാക്ഷികളാകാൻ പിതാവായ ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

## പെന്തക്കോസ്താ തിരുനാൾ

പെന്തക്കോസ്താ തിരുനാൾ (മെയ് 24)

**അപ്പ. 2:1-11, 1 കോറി. 12:3യ-7, 12-13. യോഹ 20:19-23**

**ഫാ. വിശാൽ വർഗീസ്**



ഈസ്റ്റർ കഴിഞ്ഞുള്ള പെന്തക്കോസ്താ തിരുനാളോടുകൂടി പെസഹാക്കാലം അതിന്റെ പരിപൂർണതയിൽ എത്തിച്ചേരുകയാണ്. യേശു വാഗ്ദാനംചെയ്ത സഹായകൻ ഈ ലോകത്തിലേക്ക് വരുന്നു. അപ്പസ്തോലന്മാരിലും മറ്റു ശിഷ്യരിലും പരിശുദ്ധാത്മാവിന്റെ ആവാസമുണ്ടായ പുതിയനിയമ സംഭവത്തെ അനുസ്മരിക്കുന്നതാണ് നാം ആഘോഷിക്കുന്ന പെന്തക്കോസ്താ. പെന്തക്കോസ്താ അഥവാ പെന്തക്കോസ്തെ എന്ന ഗ്രീക്ക് പദത്തിനർഥം 'അമ്പതാം ദിനം' എന്നാണ്. ഈസ്റ്റർ ഞായറിനുശേഷം അമ്പതാം ദിവസം പെന്തക്കോസ്താ തിരുനാൾ ആഘോഷിക്കപ്പെടുന്നു. യേശുക്രിസ്തുവിന്റെ തുടർച്ചയായ കത്തോലിക്കാസഭ, 'തിരുസഭയായി' ഔപചാരികമായി ഉദ്ഘാടനം ചെയ്യപ്പെട്ടത് ഈ ദിവസമാണ്.

യഹൂദജനത പരസ്യമായിട്ട് വളരെ ശക്തവും എന്നാൽ വിശ്വാസത്തോടുംകൂടി ആചരിച്ചിരുന്ന വിളവെടുപ്പുത്സവമാണ് പെന്തക്കോസ്താ. എന്നാൽ കാലഘട്ടം മുൻപോട്ട് പോയപ്പോൾ, യഹൂദർ ഈ പെന്തക്കോസ്താ നാളിന് പുതിയ വ്യാഖ്യാനം നൽകി. പുറപ്പാടിന്റെ അമ്പതാം ദിനം അവർ സീനായിമലയിൽ എത്തിച്ചേർന്നതിന്റെയും ദൈവത്താൽ കല്പനകൾ നൽകപ്പെട്ടതിന്റെയും ഓർമപ്പെടുത്തലായി പെന്തക്കോസ്താ ആചരിച്ചു. ആ ദിനത്തിൽ രണ്ട് അപ്പവും ഒരു വയസ്സുള്ള ഊനമറ്റ ഏഴ് ചെമ്മരിയാട്ടിൻ കുട്ടികളെയും ഒരു കാളക്കുട്ടിയെയും, രണ്ട് മുട്ടാടുകളെയും കർത്താവിന് ദഹനബലിയായി അർപ്പിക്കുകയും ആ ദിവസം കഠിനാധ്വാനം ചെയ്യാതെ ഒരു വിശുദ്ധ സമ്മേളനം പ്രഖ്യാപിക്കുകയും പ്രാർഥിക്കുകയും ചെയ്തിരുന്നതായി ലേവ്യരുടെ പുസ്തകം 23-ാം അധ്യായം 15 മുതൽ 21 വരെയുള്ള തിരുവചനങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നു.

പുതിയ നിയമത്തിൽ, 'പെന്തക്കോസ്താ ദിനം സമാഗതമായപ്പോൾ അവരെല്ലാവരും ഒരുമിച്ചു കൂടിയിരിക്കുകയായിരുന്നു. കൊടുങ്കാറ്റ് അടിക്കുന്നതുപോലെയുള്ള ഒരു ശബ്ദം പെട്ടെന്ന് ആകാശത്തുനിന്നുണ്ടായി. അത് അവർ ഉപയോഗിച്ചിരുന്ന

വീട്ടുമുഴുവൻ നിറഞ്ഞു. അഗ്നിജ്വാലകൾപോലുള്ള നാവുകൾ ഓരോരുത്തരുടെയും മേൽ വന്നുനിൽക്കുന്നത് അവർ കണ്ടു. അവരെല്ലാവരും പരിശുദ്ധാത്മാവിനാൽ നിറഞ്ഞു. ആത്മാവ് കൊടുത്ത ഭാഷണവരമനുസരിച്ച് അവർ വിവിധ ഭാഷകളിൽ സംസാരിക്കാൻ തുടങ്ങി' (അപ്പ. പ്രവ. 2:1-4). വിവിധ ഭാഷകളെ പ്രതിപാദിക്കുന്ന മറ്റൊരു സംഭവം നമ്മുടെ ഓർമയിൽ വരുന്നത് ബാബേൽ ഗോപുരത്തിന്റെ നിർമാണമാണ്. (ഉല്പത്തി 11:19). ബാബേൽ ഗോപുരത്തിന്റെ വീഴ്ചയിൽ അവരുടെ ഭാഷ പരസ്പരം ഗ്രഹിക്കാനാവാത്തവിധം ദൈവം ഭിന്നിപ്പിക്കുന്നു. എന്നാൽ പെന്തക്കോസ്താ ദിനത്തിൽ അപ്പസ്തോലന്മാർ വിവിധ ഭാഷകളിൽ സംസാരിച്ചിട്ടും എല്ലാവർക്കും അവരവരുടെ മാതൃഭാഷകളിൽ മനസ്സിലാകുന്നു. ബാബേൽ ഗോപുര നിർമാണത്തിൽ അവർ ശ്രദ്ധിച്ചത് അവരവരുടെ സ്വന്തം നാമത്തിന്റെ മഹത്വമാണ്. എന്നാൽ പെന്തക്കോസ്താ ദിനത്തിൽ ശിഷ്യന്മാർ പ്രഘോഷിച്ചത് ദൈവമഹത്വമാണ് എന്നത് വളരെ ശ്രദ്ധേയമാണ്. ബാബേൽ ഗോപുരം അഹന്തയുടെയും, ഭിന്നിപ്പിന്റെയും പ്രതീകമാണെങ്കിൽ പെന്തക്കോസ്താ ഒരുമയുടെയും, ഐക്യത്തിന്റെയും അടയാളമാണ്. എല്ലാവർക്കും മനസ്സിലാകുന്ന പരിശുദ്ധാത്മാവിന്റെ ഭാഷ സ്നേഹത്തിന്റെയും കരുണയുടെയും പരസ്പരം മനസ്സിലാക്കുന്നതിന്റെയും ഭാഷയാണ്.

പരിശുദ്ധാത്മാവ് ഏതൊരു വ്യക്തിയുടെയും ജീവിതത്തിൽ കടന്നുവരുമ്പോൾ മൂന്നുകാര്യങ്ങൾ ആ വ്യക്തിയുടെ ജീവിതത്തിൽ മനസ്സിലാക്കി നൽകുന്നു.

●പാപത്തെക്കുറിച്ച് ●നീതിയെക്കുറിച്ച് ●ന്യായവിധിയെക്കുറിച്ച്

പാപബോധം ഇല്ലായ്മ

ഈ കാലഘട്ടത്തിന്റെ വലിയ ഒരു പ്രതിസന്ധിയാണ് പാപബോധം ഇല്ലായ്മ. ആരും കാണാതെ എന്തുചെയ്താലും അത് ശരിയാണെന്ന മനോഭാവത്തോടെ പാപം ചെയ്യുന്നു. പാപത്തെ പുണ്യമായും പുണ്യത്തെ പാപമായും ഈ കാലഘട്ടം ചിത്രീകരിക്കുന്നു. അതിൽനിന്നെല്ലാം നന്മയെ നന്മയായും തിന്മയെ തിന്മയായും വേർതിരിച്ചറിഞ്ഞ് ജീവിക്കാൻ പരിശുദ്ധാത്മാവ് ശക്തിപകരുന്നു.

നീതിയെക്കുറിച്ച്

പരിശുദ്ധാത്മാവ് ഒരു വ്യക്തിയുടെമേൽ വരുമ്പോൾ അയാളിൽ നീതിബോധം ഉളവാകുന്നു. അതുവഴി അർഹിക്കുന്നത് നൽകുക എന്ന ചിന്ത അയാളിൽ പ്രബലമാകുന്നു.

ന്യായവിധിയെക്കുറിച്ച്

മൂന്നാമതായി ലഭിക്കുന്ന അനുഗ്രഹമാണ് മരണാനന്തര ജീവിതത്തെക്കുറിച്ചുള്ള ബോധം. മരണാനന്തരമുള്ള നിത്യജീവനിൽ വിശ്വസിക്കാതെ ഭൂമിയിലെ സുഖസന്തോഷത്തിൽ അടിമപ്പെട്ട ജീവിതം നയിക്കുന്ന വ്യക്തികളിൽ വിശുദ്ധജീവിതം നയിക്കുവാൻ ശക്തിപ്പെടുത്തുകയും ബോധ്യപ്പെടുത്തുകയും ചെയ്യുന്നു. അങ്ങനെ അശുദ്ധിയിൽ നിന്നും പിൻവാങ്ങി വിശുദ്ധിയുടെ പടികൾ ചവിട്ടാൻ പരിശുദ്ധാത്മാവ് നമ്മെ സഹായിക്കുന്നു.

അതിനാൽ, പരിശുദ്ധാത്മാവിന്റെ ആവാസത്തിനായി ഈ പെന്തക്കോസ്താ ദിനത്തിൽ തീക്ഷ്ണമായി നമുക്ക് പ്രാർഥിക്കാം. അങ്ങനെ പാപബോധം ഉണ്ടാവുകയും, അന്യർക്ക് അവകാശപ്പെട്ട നീതി നടപ്പിലാക്കാനും, നന്മതിന്മകളെ വേർതിരിച്ചറിഞ്ഞ് നിത്യജീവന്റെ കിരീടം നേടാനും നമുക്ക് പരിശ്രമിക്കാം.

## രക്ഷയും ശിക്ഷയും

പരിശുദ്ധ ത്രിത്വത്തിന്റെ തിരുനാൾ (മെയ് 31)

**പുറ. 34:4യ-6. 8-9 2 കോറി. 13:11-13. യോഹ. 3: 16-18**

**ഫാ. സി.കെ.തോപ്പിൽ**

ദൈവത്തിന്റെ സ്നേഹത്തിന്റെ മുഖമാണ് യേശു. തന്റെ ഏകജാതനെ നൽകുവാൻ തക്കവണ്ണം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു. യേശുവിൽ വിശ്വസിക്കുകയെന്നാൽ യേശുവിലൂടെ വെളിപ്പെട്ട ദൈവസ്നേഹത്തിൽ വിശ്വസിക്കുക എന്നർഥം. മനുഷ്യനെ ദൈവത്തിലേക്ക് ഉയർത്തുന്നതിനാണ് ദൈവം മനുഷ്യനായത്. യേശുവിൽ ഒരേസമയം ദൈവത്തിന്റെ അവരോഹണവും മനുഷ്യന്റെ ആരോഹണവും സംഭവിക്കുന്നു. സ്വയം നല്കുകവഴി, മനുഷ്യനെയും ലോകത്തെയും സ്നേഹിച്ച ദൈവത്തിന്റെ മുഖമാണ് യേശുവിൽ ചരിത്രം കണ്ടത്. യേശുവിൽ വിശ്വസിക്കുകയെന്നാൽ മനുഷ്യനിലേക്ക് ഇറങ്ങിവന്ന് മനുഷ്യന് പുത്രത്വം നൽകുന്ന ദൈവത്തിൽ വിശ്വസിക്കുക എന്നർഥം. സ്വപുത്രനെ നൽകി ലോകത്തെ



സ്നേഹിച്ചു എന്നതിലാണ് ദൈവസ്നേഹത്തിന്റെ അനന്യതയും മഹനീയതയും. അത് പുത്രനിൽ വിശ്വസിക്കുന്നവർക്ക് നിത്യജീവൻ ഉണ്ടാകേണ്ടതിനാണ്. നിത്യജീവൻ ദൈവികജീവനിലുള്ള പങ്കാളിത്തമാണ്. പുത്രനിലൂടെ ലഭിക്കുന്ന പുത്രത്വമാണ് നിത്യജീവൻ.

ജന്മംകൊണ്ടും കർമംകൊണ്ടും മനുഷ്യൻ പാപിയാണെന്നുള്ളതാണ് ക്രിസ്തീയ വിശ്വാസത്തിന്റെ അടിസ്ഥാന പ്രമാണം. രക്ഷ പാപത്തിൽനിന്നുള്ള മോചനമാണ്. യേശു രക്ഷകനാണെന്ന് വിശ്വസിക്കുന്നവൻ ശിക്ഷയ്ക്ക് വിധിക്കപ്പെടുന്നില്ല. എന്തെന്നാൽ, ' ആകാശത്തിന് കീഴെ മനുഷ്യരുടെ ഇടയിൽ നമുക്ക് രക്ഷയ്ക്ക് വേണ്ടി മറ്റൊരു നാമവും നൽകപ്പെട്ടിട്ടില്ല' (അപ്പ.4:12). ആകയാൽ ഇപ്പോൾ യേശുക്രിസ്തുവിനോട് ഐക്യപ്പെട്ടിരിക്കുന്നവർക്ക് ശിക്ഷാവിധിയില്ല. എന്തെന്നാൽ യേശുക്രിസ്തുവിലുള്ള ജീവാത്മാവിന്റെ നിയമം നിന്നെ പാപത്തിന്റെയും മരണത്തിന്റെയും നിയമത്തിൽനിന്ന് സ്വതന്ത്രനാക്കിയിരിക്കുന്നു. മനുഷ്യന്റെ യോഗ്യതകൊണ്ട് സമ്പാദിക്കാവുന്ന ഒന്നല്ല രക്ഷ. മനുഷ്യന് സ്വാഭാവികമായി അർഹിക്കുന്നത് ശിക്ഷയാണ്. പാപമാണ് മനുഷ്യനെ ശിക്ഷയുടെ അവകാശിയാക്കിയത്. 'പാപത്തിന്റെ ശമ്പളം മരണമാണ്' (റോമാ 6:23). യേശുക്രിസ്തുവിലൂടെ നൽകപ്പെട്ട ദാനമാണ് രക്ഷ. അത് യേശുവിൽ വിശ്വസിക്കുന്നവർക്കുള്ളതാണ്. ഏകജാതനിൽ വിശ്വസിക്കുക എന്നത് സ്വീകാര്യതയുടെ സ്പഷ്ടമായ അടയാളമാണ്. വിശ്വാസത്തിന്റെ ഫലം രക്ഷയും അവിശ്വാസത്തിന്റെ ഫലം ശിക്ഷയുമാണ്.

●

## നേർക്കാഴ്ച

ജെ. സി.




# എഫ്.സി.ആർ.എ നിയമ ഭേദഗതി ബിൽ ആശങ്കകൾ

> ന്യൂനപക്ഷ സമുദായങ്ങളോട് കേന്ദ്രസർക്കാർ പുലർത്തിവരുന്ന അസഹിഷ്ണുതാ മനോഭാവം മുൻനിർത്തി ദേശീയ സുരക്ഷയുടെയും ഭീകരവാദത്തിന്റെയും മറവിൽ ഈ നിയമം ദുരുപയോഗം ചെയ്യപ്പെടാനുള്ള സാധ്യതയും ബില്ലിനെതിരെ ശബ്ദമുയർത്തുന്നവർ എടുത്തുകാട്ടുന്നു.

വിദേശ സംഭാവന നിയന്ത്രണ ആക്ട് (FCRA Act) രാജ്യവ്യാപകമായി സന്നദ്ധ മേഖലയിൽ പല തരത്തിലുള്ള ആശങ്കകൾ ഉയർന്നുവരികയാണ്. ബിൽ സന്നദ്ധ സേവകരുടെ കൈകൾ വരിഞ്ഞുമുറുക്കുന്നതാണെന്നാണ് ആരോപണം. ഒരു സ്ഥാപനത്തിന്റെ എഫ്.സി.ആർ.എ ലൈസൻസ് റദ്ദാക്കപ്പെടുകയോ വച്ചൊഴികയോ കാലഹരണപ്പെടുകയോ ചെയ്താൽ വിദേശ സംഭാവന ഉപയോഗിച്ച് ആർജിച്ച ആസ്തികൾ കേന്ദ്രസർക്കാരിന് സ്ഥിരമായി ഏറ്റെടുക്കാനുള്ള വ്യവസ്ഥയാണ് ആശങ്കകൾക്ക് അടിസ്ഥാനം. നിശ്ചിത സമയപരിധിക്കുള്ളിൽ എഫ്.സി.ആർ.എ ലൈസൻസ് പുതുക്കി ലഭിക്കാതിരിക്കുകയോ റദ്ദായ ലൈസൻസ് പുനഃസ്ഥാപിക്കപ്പെടാതിരിക്കുകയോ ചെയ്താൽ ആസ്തികൾ സ്ഥിരമായി ഏറ്റെടുക്കൽ മാത്രമല്ല വേണ്ടിവന്നാൽ വിൽക്കാനും സർക്കാരിനു കഴിയും. വിദേശ സംഭാവന ഉപയോഗിച്ച് ഭാഗികമായി നിർമിച്ച ആസ്തികൾപോലും സർക്കാരിന് ഏറ്റെടുക്കാമെന്നത് ആശങ്ക വർധിപ്പിക്കുന്നു. ഇത്തരം സാഹചര്യങ്ങളിൽ ആസ്തികൾ താൽക്കാലികമായി ഏറ്റെടുക്കാനും പ്രവർത്തിപ്പിക്കാനും മാത്രമാണ് നിലവിലെ നിയമത്തിൽ അധികാരമുള്ളത്. ലൈസൻസ് പുനഃസ്ഥാപിക്കുമ്പോൾ ആസ്തികൾ തിരികെ നൽകണമായിരുന്നു. ലൈസൻസ് പുതുക്കേണ്ട സർക്കാർതന്നെ നിശ്ചിത സമയപരിധിക്കുള്ളിൽ ലൈസൻസ് പുതുക്കാത്തതിന്റെ പേരിൽ ആസ്തികൾ സ്വന്തമാക്കുന്നതെങ്ങനെയെന്ന ചോദ്യവും ഉയരുന്നുണ്ട്.

വിദേശ സംഭാവന ഉപയോഗിച്ച് നിർബന്ധിത മതപരിവർത്തനം നടത്തുന്നവർ നടപടി നേരിടേണ്ടിവരുമെന്നാണ് ലോകസഭയിൽ ബിൽ അവതരിപ്പിച്ച ആഭ്യന്തരസഹമന്ത്രി നല്കിയ മുന്നറിയിപ്പ്. സർക്കാർ ഭരണഘടനയ്ക്ക് വിരുദ്ധമായ പ്രവർത്തനങ്ങൾ വച്ചുപൊറുപ്പിക്കില്ലെന്ന് പറഞ്ഞ അദ്ദേഹം വിദേശ സംഭാവന നിയന്ത്രണ ഭേദഗതി ബിൽ (എഫ്.സി.ആർ.എ) കഴിഞ്ഞ ദിവസം ലോകസഭയിൽ ചർച്ചക്കെടുക്കാതെ മാറ്റിവച്ചെങ്കിലും ഇതുസംബന്ധിച്ച ആശങ്കകൾ വർധിക്കുന്നതേയുള്ളൂ.

നിയമവിരുദ്ധമായ വിദേശ ഫണ്ടിങ് തടയുന്നതിനുള്ള സംവിധാനം ശക്തമാക്കാനാണ് ഭേദഗതിയെന്ന് സർക്കാർ വാദിക്കുമ്പോൾ സർക്കാരിതര സംഘടനകളെയും (എൻ.ജി.ഒ) മതസ്ഥാപനങ്ങളെയും തളർത്താനുള്ള നീക്കമാണിത് എന്ന് മറുവാദം. ക്രൈസ്തവരുടെതും മുസ്ലീംങ്ങളുടേതുമുൾപ്പെടെയുള്ള ഒട്ടേറെ നല്ല സ്ഥാപനങ്ങൾക്കെതിരെ ഈ വ്യവസ്ഥകൾ ദുരുപയോഗപ്പെടുത്താനുള്ള സാധ്യതയും ചൂണ്ടിക്കാണിക്കപ്പെടുന്നു. ന്യൂനപക്ഷ സമുദായങ്ങളോട് കേന്ദ്രസർക്കാർ പുലർത്തിവരുന്ന അസഹിഷ്ണുതാ മനോഭാവം മുൻനിർത്തി ദേശീയ സുരക്ഷയുടെയും ഭീകരവാദത്തിന്റെയും മറവിൽ ഈ നിയമം ദുരുപയോഗം ചെയ്യപ്പെടാനുള്ള സാധ്യതയും ബില്ലിനെതിരെ ശബ്ദമുയർത്തുന്നവർ എടുത്തുകാട്ടുന്നു. പ്രതിഷേധം കണക്കിലെടുത്ത് ബിൽ മാറ്റിവച്ചിട്ടേയുള്ളൂ, പിൻവലിച്ചിട്ടില്ല. എഫ്.സി.ആർ.ഐ സൗകര്യം പ്രയോജനപ്പെടുത്തുന്നവർ ഉൾപ്പെടെ വിശദമായ ചർച്ച നടത്തി കുററമറ്റ ബിൽ കൊണ്ടുവരാൻ തയ്യാറാകുക എന്നതാണ് സർക്കാരിൽനിന്ന് പ്രതീക്ഷിക്കുന്ന ജനാധിപത്യപരമായ മര്യാദ.

•

## CSST
Carmelite Sisters of St. Teresa



ദൈവദാസി
# മദർ തെരേസ ഓഫ് സെയ്ന്റ് റോസ് ഓഫ് ലീമ




## വന്നു കാണുക...



St. Teresa's Provincial House
Attipetti Nagar,
Chempumukku,B.M.C.,
Post. Thrikkakara,Kochi, Kerala
Email :
csstkeralaprovince@gmail.com

Sr. Achal Grace CSST
PH: +91 81569 53898

ഞാൻ നിന്നെ പേരുചൊല്ലി വിളിച്ചിരിക്കുന്നു.
നീ എന്റേതാണ്.
ഏശയ്യാ 43 : 1

**ദൈവദാസി മദർ തെരേസ ഓഫ് സെൻറ് റോസ് ഓഫ് ലീമ സ്ഥാപിച്ച സി എസ് എസ് ടി സന്യാസ സഭ, വിശുദ്ധ അമ്മ ത്രേസ്യയുടെ ആധ്യാത്മികതയിൽ അധിഷ്ഠിതവും, വിശുദ്ധയോഹന്നാൻ ക്രൂസ്, കൊച്ചുത്രേസ്യ, ഈഡിത്ത് സ്റ്റെയിൻ എന്നീ വിശുദ്ധഗണത്തിന്റെ കർമ്മലിത്താ പാരമ്പര്യത്തിൽ വേരൂന്നിയതുമാണ്.**



വി. കൊച്ചുത്രേസ്യ
വി.യോഹന്നാൻ ക്രൂസ്
ആവിലായിലെ വി.അമ്മ ത്രേസ്യ

വിദ്യാഭ്യാസം,ആതുര സേവനം, വൃദ്ധസദനം, സാമൂഹിക സേവനം, അനാഥമന്ദിരം, ജയിൽ മിനിസ്ട്രി, വിശ്വാസ പരിശീലനം, കുടുംബ നവീകരണം എന്നിങ്ങനെയുള്ള അനേകം പ്രേഷിത ശുശ്രൂഷകൾ സി എസ് എസ് ടി സ്ഥാപക സിദ്ധിയുടെ (ക്യാരിസം) ബഹിഷ്സ്പുരണങ്ങളാണ്.




**138 വർഷങ്ങൾ പിന്നിടുന്ന ഈ കർമ്മല സഭയിലേക്ക് എസ്.എസ്.എൽ.സി, പ്ലസ്ടു, അഥവാ ഉന്നത ബിരുദങ്ങൾ പൂർത്തിയാക്കിയ യുവതികളെ സ്വാഗതം ചെയ്യുന്നു.**

Pub. Date: 01.05.2026
REGD. NO. KL/TV(S)266/2024-26 | RNI Registered No. 36056/81
Licenced to post without pre-payment KL/TV(S)/WPP/171/2024-26
JEEVANUM VELICHAVUM
Total Pages 44
Rs. 30/-




Printed and Published by Fr. Eugine H. Pereira the Archdiocese of Trivandrum, Printed at Jeevajyothi Offset Press Vellayambalam, TVM- 695003. Phone: 0471-2311620. Published at Trivandrum, Animation Centre, Vellayambalam - 695003
Editor: Fr. Vigil George